

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 91 • ലക്കം 06 • ഡിസംബർ 2018

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

## ഉള്ളടക്കം


സർക്കുലർ Prot. No. 1911/2018 .......... 05
സർക്കുലർ 18 Ch. 210-285 .......... 09
സർക്കുലർ 18 Ch. 211-286 .......... 14
കച്ചേരിക്കാര്യം .......... 20
പഞ്ചവത്സര അജപാലനപദ്ധതി .......... 25
പാസ്റ്ററൽ കൗൺസിൽ .......... 28
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി .......... 29
സന്ദേശനിലയം .......... 30
ചെറുപുഷ്പ മിഷൻലീഗ് .......... 31
ഫാമിലി അപ്പോസ്റ്റലേറ്റ് .......... 35
ജീവകാരുണ്യനിധി ട്രസ്റ്റ് .......... 37
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .......... 38
പ്രവാസി അപ്പോസ്റ്റലേറ്റ് .......... 44
യുവദീപ്തി .......... 46
ആവേമരിയ .......... 48
ഫ്രാൻസിസ്കൻ അല്മായസഭ .......... 50
ദലിത് കത്തോലിക്കാ മഹാജനസഭ .......... 52
ചാസ് .......... 54
കരിസ്മാറ്റിക് നവീകരണം .......... 60
ചാരിറ്റി വേൾഡ് ട്രസ്റ്റ് .......... 56
കെ.സി.എസ്.എൽ. .......... 62
ഡി.എഫ്.സി. .......... 64
ആത്മതാകേന്ദ്രം .......... 66
കേരളാ ലേബർ മൂവ്മെന്റ് .......... 68
കെയർ ഹോംസ് .......... 69
വിൻസെൻഷ്യൻ വേദി .......... 71
പൗരോഹിത്യ ആദ്ധ്യാത്മികത .......... 81
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 87
Engagements .......... 94



Annual Subscription: Rs. 120/-



Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Prot. No. 1911/2018

## സീറോ മലബാർ മിഷൻ വാരാചരണം (2019 ജനുവരി 6 – 12)

## സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയുടെ ദനഹാതിരുനാളായ 2019 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. ഈയവസരത്തിൽ മിഷൻവാരവുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദനഹാതിരുനാളിന്റെ വേളയിൽ സ്വയം വെളിപ്പെടുത്തികൊണ്ട് ഈശോ തന്റെ പ്രേഷിത ദൗത്യത്തിന് തുടക്കം കുറിക്കുകയാണല്ലോ ചെയ്തത്. പഥിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവിടുന്ന് സവിശേഷമായ സ്നേഹവും കാരുണ്യവും പുലർത്തിയിരുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സ്വയം വെളിപ്പെടുത്തിയ മിശിഹായുടെ മൗതികശരീരമായ തിരുസഭയും ഈ പ്രേഷിതദൗത്യത്തിൽ അനുസ്യൂതം പങ്കുചേരുന്നു. അതുകൊണ്ടാണ് ''സഭ സ്വഭാവത്താലെ പ്രേഷിതയാണ്'' (AG:2) എന്ന് വത്തിക്കാൻ കൗൺസിലിന്റെ ജനതകളിലേക്ക് എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നത്. പ്രേഷിത അവബോധവും ആവേശവും സ്വന്തമാക്കി നമ്മുടെ കഴിവും ജീവിതാന്തസുകളും സാഹചര്യങ്ങളുമനുസരിച്ച് സുവിശേഷ പ്രഘോഷണത്തിനും പ്രേഷിതപ്രവർത്തനത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ എല്ലാവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

ഈശോയുടെ മുഖം ഇന്ന് ലോകത്തിൽ പ്രകാശിതമാകുന്നത് നമ്മിൽ ഓരോരുത്തരിലൂടെയുമാണ്. ''നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോസ്:16/15)

ഈശോയുടെ ദനഹാതിരുനാളായ 2019 ജനുവരി 6 മുതൽ 12 വരെ സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. ഈയവസരത്തിൽ മിഷൻവാരവുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദനഹാതിരുനാളിന്റെ വേളയിൽ സ്വയം വെളിപ്പെടുത്തികൊണ്ട് ഈശോ തന്റെ പ്രേഷിത ദൗത്യത്തിന് തുടക്കം കുറിക്കുകയാണല്ലോ ചെയ്തത്. പതിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവിടുന്ന് സവിശേഷമായ സ്നേഹവും കാരുണ്യവും പുലർത്തിയിരുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സ്വയം വെളിപ്പെടുത്തിയ മിശിഹായുടെ മൗതികശരീരമായ തിരുസഭയും ഈ പ്രേഷിതദൗത്യത്തിൽ അനുസ്യൂതം പങ്കുചേരുന്നു. അതുകൊണ്ടാണ് ''സഭ സ്വഭാവത്താലെ പ്രേഷിതയാണ്'' (AG:2) എന്ന് വത്തിക്കാൻ കൗൺസിലിന്റെ ജനതകളിലേക്ക് എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നത്. പ്രേഷിത അവബോധവും ആവേശവും സ്വന്തമാക്കി നമ്മുടെ കഴിവും ജീവിതാന്തസുകളും സാഹചര്യങ്ങളുമനുസരിച്ച് സുവിശേഷ പ്രഘോഷണത്തിനും പ്രേഷിതപ്രവർത്തനത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ എല്ലാവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

ഈശോയുടെ മുഖം ഇന്ന് ലോകത്തിൽ പ്രകാശിതമാകുന്നത് നമ്മിൽ ഓരോരുത്തരിലൂടെയുമാണ്. ''നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോസ്:16/15) എന്നുള്ള തമ്പുരാന്റെ ആഹ്വാനം പൂർത്തീകരിക്കപ്പെടേണ്ടിയിരിക്കുന്നു. തിന്മയുടെ ശക്തി പതിയിരുന്ന് സഭയെ ആക്രമിക്കാൻ പരിശ്രമിക്കുമ്പോൾ, ആത്മീയതയിൽ നമ്മൾ കൂടുതൽ ശക്തരാകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. കുടുംബങ്ങളെ ആത്മീയതയിൽ നയിക്കുവാനുള്ള മാതാപിതാക്കളുടെ കടമകൾ ഒരിക്കലും മറന്നുകൂടാ. നമ്മുടെ മുൻതലമുറക്കാർ കൈമാറി തന്ന വിശ്വാസവെളിച്ചത്തെ അണയാതെ കാക്കുവാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം. മാർത്തോമ്മാശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും ധീരതയും ഏതു പ്രതിസന്ധികളെയും മറികടക്കുവാൻ ശക്തിപകരുന്നുണ്ട്. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി അനുഭവിച്ചറിഞ്ഞ് ഈശോയുടെ സുവിശേഷം എത്തിപ്പെടാത്ത സ്ഥലങ്ങളിൽ മിശിഹായുടെ സുവിശേഷവുമായി കടന്നുചെല്ലുവാനുള്ള തീക്ഷ്ണത ഈ മിഷൻവാരാചരണത്തിലൂടെ നമ്മിൽ ഉജ്ജ്വലിപ്പിക്കാം. ആദിമക്രൈസ്തവരുടെ മാതൃക ഉൾക്കൊണ്ടുകൊണ്ട് എല്ലായിടത്തും എല്ലാവരുടെ ഇടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും സാധ്യമാക്കുവാനുള്ള നമ്മുടെ കടമയെ വിസ്മരിക്കാതിരിക്കാം. പ്രേഷിതപ്രവർത്തനം പലവിധത്തിലും നമുക്ക് നിറവേറ്റാം. ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം പങ്കുവയ്ക്കുവാനുള്ള കാര്യപരിപാടികൾ രൂപ


താതലത്തിലും ഇടവകതലത്തിലും എല്ലാ ഭക്തസംഘടനകളെയും കൂട്ടിയോജിപ്പിച്ച് ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് പ്രേഷിതവാരാചരണത്തെ കൂടുതൽ അർത്ഥമുള്ളതാക്കി തീർക്കുവാൻ സഹായിക്കും. നമ്മുടെ വിശ്വാസം ഫലംചൂടുന്നത് നമ്മുടെ പ്രേഷിതതീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്.

നമ്മുടെ സഭ ഭാരതത്തിന് അകത്തും പുറത്തുമായി ധാരാളം മിഷനറിമാരെ നൽകികൊണ്ട് പ്രവർത്തിക്കുന്നു. നമ്മുടെ സഭയ്ക്ക് ഇന്ത്യമുഴുവൻ അജപാലനശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അനുവാദം പരിശുദ്ധപിതാവ് നൽകിയിരിക്കുന്നതിന്റെ ഫലമായി രൂപംകൊണ്ട ഷംഷാബാദ്, ഹോസുർ രൂപതകൾ അജപാലന-സുവിശേഷപ്രഘോഷണാവകാശം മറ്റ് രൂപതകളോട് ചേർന്ന് പ്രായോഗികമാക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രേഷിതവാരാചരണ ദിവസങ്ങളിൽ പ്രത്യേകമായി നമുക്ക് അവരെ അനുസ്മരിക്കാം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും ഭംഗിയായി മുന്നോട്ടു പോകുവാൻ കാരണം നമ്മുടെ സഭയിലെ മിഷൻ തീക്ഷണതയാണ്. എല്ലാ മിഷനറിമാരെയും ഓർക്കേണ്ടതും അതോടൊപ്പം വിശ്വാസതീക്ഷണതയും ധൈര്യവുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതും ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനെ സഹായിക്കാനുമായി സീറോ-മലബാർ മിഷൻ എന്ന പേരിൽ ഒരു ഓഫീസ് കാക്കനാട് മൗണ്ട് സെൻറ് തോമസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അമ്പത്തിയൊന്ന് ലക്ഷത്തോളം വിശ്വാസികളുള്ള നമ്മുടെ സഭയുടെ 18 മിഷൻ രൂപതകളിലും മറ്റ്പ്രദേശങ്ങളിലും സേവനം ചെയ്യുവാൻവേണ്ട വൈദിക പരിശീലനം നേടിക്കൊണ്ടിരിക്കുന്ന 230 വൈദികവിദ്യാർത്ഥികളെയും 34 സന്യാസാർത്ഥിനികളെയും ഈ ഓഫീസ്വഴി സഹായിക്കുന്നുണ്ട്. കൂടാതെ, നമ്മുടെ മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണവും അതിനോട് ബന്ധപ്പെട്ടിട്ടുള്ള മറ്റ് ആവശ്യങ്ങളും സാധ്യമാക്കുന്നതിനായി മിഷൻ പ്രോജെക്ടുകളും നൽകുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും ഉദാരതയുമാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ നയിക്കുകയും ക്രിയാത്മകമായ സമീപനങ്ങൾ കാഴ്ചവയ്ക്കാൻ സഹായിക്കുകയും ചെയ്യുന്നത്. സഭയുടെ വളർച്ചയിലും മിഷൻപ്രവർത്തനത്തിലും വളരെ ശ്ലാഘനീയമായ കാര്യങ്ങൾ ഈ ഓഫീസുവഴി നിർവഹിക്കപ്പെടുന്നത് അഭിനന്ദനാർഹമാണ്. മിഷൻവാരാചരണത്തിലൂടെ സമാഹരിക്കുന്ന തുക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുന്നത്.

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ''നമുക്ക് അവനോടു കൂടെ പോയി മരിക്കാം'' (യോഹ. 11:16) എന്ന വാക്കുകൾ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആ വിശ്വാസവെളിച്ചത്തിൽ മിഷനെ അറിഞ്ഞും സ്നേഹിച്ചും മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിച്ചും മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചും കൂടാതെ സാമ്പത്തികമായി സഹായിച്ചും നമ്മൾ ശക്തരായിതീരട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം



**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള
മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന്
2018-ാം ആണ്ട് നവംബർ മാസം 5-ാം തീയതി നല്കപ്പെട്ടത്.

*NB:*

1. *2018 ഡിസംബർ 30-ാം തീയതി ഞായാഴ്ച വി. കുർബാന മദ്ധ്യേ സീറോ - മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.*
2. *ഓരോ ഇടവകയിലും, സ്ഥാപനത്തിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.*
3. *സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2019 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.*

## സർക്കുലർ

18 Ch. 210-285

# അജപാലന ശുശ്രൂഷയിലെ പഞ്ചശീലങ്ങൾ - അജപാലനദർശനവും അതിന്റെ പ്രായോഗികതയും

സഭയുടെ അജപാലന ശുശ്രൂഷയേയും അതിന്റെ അടിസ്ഥാന ആഭിമുഖ്യങ്ങളെയും അഞ്ചു കാര്യങ്ങളിലായി സംഗ്രഹിക്കാൻ സാധിക്കും. അജപാലന ശുശ്രൂഷയിൽ എക്കാലവും ശ്രദ്ധിക്കേണ്ട ശീലങ്ങളായിരിക്കണമവ. അഥവാ സഭയുടെ അജപാലനദർശനവും (VISION) അത് സാക്ഷാത്കരിക്കുന്നതിനുള്ള പ്രായോഗിക പദ്ധതികളുമാണ്.

**1. ത്രിവിധ ധർമ്മങ്ങൾ:** പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നുള്ള ഈശോമിശിഹായുടെ ത്രിവിധ ധർമ്മങ്ങൾ ലോകാവസാനം വരെ തുടരുക എന്നതാണ് സഭയുടെ ദൈവനിയോഗം.

മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവം ചെയ്ത കാര്യങ്ങൾ, രക്ഷകനായ മിശിഹാ തന്റെ പ്രബോധനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും ജീവിതത്തിലൂടെയും വെളിപ്പെടുത്തിയ സത്യങ്ങളാണ് സഭ പഠിപ്പിക്കേണ്ടത്. വിവിധ മാർഗ്ഗങ്ങളിലൂടെ സഭ ഇത് നിർവ്വഹിക്കുന്നു. എല്ലാ സഭാംഗങ്ങളും തങ്ങളുടെ വിളിക്കനുസരിച്ച് സഭയുടെ ഈ പ്രബോധനദൗത്യത്തിൽ പങ്കുചേരണം. കൈവയ്പു ശുശ്രൂഷയിലൂടെ ശ്ലീഹന്മാരുടെ പിൻഗാമികളായി സഭയെ നയിക്കുന്ന മെത്രാന്മാരുടെ അധികാരത്തിനു വിധേയപ്പെട്ടും മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചുമാണ് പ്രബോധനദൗത്യം നിർവ്വഹിക്കേണ്ടത്. ഇക്കാര്യത്തിൽ വൈദികരാണ് മെത്രാന്മാരുടെ ഏറ്റവും അടുത്ത സഹപ്രവർത്തകർ.

നയിക്കുക എന്നത്, എല്ലാവരെയും രക്ഷയുടെ പാതയിലൂടെ ദൈവസന്നിധിയിലെത്തിക്കുന്നതാണ്. ശരിയായ പരിശീലനവും ജീവിതദർശനവും നൽകി നയിക്കണം. ഈശോ ശിഷ്യന്മാരെ പരിശീലിപ്പിച്ച ശൈലിയാണ് നമുക്ക് ഉത്തമ മാതൃക. ഈശോയെ അനുധാവനം ചെയ്യാനും വഴിയും സത്യവും ജീവനുമായ മിശിഹായിലൂടെ പിതൃസന്നിധിയിലെത്താനും അജപാലനശുശ്രൂഷ സഹായകമാകണം. ഇടയനില്ലാത്ത ആടുകളെപ്പോലെ അജ്ഞതയിലും വഴിയറിയാതെയും അലയുന്നവർക്ക് ഗുരുനാഥയും വഴികാട്ടിയുമാണ് സഭ.

വിശുദ്ധീകരണത്തിനുവേണ്ടിയുള്ള ദൈവികമാർഗ്ഗമാണ് സഭയുടെ ആരാധനക്രമം. തിരുപ്പട്ടത്തിലൂടെ നിയോഗിക്കപ്പെടുന്ന പുരോഹിതരിലൂടെയാണ് സഭയിൽ വിശുദ്ധീകരണ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നത്. ഇക്കാര്യത്തിൽ പുരോഹിതർ കർത്താവിന്റെ ഉപകരണങ്ങളാണ്. ഈ മൂന്നു ദൗത്യങ്ങളും അവയുടെ സമഗ്രതയിൽ സാക്ഷാത്കരിക്കുന്നതാകണം സഭയുടെ വിവിധങ്ങളായ അജപാലന പ്രവർത്തനങ്ങൾ. അതിന് എല്ലാ സഭാമക്കളും സഭയോടൊത്ത് ചിന്തിക്കുകയും സഭയോടൊത്ത് ജീവിക്കുകയും സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരുകയും വേണം.

ഒരു രൂപതയിൽ സഭയുടെ ഈ മൂന്നു ധർമ്മങ്ങളുടെയും മുഖ്യ ഉത്തരവാദിത്വം രൂപതാദ്ധ്യക്ഷനായ മെത്രാനാണ്. വിവിധങ്ങളായ അജപാലനശുശ്രൂഷാ സംവിധാനങ്ങളിലൂടെയും എല്ലാവരുടെയും സഹകരണത്തോടെയും മെത്രാൻ ഇത് നിർവ്വഹിക്കുന്നു. ഓരോരുത്തരുടെയും വിളിയും ജീവിതാന്തസ്സും സാഹചര്യങ്ങളുമനുസരിച്ച് ഈ ദൗത്യനിർവ്വഹണത്തിൽ പങ്കാളികളാകാൻ എല്ലാ സഭാംഗങ്ങളും കടപ്പെട്ടിരിക്കുന്നു.

**2. ആരാധനാവത്സരത്തിനനുസൃതമായ അജപാലന ശുശ്രൂഷ**

രക്ഷകനായ മിശിഹാ തന്റെ ജീവിത-സഹന-മരണോത്ഥാനങ്ങളിലൂടെ സാധിച്ച മനുഷ്യരക്ഷ ലോകാവസാനം വരെയുള്ള എല്ലാ മനുഷ്യർക്കും സംലഭ്യമാക്കാൻ സഭയെ സ്ഥാപിക്കയും തന്റെ ശരീരവും രക്ഷയുടെ കൂദാശയുമായി അവളെ രൂപപ്പെടുത്തുകയും ചെയ്തു. സഭയുടെ ആരാധനക്രമത്തിൽ സവിശേഷമായി സന്നിഹിതനായിരുന്നുകൊണ്ട്, ഈശോമിശിഹാ തന്റെ രക്ഷാകര പ്രവർത്തനങ്ങൾ തുടരുകയും യോഗ്യതയോടെ പങ്കുചേരുന്നവർ അവവഴി വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. വിശ്വാസജീവിതതീർത്ഥാടനത്തിന്റെ വഴിത്താരയാണ് ആരാധനാവത്സരം. അതിനാൽ ഓരോ രൂപതയും അതാതു സഭയുടെ ആരാധനാവത്സരക്രമീകരണത്തിനനുസൃതമായി വാർഷികഅജപാലന പദ്ധതി തയ്യാറാക്കാൻ സഭ ഉദ്ബോധിപ്പിക്കുന്നു. സഭയോടൊത്തു ചിന്തിക്കാനും ജീവിക്കാനും സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരാനും ആരാധനാവത്സരം വിശ്വാസികളെ സഹായിക്കുന്നു. തന്മൂലം ആരാധനാവത്സരത്തെക്കുറിച്ച് ആഴമായ അറിവും അതിലെ ഓരോ കാലഘട്ടത്തിന്റെയും ചൈതന്യമനുസരിച്ച് ജീവിക്കാനും പ്രവർത്തിക്കാനും പ്രാർത്ഥിക്കാനുമുള്ള പരിശീലനവും വിശ്വാസികൾക്ക് നൽകേണ്ടതാണ്.

### 3. കൂട്ടുത്തരവാദിത്വത്തിൽ പ്രവർത്തിക്കുന്ന സഭാകുടുംബം

സഭ നമ്മുടെ കുടുംബമാണ്. ദൈവം പിതാവും സഭ മാതാവുമായിരിക്കുന്ന കുടുംബം. സഭയിലാണല്ലോ ദൈവമക്കളായി നമ്മൾ ജനിക്കുന്നതും വളരുന്നതും. ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേക്കാണ് ഓരോ വിശ്വാസിയും ചേർക്കപ്പെടുന്നത് (1 യോഹ. 1:1-4) എന്ന് യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. മിശിഹായിൽ വിശ്വസിക്കുന്ന നമ്മൾ ദൈവകുടുംബത്തിലെ അംഗങ്ങളും വിശുദ്ധരുടെ സഹപൗരരും ആണെന്ന് പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നു. ഇവയൊക്കെ വ്യക്തമാക്കുന്നത് സഭയാകുന്ന കുടുംബം ഒരേ സമയം സ്വർഗ്ഗീയവും ഭൗമികവുമാണെന്നാണ്. ഭൂമിയിലെ സഭയിൽ ദൈവവിളി അനുസരിച്ച് മൂന്നു വിഭാഗങ്ങളാണ് ഉള്ളത്. ഒന്ന്: തിരുപ്പട്ടം സ്വീകരിച്ചവർ; രണ്ട്: സന്ന്യസ്തർ; മൂന്ന്: അൽമായർ. ഈ മൂന്നു വിഭാഗങ്ങളും തങ്ങളുടെ വിളിക്കനുസരിച്ച് സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകണം. അജപാലനശുശ്രൂഷയിൽ കൂട്ടുത്തരവാദിത്വത്തോടെയാണ് പങ്കുചേരേണ്ടത്. ആശയരൂപീകരണത്തിലും തീരുമാനങ്ങളെടുക്കുന്നതിലും അവ നടപ്പിലാക്കുന്നതിലുമൊക്കെ കൂട്ടുത്തരവാദിത്വശൈലി രൂപപ്പെടണം. അതിന്റെ അഭാവം നിഷ്ക്രിയത്വത്തിലേക്കും നിസ്സംഗതയിലേക്കും ആളുകളെ ആനയിക്കും. ഈ മൂന്നു വിഭാഗങ്ങളും തമ്മിൽ നിഷ്കളങ്കവും ദൃഢവും സഭാത്മകവുമായ ബന്ധം പുലർത്തുകയും, ആദിമക്രൈസ്തവസമൂഹത്തെപ്പോലെ ഒരേ മനസ്സോടെ സഭാപ്രവർത്തനങ്ങളിൽ പങ്കുചേരുകയും വേണം. തിരുപ്പട്ടത്താൽ ഔദ്യോഗികമായി നിയോഗിക്കപ്പെട്ടിരിക്കുന്ന അജപാലകർ ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത്, തങ്ങൾക്കേൽപിക്കപ്പെട്ടിരിക്കുന്ന അജഗണങ്ങളെ അറിഞ്ഞ്, സ്നേഹിച്ച്, അനുധാവനം ചെയ്ത്, ദൈവപിതാവിന്റെ പിതൃസഹജമായ സ്നേഹപരിപാലനത്തോടും സഭാമാതാവിന്റെ മാതൃസഹജമായ സ്നേഹവാത്സല്യത്തോടുംകൂടി കുടുംബാരൂപിയിൽ അജപാലനശുശ്രൂഷ നിർവ്വഹിക്കണം. പത്രോസ്ശ്ലീഹാ ഉപദേശിക്കുന്നതുപോലെ ലോകത്തിന്റേതായ ശൈലിയിൽ ആധിപത്യം പുലർത്തുന്നതാകരുത് അജപാലനശുശ്രൂഷ.

### 4. അജപാലനശുശ്രൂഷയുടെ സഭൈക്യ, മതാന്തരമാനം

ലോകം മുഴുവനിലേക്കുമായി അയയ്ക്കപ്പെട്ടിരിക്കുന്ന സഭയുടെ പ്രേഷിതദൗത്യത്തിന് സാർവത്രികമാനമാണുള്ളത്. നിലവിലുള്ള വിശ്വാസി സമൂഹത്തിൽ ഒതുങ്ങിനിൽക്കുന്നതല്ലത്. 'ഈ തൊഴുത്തിൽപ്പെടാത്ത വേറെയും ആടുകൾ എനിക്കുണ്ട്, അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു, അവയും എന്റെ സ്വരം കേൾക്കും'

എന്ന ഈശോയുടെ വാക്കുകൾ അന്വർത്ഥമാക്കാനുള്ള ചുമതല അജപാലകർക്കുണ്ട്. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പും ആകാനുള്ള പരിധി കൽപിക്കാത്ത പ്രേഷിതദൗത്യമാണ് സഭയുടേത്. പല കാരണങ്ങളാൽ കത്തോലിക്കാസഭാ കൂട്ടായ്മയിൽനിന്ന് വേർപെട്ടുനിൽക്കുന്ന ക്രൈസ്തവ സഭാവിഭാഗങ്ങളുമായി ഈശോ ആഗ്രഹിച്ച ഐക്യം സാധിക്കുന്നതിനുവേണ്ടിയുള്ള സഭൈക്യ പ്രവർത്തനങ്ങളിലും അജപാലകർ ക്രിയാത്മകമായി പങ്കുചേരുകയും അതിനുള്ള വേദികൾ കണ്ടെത്തുകയും വേണം. സത്യവിശ്വാസത്തിന് കോട്ടം വരുത്താതെ, ജീവിതസാഹചര്യങ്ങളിൽ ഒരു എക്യുമെനിക്കൽ മനോഭാവം വളർത്താൻ വിശ്വാസികൾ ശരിയായ രീതിയിൽ പരിശീലിപ്പിക്കപ്പെടണം. അജപാലകർ തങ്ങൾക്കേൽപിക്കപ്പെട്ടിരിക്കുന്ന പ്രദേശത്ത്, സഭൈക്യപ്രവർത്തനങ്ങൾക്കും മതാന്തരബന്ധങ്ങൾക്കുമുള്ള എല്ലാ സാദ്ധ്യതകളും വിവേകത്തോടും ജാഗ്രതയോടുംകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ദൈവരാജ്യത്തിന്റെ സന്ദേശവാഹകരായി മിശിഹായ്ക്ക് സാക്ഷ്യം വഹിക്കണം.

### 5. അജപാലനപ്രവർത്തനങ്ങളുടെയും സംവിധാനങ്ങളുടെയും കാര്യക്ഷമത

സഭയിലെ എല്ലാ അജപാലന പ്രവർത്തനങ്ങളുടെയും അവയുടെ സംവിധാനങ്ങളുടെയും ആത്യന്തികലക്ഷ്യം ദൈവരാജ്യത്തിന്റെ പുളിമാവായി വിശ്വാസികൾ വർത്തിക്കയും ദൈവരാജ്യം പടുത്തുയർത്തുകയും ചെയ്യുക എന്നതാണ്. അതിനായി വ്യക്തി, കുടുംബം, കുടുംബക്കൂട്ടായ്മ, ഇടവക, ഫൊറോന, അതിരൂപതാതലങ്ങളിലെല്ലാം വിവിധങ്ങളായ പ്രവർത്തനങ്ങളും അവയ്ക്കുള്ള സംവിധാനങ്ങളുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആത്മീയ, ഭൗതികതലങ്ങളെല്ലാം ഇവ ഉൾക്കൊള്ളുന്നു. വിവിധങ്ങളായ സമിതികളും നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമെല്ലാം നമുക്കുണ്ട്. ഇവയൊക്കെ എത്രമാത്രം കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു എന്നതും ദൈവരാജ്യത്തിന്റെ രൂപീകരണം എത്രമാത്രം നടക്കുന്നു എന്നുതുമാണ് പ്രധാനപ്പെട്ടത്. ആളുകളുടെ പങ്കാളിത്തവും ഉത്തമനേതൃത്വവും സുപ്രധാനമാണ്. ഇവയെല്ലാം കാലാകാലങ്ങളിൽ വസ്തുനിഷ്ഠമായ പരിശോധനയ്ക്കും വിലയിരുത്തലുകൾക്കും മെച്ചപ്പെടുത്തലുകൾക്കും വിധേയമാക്കണം. ഏകാഗ്രതയും ഐക്യത്തോടെയുള്ള പ്രവർത്തനവും കാര്യക്ഷമതയ്ക്ക് അനിവാര്യമാണ്. സർവ്വോപരി തീക്ഷ്ണമായ പ്രാർത്ഥനയുടെ പിൻബലമാണ് പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാനുള്ള ശക്തി പകരുന്നത്.

മേൽപറഞ്ഞ പഞ്ചശീലങ്ങൾ അജപാലനശുശ്രൂഷയുടെ അടിസ്ഥാനകാഴ്ചപ്പാടും പ്രവർത്തനശൈലിയുമായി ഉൾക്കൊണ്ടും ആരാധനാവത്സരത്തിലെ വിവിധ കാലഘട്ടങ്ങളുടെ ചൈതന്യവും സന്ദേശവും ജീവിതത്തിൽ സ്വാംശീകരിച്ചും ദൈവാരാധന, വിശ്വാസപരിശീലനം, സാമൂഹികക്ഷേമം തുടങ്ങിയ വിവിധങ്ങളായ അജപാലനശുശ്രൂഷാമേഖലകളിൽ ഊന്നിയുമുള്ള തീവ്രമായ പഞ്ചവത്സര അജപാലന പദ്ധതിയാണ് നമ്മൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. മംഗലവാർത്തക്കാലത്തോടെ രണ്ടാം വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ വർഷം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ലഘുഗ്രന്ഥം തയ്യാറാക്കിയിട്ടുണ്ട്. എല്ലാവരും അവ സൂക്ഷ്മതയോടെ മനസ്സിലാക്കി രണ്ടാം വർഷം ഫലപ്രദമായി ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ അജപാലനപരമായ എല്ലാ പ്രവർത്തനങ്ങളിലും നമ്മുടെ കർത്താവിന്റെ കൃപ സമൃദ്ധമായി ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ സർക്കുലർ ഡിസംബർ 9-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ

18 Ch. 211-286

# രക്ഷാകരമായ ചിന്തകളും ആചരണവും മംഗളവാർത്തക്കാലത്ത്

സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

## 1. ആത്മീയാനന്ദം നൽകുന്ന ഓർമ്മയും ആചരണവും

ആനന്ദം പകരുന്ന ഒട്ടേറെ അനുസ്മരണകളുടെയും ആചരണങ്ങളുടെയും അവസരമാണ് മംഗളവാർത്തക്കാലം. ദൈവപുത്രൻ രക്ഷകനായി ഭൂമിയിൽ അവതരിച്ച സംഭവമാണ് മംഗളവാർത്തക്കാലത്തെ മുഖ്യവിഷയം. പറുദീസായിൽ ദൈവം വാഗ്ദാനം ചെയ്ത ലോക രക്ഷകൻ പരിശുദ്ധ കന്യകയായ മറിയത്തിൽനിന്ന് മാംസം ധരിച്ച് ബേത്‌ലെഹമിലെ ഒരു കാലിത്തൊഴുത്തിൽ മനുഷ്യനായി പിറന്നു എന്ന രക്ഷാകരസംഭവം സകല ജനതകൾക്കും സന്തോഷകരമായ ഒരു വാർത്തയായി മാലാകമാർതന്നെ ആട്ടിടയന്മാരെ അറിയിച്ചു. അവർ കാലിത്തൊഴുത്തിലെത്തി പുൽത്തൊട്ടിയിൽ കിടക്കുന്ന ഉണ്ണീശോയെ കണ്ട് സന്തോഷത്താൽ നിറഞ്ഞു. രക്ഷകന്റെ പിറവി ഗ്രഹിച്ച കിഴക്കുനിന്നെത്തിയ മൂന്നു ജ്ഞാനികൾ രാജത്വത്തെയും ദൈവത്വത്തെയും പൗരോഹിത്യത്തെയും സൂചിപ്പിക്കുന്ന സ്വർണ്ണം, കുന്തിരിക്കം, മീറ എന്നിവ രക്ഷകനു സമർപ്പിച്ച് സായൂജ്യമടഞ്ഞു. ദീർഘകാലമായി രക്ഷകനെ പ്രതീക്ഷിച്ച് പ്രാർത്ഥിച്ച് കാത്തിരുന്ന വയോധികരായ ശെമയോനും അന്നായും ദൈവാലയത്തിൽ കാഴ്ചവയ്പിനു കൊണ്ടുവന്ന ഉണ്ണീശോയെ കണ്ട് നിർവൃതിയടഞ്ഞു.

പ്രത്യാശയോടെ രക്ഷകനെ കാത്തിരുന്നവരും നിഷ്കളങ്കതയോടും എളിമയോടുംകൂടി ഈശോയിൽ വിശ്വാസമർപ്പിച്ചവരും രക്ഷകന്റെ ആഗമനത്തിൽ അനുഗ്രഹീതരായി. എന്നാൽ ഹേറോദേസിനെപ്പോലെയുള്ള കപടഹൃദയരും അധികാരമോഹികളും അസ്വസ്ഥ

രായി. രക്ഷകനെ സ്വീകരിക്കുന്നവർ ദൈവമക്കളുടേതായ സന്തോഷവും സ്വാതന്ത്ര്യവും അനുഭവിക്കും. തിരസ്കരിക്കുന്നവർ പാപത്തിന്റെ അടിമത്വത്തിലേക്കും നാശത്തിന്റെ അന്ധകാരത്തിലേക്കും തള്ളപ്പെടും.

## 2. തിരുക്കുടുംബം കുടുംബങ്ങൾക്ക് ഉത്തമമാതൃക

ദൈവപുത്രനെ റൂഹാദ്ക്കൂദശയാൽ ഗർഭം ധരിച്ച് ജന്മം നൽകിയ കന്യകയായ മറിയം അനുഗ്രഹീത മാതാവായി, കൃപനിറഞ്ഞവളായി, മനുഷ്യകുലത്തിനു മുഴുവൻ അഭിമാനപാത്രമായി. ഈശോയെയും മറിയത്തെയും പരിപാലിച്ചു സംരക്ഷിച്ച യൗസേപ്പ് തിരുക്കുടുംബത്തിന്റെ നാഥനായി, കുടുംബജീവിതക്കാർക്കു മുഴുവൻ മാതൃകാ കുടുംബനാഥനും സ്വർഗ്ഗീയ മദ്ധ്യസ്ഥനുമായി. ദൈവവചനത്തെ നമ്മൾ എപ്രകാരം സ്വീകരിക്കണമെന്നും, ദൈവഹിതമനുസരിച്ച് എങ്ങനെ കുടുംബജീവിത പ്രതിസന്ധികളെ അതിജീവിക്കാമെന്നും നസ്രസ്സിലെ തിരുക്കുടുംബം നമ്മെ പഠിപ്പിക്കുന്നു. ക്ലേശങ്ങളെയും സഹനങ്ങളെയും ശാപമായിക്കാണാതെ, അനുഗ്രഹമാക്കുന്നതെങ്ങനെയെന്നും തിരുക്കുടുംബത്തിന്റെ ജീവിതാനുഭവങ്ങൾ നമുക്കു വെളിച്ചം പകരുന്നു. അദ്ധ്വാനത്തിന്റെയും തൊഴിലിന്റെയും മാഹാത്മ്യവും അദ്ധ്വാനിക്കുന്നവരുടെ മഹത്വവും തിരുക്കുടുംബം ഉദ്ഘോഷിക്കുന്നു. അപ്രതീക്ഷിതവും അഗ്രാഹ്യവുമായ പ്രതിസന്ധികളുടെ നടുവിൽ നീതിയും സ്നേഹവും കൈവെടിയാതെ കുടുംബത്തിന്റെ ഭദ്രത സംരക്ഷിക്കാമെന്നതിനും തിരുക്കുടുംബം മാതൃകയാണ്.

## 3. വിശ്വാസത്തോടും പ്രാർത്ഥനയോടും കൂടിയ കാത്തിരിപ്പ്

മംഗളവാർത്തക്കാലം കാത്തിരിപ്പിന്റെയും ഒരുക്കത്തിന്റെയും ഉൽക്കൃഷ്ടമായ പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനുവേണ്ടി പ്രത്യാശയോടെ കാത്തിരുന്ന ഒരു ജനതയെയാണ് പഴയ നിയമത്തിൽ നമ്മൾ കാണുന്നത്. എത്രയോ തലമുറകൾ കടന്നുപോയെങ്കിലും ദൈവത്തിന്റെ വാഗ്ദാനത്തിൽ പ്രത്യാശയർപ്പിച്ച് അവർ കാത്തിരുന്നു. ദൈവവചനം പാഴായിപ്പോവുകയില്ലെന്നുള്ള ജനത്തിന്റെ അചഞ്ചലമായ വിശ്വാസം നാമിവിടെ ദർശിക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുള്ള കാത്തിരിപ്പിന്റെ വീരോചിത സാക്ഷ്യമാണ് പൂർവ്വപിതാവായ അബ്രാഹത്തിന്റെ ജീവിതം. അചഞ്ചലമായ വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥനയ്ക്ക് ദൈവം ഹന്നായ്ക്ക് നൽകിയ സമ്മാനമാണ് സാമുവേൽ എന്ന പുത്രൻ. അസാദ്ധ്യമായത് ദൈവത്തിനു സാധിക്കും എന്നു വിശ്വസിച്ചതിന്റെ ഏറ്റവും വലിയ മാതൃകയാണ് മിശിഹായുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം. വിശ്വാസത്തിലും പ്രത്യാശയിലും പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്നത് ഫലശൂന്യമാകു

കയില്ലെന്ന് രക്ഷകന്റെ വരവിനു വേണ്ടിയുള്ള പഴയനിയമ ജനതയുടെ കാത്തിരിപ്പ് വെളിപ്പെടുത്തുന്നു. ആ കാത്തിരിപ്പിന്റെ അവർണനീയവും പരമോൽക്കൃഷ്ടവുമായ ഫലമാണല്ലോ രക്ഷകനായ മിശിഹായുടെ മനുഷ്യാവതാരം. നിരാശരാകാതെ വിശ്വാസത്തോടെ പ്രാർത്ഥിച്ച് കാത്തിരിക്കാൻ മംഗളവാർത്തക്കാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

## 4. രക്ഷാകരവും തീവ്രവുമായ ഒരുക്കം

ചരിത്രത്തിന്റെതന്നെ കേന്ദ്രബിന്ദുവാണ് ഈശോമിശിഹായുടെ ജനനം; ദൈവപുത്രന്റെ മനുഷ്യാവതാരം. ഈ മഹാസംഭവത്തിനു വഴിയൊരുക്കിയത് ദൈവം തന്നെയാണ്. പ്രതികൂല സാഹചര്യങ്ങളെയും എതിർപ്പുകളെയും പ്രകൃതിനിയമങ്ങളെപ്പോലും അതിജീവിച്ചാണ് ദൈവം ഒരുക്കം നടത്തിയത്. താൻ സ്നേഹിച്ചു പരിപാലിച്ച ജനതയുടെ വിശ്വാസരാഹിത്യവും അനുസരണക്കേടും പാപജീവിതവും നിസ്സംഗതയുമെല്ലാം ഒരുക്കത്തിന്റെ വഴിയിലെ പ്രതിബന്ധങ്ങളായിരുന്നു. എങ്കിലും ക്ഷമയോടും കരുണയോടുംകൂടി വളഞ്ഞ വഴികളെ നേരെയാക്കിക്കൊണ്ട് ദൈവം നയിച്ചു. അങ്ങനെ ദൈവം തന്റെ വാഗ്ദാനം നിറവേറ്റി; രക്ഷകൻ പിറന്നു.

രക്ഷകനായ ഈശോ പിതാവേല്പിച്ച രക്ഷാകരദൗത്യം നിറവേറ്റാൻ ദീർഘവും തീവ്രവുമായ ഒരുക്കം നടത്തി. മുപ്പതാം വയസ്സിൽ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതുവരെ ഈശോയ്ക്ക് ഒരുക്കത്തിന്റെ നാളുകളായിരുന്നു. തന്റെ ദൗത്യത്തിനു ചേർന്ന ഒരുക്കമാണ് ഈശോ നടത്തിയത്. മനുഷ്യകുലത്തിന്റെ പാപത്തിനു പരിഹാരം ചെയ്ത് അവരെ രക്ഷിക്കുക എന്ന ദൗത്യം പൂർത്തിയാക്കാൻ പ്രായശ്ചിത്തത്തിന്റെ വഴിയിലൂടെയാണ് ഈശോ സഞ്ചരിച്ചത്. പാപപ്പരിഹാരത്തിന്റെ ആ പാത ആരംഭിക്കുന്നതും ബേത്‌ലെഹമിലെ കാലിത്തൊഴുത്തിലാണ്. പൈശാചികോപദേശം കേട്ട് ദൈവത്തെപ്പോലെയാകാൻ ദൈവകല്പന ലംഘിച്ച മനുഷ്യന്റെ പാപത്തിന് പരിഹാരമാകാൻ ദൈവപുത്രൻ മനുഷ്യപുത്രനായി; ഒന്നും ഇല്ലാത്തവനായും തിരസ്കരിക്കപ്പെട്ടവനായും കാലിത്തൊഴുത്തിൽ പിറന്നു. സർവ്വചരാചരങ്ങളും ആരാൽ സൃഷ്ടിക്കപ്പെട്ട് പരിപാലിക്കപ്പെടുന്നവോ, സർവ്വശക്തവും ജീവിക്കുന്നതുമായ ദൈവത്തിന്റെ ആ വചനം നിസ്സാരനും അറിയപ്പെടാത്തവനുമായ ഒരു മനുഷ്യശിശുവായി, ബാലനായി, യുവാവായി നസ്രസ്സിലെ കൊച്ചു കുടുംബത്തിൽ ജീവിച്ചു. 12-ാം വയസ്സിലെ സംഭവമൊഴിച്ചാൽ തികച്ചും അജ്ഞാതനായി 30-ാം വയസ്സുവരെ ലോകരക്ഷകൻ ഈ ലോകത്തിൽ ജീവിച്ചു. പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുകൊണ്ട് ഇക്കാലമത്രയും ഈശോ തന്റെ ദൗത്യനിർവ്വഹണത്തിന്റെ നിർണായക ഘട്ടത്തിനായി ഒരുങ്ങി.

ഓരോരുത്തരെയും സംബന്ധിച്ച ദൈവഹിതം അറിയാനും അത് വിശ്വസ്തതയോടെ നിറവേറ്റാനും എപ്രകാരം ഒരുങ്ങണമെന്നതിന് ഈശോയുടെ ഈ ഒരുക്കം നമുക്കു മാതൃകയാണ്.

മനുഷ്യരക്ഷയ്ക്കുവേണ്ടി പഴയ നിയമകാലത്തും പുതിയ നിയമകാലത്തും ദൈവം നടത്തിയ ഒരുക്കത്തിന്റേതായ ഈ രക്ഷാകര സംഭവങ്ങൾ മംഗളവാർത്താക്കാലത്ത് നമ്മുടെ ധ്യാനവിഷയവും ജീവിതത്തിന് മാർഗ്ഗദർശനവുമാണ്. ദൈവംതന്നെയായ ലോകരക്ഷകൻ ഒരു കുടുംബത്തിലെ അംഗമായി കുടുംബത്തിൽ ജീവിച്ച് മനുഷ്യരക്ഷ സാധിക്കാൻവേണ്ടി ഒരുങ്ങി എന്നത് കുടുംബത്തിന്റെ പ്രാധാന്യവും മഹത്ത്വവും വിളിച്ചറിയിക്കുന്നു. നല്ല കുടുംബങ്ങളിലൂടെ മനുഷ്യരക്ഷ എന്ന സന്ദേശവും അതു നൽകുന്നു. മാതാപിതാക്കളെ അനുസരിച്ച് അവർക്കു കീഴ്പ്പെട്ട് ഈശോ കുടുംബത്തിൽ ജീവിച്ചു എന്നത് മാതാപിതാക്കളും മക്കളും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തിനും ഉത്തമമാതൃകയാണ്.

## 5. മംഗളവാർത്തക്കാലവും മരിയവണക്കവും

മനുഷ്യാവതാരം ചെയ്ത രക്ഷകനോടൊപ്പം രക്ഷകന്റെ അമ്മയായ കന്യാമറിയവും സഭയിൽ അനുസ്മരിക്കപ്പെടുകയും വണങ്ങപ്പെടുകയും ചെയ്യുന്നു. ഈശോമിശിഹാ കഴിഞ്ഞാൽ സഭയിൽ ഏറ്റവും വലിയ വണക്കത്തിനു യോഗ്യയായവൾ പരി. കന്യാമറിയമാണ്. സീറോമലബാർ സഭയുടെ പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ മരിയ വണക്കത്തിന് വലിയ പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് മംഗളവാർത്തക്കാലമാണ് മരിയ സ്മരണയ്ക്കും വണക്കത്തിനും സവിശേഷ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്ന ആരാധനാവത്സരകാലഘട്ടം. മംഗളവാർത്തക്കാലത്ത് എല്ലാ ദിവസവുംതന്നെ ഈശോയൊടൊപ്പം മറിയവും സ്മരിക്കപ്പെടുന്നു. ഈശോയെ കയ്യിൽ വഹിക്കുന്ന മറിയത്തിന്റെ തിരുസ്വരൂപമാണ് തിരുസഭയുടെ പുരാതനപാരമ്പര്യത്തിൽ കാണപ്പെടുന്നത്. പൗരസ്ത്യപാരമ്പര്യത്തിൽ മറിയത്തിന്റെയും ഉണ്ണീശോയുടെയും ഒരുമിച്ചുള്ള ഐക്കൺ ചിത്രങ്ങളാണ് വണക്കത്തിനായി സ്ഥാപിക്കുന്നത്.

മംഗളവാർത്തക്കാലം മുഴുവൻ ഈശോയോടൊപ്പം മറിയവും സ്മരിക്കപ്പെടുന്നുണ്ടെങ്കിലും മറിയം പ്രത്യേകമായി വണങ്ങപ്പെടുന്ന ചില സംഭവങ്ങളും ദിനങ്ങളും മംഗളവാർത്തക്കാലത്തുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് ഡിസംബർ 8-ന് ആചരിക്കുന്ന മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ. സഭയിൽ വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതാണ് മറിയത്തിന്റെ അമലോത്ഭവം. മറ്റൊന്ന് ദൈവമാതൃ

ത്വത്തിരുനാളാണ്. ഈ വർഷം മംഗളവാർത്ത അഞ്ചാം വെള്ളിയാഴ്ച യാണത് (ജനുവരി 4). കൂടാതെ, മംഗളവാർത്ത നാലാം വെള്ളിയാഴ്ച (ഡിസംബർ 28) കുഞ്ഞിപ്പൈതങ്ങളുടെ ഓർമ്മയും അഞ്ചാം ഞായർ (ഡിസംബർ 30) തിരുക്കുടുംബത്തിന്റെ ഓർമ്മയും ആചരിക്കുന്നു.

വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്ക് സഹായകമായ ഭക്തികളെ സഭ പ്രോത്സാഹിപ്പിക്കുന്നു. അവയിൽ പ്രധാനപ്പെട്ടതാണ് മരിയ വണക്കം. ഭക്തിമുറകൾ ആരാധനക്രമാധിഷ്ഠിത ആദ്ധ്യാത്മികതയെ പരിപോഷിപ്പിക്കാൻ ഉതകുന്നതായിരിക്കണമെന്നാണ് സഭയുടെ പ്രബോധനം. ഓരോ സഭയുടെയും ആരാധനക്രമത്തിന് ചേർന്നവയായിരിക്കണം അവ. അതിനാൽ നമ്മുടെ സഭയുടെ ആരാധനാവത്സരക്രമീകരണത്തിൽ നിയമാനുസൃതം ഉൾപ്പെടുത്തിയിരിക്കുന്ന മരിയവണക്ക പാരമ്പര്യമാണ് നമ്മൾ പാലിക്കേണ്ടത്. അതനുസരിച്ച് മംഗളവാർത്തക്കാലമാണ് മരിയ വണക്കത്തിന് ഏറ്റവും ഉചിതം. അതാണ് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്. അതേസമയം മംഗളവാർത്തക്കാലത്തിന്റെ മുഖ്യപ്രമേയമായ മനുഷ്യാവതാര രഹസ്യത്തിന്റെ ആഘോഷത്തിനും ആചരണത്തിനുമുള്ള പ്രഥമ പ്രാധാന്യം കുറയാൻ പാടില്ല.

മംഗളവാർത്തക്കാലത്തെ മരിയസ്മരണയ്ക്കു പുറമേ, പതിനഞ്ച് നോമ്പാചരണത്തോടുകൂടി മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളും, എട്ടു നോമ്പാചരണത്തോടുകൂടി ജനനത്തിരുനാളും നമ്മുടെ സഭയിൽ മരിയ വണക്കത്തിന്റെ അവസരങ്ങളാണ്. കൂടാതെ ബുധനാഴ്ചകളിലും മറിയം സ്മരിക്കപ്പെടുന്നുണ്ട്. ഇപ്രകാരം ആരാധനാവത്സരാധിഷ്ഠിതമായി മരിയഭക്തി വളർത്താൻ നമുക്കു പരിശ്രമിക്കാം. ഈശോയിലേക്ക് കൂടുതലടുക്കാൻ അത് സഹായിക്കും.

## 6. മംഗളവാർത്തക്കാലവും ജീവകാരുണ്യസാക്ഷ്യവും

ദൈവം തന്റെ പുത്രനെ ലോകത്തിനു നൽകിയ സംഭവമാണല്ലോ മനുഷ്യാവതാരം. അത് ലോകത്തെ ദൈവരാജ്യമാക്കാനാണ്. മനുഷ്യകുടുംബത്തെ ദൈവകുടുംബമാക്കാൻ ദൈവകുടുംബത്തിലെ രണ്ടാമാളായ പുത്രൻ തമ്പുരാൻ മനുഷ്യകുടുംബത്തിലെത്തി. പുത്രൻ തന്നെത്തന്നെ മനുഷ്യരക്ഷയ്ക്കായി നൽകി. മനുഷ്യന് നിത്യവസതി ഒരുക്കാൻ വസതി ഇല്ലാത്തവനായി കാലിത്തൊഴുത്തിലെത്തി. മനുഷ്യനു വേണ്ടി സ്വയം ശൂന്യനാക്കിക്കൊണ്ടുള്ള ദൈവത്തിന്റെ അനന്തമായ പങ്കുവയ്ക്കൽ! നമുക്കുള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കണമെന്ന് ദൈവം തന്നെ ജീവിച്ചു പഠിപ്പിക്കുന്ന പാഠം. പാർപ്പിടമില്ലാത്തവരിലും രോഗികളിലും വിശക്കുന്നവരിലുമൊക്കെ

തന്നെ കാണണമെന്ന് ആഹ്വാനം ചെയ്ത ഈശോ അങ്ങനെയുള്ളവർക്ക് ചെയ്യുന്ന സഹായങ്ങൾ തനിക്കുതന്നെ ചെയ്തതായി സ്വീകരിച്ച് നിത്യ സമ്മാനം നൽകുമെന്ന് വെളിപ്പെടുത്തുകയായിരുന്നു.

കർത്താവിന്റെ ഈ ആഹ്വാനം പ്രാവർത്തികമാക്കാൻ പ്രേരിപ്പിക്കുന്നതാണ് മംഗളവാർത്തക്കാലത്തിന്റെ സന്ദേശം. പാർപ്പിടമില്ലാത്ത അനേകായിരങ്ങൾ നമ്മുടെയിടയിലുണ്ട്. 'വീടില്ലാത്തവർക്ക് വീട്' എന്നത് നമ്മുടെ അതിരൂപതയുടെ ഒരു ജീവകാരുണ്യ പദ്ധതിയാണ്. 'കുടിൽ രഹിത അതിരൂപത' എന്ന് ലക്ഷ്യത്തോടെ നമ്മൾ പരിശ്രമിക്കുകയാണ്. 'കളർ എ ഹോം' എന്ന പാർപ്പിടപദ്ധതി അതിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി കഴിഞ്ഞവർഷം 196 ഇടവകകളിൽ നിന്നായി സമാഹരിച്ച് 170 ലക്ഷം രൂപയും ഇതര സ്രോതസ്സുകളിൽ നിന്നു ലഭിച്ച തുകയും ഉപയോഗിച്ച് 157 പുതിയ ഭവനങ്ങൾ നിർമ്മിക്കാനും 63 വീടുകൾക്ക് സ്ഥലം നൽകാനും 343 വീടുകളുടെ പുനരുദ്ധാരണം നടത്താനും കഴിഞ്ഞു.

പ്രളയാനന്തര കുട്ടനാടിന്റെ പുനർനിർമ്മിതിക്കായുള്ള അതിരൂപതയുടെ പദ്ധതി കണക്കിലെടുത്ത് ഈ വർഷത്തെ ക്രിസ്മസ് ധനശേഖരണത്തിൽ പരമാവധി സഹകരിക്കുവാനും 'കളർ എ ഹോം' പദ്ധതി വിജയിപ്പിക്കാനും എല്ലാ ഇടവകകളോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ധനശേഖരണത്തോടൊപ്പം അതിരൂപതയിലെ എല്ലാ കുടുംബങ്ങളുടെയും വിവരശേഖരണവും നടത്തുന്നുണ്ട്. അതിലും എല്ലാവരും സഹകരിക്കണം. കുട്ടനാട്ടിലെ ഇടവകകൾ സമാഹരിക്കുന്ന തുക അതാത് ഇടവകകളിൽ ഭവനനിർമ്മാണത്തിനായും ഇതര ഇടവകകൾ സമാഹരിക്കുന്ന തുക, അവർ ദത്തെടുത്തിരിക്കുന്ന ഇടവകകൾക്കായും വിനിയോഗിക്കാവുന്നതാണ്.


മിശിഹായുടെ ജനനം നൽകുന്ന ലാളിത്യത്തിന്റെയും പങ്കുവയ്ക്കലിന്റെയും സന്ദേശം നോമ്പാചരണത്തിലൂടെയും സ്നേഹത്തിന്റെ വിനീത ശുശ്രൂഷകളിലൂടെയും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് അന്വർത്ഥമാക്കാൻ നമുക്ക് പരിശ്രമിക്കാം

സ്നേഹപൂർവ്വം,

**ആർച്ച്ബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഡിസംബർ 2-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാന മദ്ധ്യേ വായിക്കാനായി നല്കപ്പെട്ടത്.*




## I

### മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

1. മനുഷ്യാവതാരം ചെയ്ത രക്ഷകൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെങ്കിലും, തന്റെ ദൈവത്വം മറച്ചു വച്ച് മനുഷ്യത്വ ത്തിലാണ് ഈ ലോകത്തിൽ ജീവിച്ചതും രക്ഷാകർമ്മം നിർവഹി ച്ചതും. അതാണ് മംഗളവാർത്ത, ദനഹ, നോമ്പ്കാലങ്ങളിലെ മുഖ്യവിഷയം. ഈ രക്ഷാകരസംഭവങ്ങൾ വ്യക്തമായും ലളിത മായും അവതരിപ്പിക്കുന്നതാണ് മാർ തെയഡോറിന്റെ അനാഫൊറ. അതുകൊണ്ട് മംഗളവാർത്താക്കാലം മുതലുള്ള ഞായറാഴ്ചക ളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങ ളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.
2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐച്ഛികമായി അടയാളപ്പെടുത്തിയിട്ടു ണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.
3. നാലാം ഗ്ഹന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെ പ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

## II

### വിവാഹാഘോഷങ്ങൾക്ക് മുടക്ക്

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുപ്പിറവിക്കൊരുക്ക മായി നടത്തുന്ന ഇരുപത്തഞ്ചുനോമ്പിന്റെ കാലഘട്ടത്തിൽ (ഡിസംബർ 1 മുതൽ 24 വരെ) വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന് ബഹു. വൈദികർ പള്ളികളിൽ വിളിച്ചറിയിക്കേണ്ടതാണ്.

## III

### പ്രതിനിധിയോഗം

നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും പ്രതിനിധി യോഗത്തിന്റെ കാലാവധി 2019 മാർച്ച് 31 ന് അവസാനിക്കുന്നതിനാൽ പുതിയ പ്രതിനിധിയോഗം 2019 ഏപ്രിൽ 01 ന് പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. പള്ളിയോഗ നടപടിക്രമം ഭാഗം II, ഖണ്ഡം III -ൽ പറയുന്ന നിയമങ്ങൾക്കും സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പള്ളിയോ ഗനടപടിക്രമങ്ങൾക്കും അനുബന്ധമായുള്ള അതിരൂപതാ നിയമങ്ങൾ നമ്പർ 3, 3.1, 3.2, 3.3, 8.2, 8.3, 9.2.4, 10.1, 10.5 എന്നിവയുടെ അടിസ്ഥാ നത്തിലായിരിക്കണം പുതിയ പ്രതിനിധിയോഗം രൂപപ്പെടുത്തേണ്ടത്.

ഇവയ്ക്കു പുറമേ താഴെപറയുന്ന നിർദ്ദേശങ്ങൾകൂടി അതിരൂപതാ നിയമങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തേണ്ടതാണ്.

3.1. പ്രതിനിധിയോഗത്തിൽ ആകെ 10-ൽ കുറയാതെയും 60-ൽ കൂടാതെയും അംഗങ്ങൾ ഉണ്ടായിരിക്കണം. ആകെ പ്രതിനിധിയോഗാം ഗങ്ങളുടെ സംഖ്യ 200 വീടുകളിൽ താഴെയുള്ള പള്ളികളിൽ 20 നും 500 വീട്ടിൽ താഴെയുള്ള പള്ളികളിൽ 30 നും 1000 വീടുകളിൽ താഴെ യുള്ള പള്ളികളിൽ 40 നും 1500 ൽ താഴെയുള്ള പള്ളികളിൽ 50 നും 1500 നും മുകളിൽ വീടുകളുള്ള പള്ളികളിൽ 60 നും താഴെയുമായി രിക്കണം. കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പ്രതിനിധിയോഗം രൂപീകരിക്കണമെങ്കിൽ ആയതിന് അതിരൂപതാദ്ധ്യക്ഷന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

8.3.3. ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതി നിധികളിൽ പകുതി തെരഞ്ഞെടുപ്പു വർഷം ജനുവരി 1-ാം തീയതി 21 നും 45 നും ഇടയ്ക്കും, മറ്റെ പകുതി 45 നു മുകളിലും പ്രായമുള്ളവർ ആയിരിക്കണം. എന്നാൽ ഒരു വാർഡിലെ പ്രതിനിധികളുടെ എണ്ണം ഒറ്റസംഖ്യയായി വരികയാണെങ്കിൽ ഓരോ വയോവിഭാഗത്തിലേയ്ക്കും തുല്യമായി പ്രതിനിധികളെ നിശ്ചയിച്ചശേഷം അവശേഷിക്കുന്ന പ്രതിനിധിസ്ഥാനത്തേയ്ക്ക് ഏതെങ്കിലും വയോവിഭാഗത്തിൽ ഉൾപ്പെട്ട ആളിനെ യുക്തംപോലെ തെരഞ്ഞെടുക്കാവുന്നതാണ്. തുടർച്ചയായി രണ്ട് തവണയിലധികം ഒരേ ആളുകൾ തിരഞ്ഞെടുക്കപ്പെടുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഓരോ തവണയും 1/3 പുതുമുഖങ്ങ ളെങ്കിലും ഉണ്ടായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

8.3.7. ഇടവകയിലെ യുവജനങ്ങൾ ഒന്നുചേർന്ന് 30 വയസിൽ താഴെ പ്രായമുള്ള ഒരു യുവജനപ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതാണ്. സംഘടനകളുടെ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുന്നയാൾ SMYM അംഗമാണെങ്കിൽ മറ്റൊരു യുവജനപ്രതിനിധിയെ തിരഞ്ഞെടുക്കേ തില്ല.

9.2.4.1. പ്രതിനിധിയോഗത്തിലേയ്ക്കുള്ള അംഗങ്ങളെ തിരഞ്ഞെടു ക്കാൻ യോഗ്യതയുള്ള അതിരൂപതയിലെ അംഗീകരിക്കപ്പെട്ട സംഘട നകൾ

1. ചെറുപുഷ്പ മിഷൻലീഗ് (CML) 2. യുവദീപ്തി (SMYM) 3. മാതൃ വേദി 4. പിതൃവേദി 5. വയോജനവേദി 6. ലീജിയൻ ഓഫ് മേരി 7. ഫ്രാൻസിസ്കൻ മൂന്നാം സഭ 8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി 9. സോഷ്യൽ സർവീസ് സൊസൈറ്റി (CHASS) 10. കത്തോ ലിക്കാ കോൺഗ്രസ് (AKCC) 11. ആത്മത 12. ദളിത് കത്തോലിക്കാ മഹാജനസഭ (DCMS) 13. KLM 14. DFC 15. ജാഗ്രതാസമിതി

10.1.1. വാർഡുകളിൽ നിന്ന് / കൂട്ടായ്മകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെ ടുന്നവരിൽ 30% സ്ത്രീകൾ ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപ്ര കാരം സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലെങ്കിൽ ആ കുറവ് താഴെ പറയുന്ന രീതിയിൽ പരിഹരിക്കേണ്ടതാണ്. (കാണുക 10.1.2, 10.1.3)

പുതിയ പ്രതിനിധിയോഗത്തിന് അതിരൂപതാദ്ധ്യക്ഷന്റെ അംഗീകാരം ലഭിച്ച് രണ്ടാഴ്ചക്കകം അതിന്റെ പ്രഥമ സമ്മേളനം ബ. വികാരി വിളി ച്ചുകൂട്ടേണ്ടതാണ് (8.3.6). പ്രഥമയോഗത്തിൽ തന്നെ അടുത്ത സാമ്പ ത്തികവർഷത്തേയ്ക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്; നിലവിൽ കാലാവധി അവസാനിക്കുന്ന പ്രതിനിധിയോഗമല്ല പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടത്. പുതിയ പ്രതിനിധിയോഗം

നിലവിൽ വന്നതിനു ശേഷം ഏപ്രിൽ മാസം അവസാനിക്കുന്നതിനു മുൻപ് ബജറ്റ് തയ്യാറാക്കി പൊതുയോഗത്തിൽ അവതരിപ്പിച്ചാൽ മതിയാകും

## IV

## മൈലാപ്പൂരിലെ അത്ഭുത സ്ലീവായുടെ തിരുനാൾ ഡിസംബർ 18

ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണികൾ പുരാതനകാലംമുതൽ വണങ്ങിപ്പോന്നിരുന്ന മൈലാപ്പൂരിലെ അത്ഭുത സ്ലീവാ നമ്മുടെ സഭയിൽ പ്രധാനപ്പെട്ട ഒരു ആരാധനാ പ്രതീകമാണ്. അത്ഭുതസ്ലീവായുടെ തിരുനാളായ ഡിസംബർ 18-ന് നമ്മുടെ ദൈവാലയങ്ങളിലും കുടുംബങ്ങളിലും സ്ലീവാ പ്രത്യേകമായി അലങ്കരിച്ച് സ്ലീവായോടുള്ള ഭക്തിയും വണക്കവും പ്രകാശിപ്പിക്കുന്നത് ഉചിതമാണ്. അന്നേ ദിവസം വിശുദ്ധ കുർബാനയിൽ സ്ലീവാചുംബനം നടത്തുന്നതും സ്ലീവായെക്കുറിച്ച് സന്ദേശം നൽകുന്നതും നന്നായിരിക്കും.

## V

## ദൈവവിളി പ്രോത്സാഹന സെമിനാർ

ഈ വർഷത്തെ ദൈവവിളി ഏകദിന സെമിനാർ 2018 ഡിസംബർ 26 ബുധനാഴ്ച രാവിലെ 10:30 മുതൽ ഉച്ചകഴിഞ്ഞ് 3:30 വരെ ആൺകുട്ടികൾക്ക് കുറിച്ചി മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക് സന്ദേശനിലയത്തിലും നടത്തപ്പെടുന്നു. 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും മറ്റു ഡിഗ്രികോഴ്സുകൾ പഠിക്കുന്നവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. താത്പര്യമുള്ള കുട്ടികളെ വികാരിയച്ചന്മാർ പറഞ്ഞയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 70 രൂപ.

## VI

## ബൈബിൾ ഞായർ

2018 ഡിസംബർ 30 ബൈബിൾ ഞായർ ദിനത്തിലെ സ്തോത്രക്കാഴ്ച 2019 ജനുവരി 31 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## VII

## സീറോമലബാർ മിഷൻ വാരാചരണം

സീറോമലബാർ സഭാംഗങ്ങളുടെ പ്രേഷിത തീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിന് 2019 ജനുവരി 6 മുതൽ 12 വരെ പ്രേഷിത വാരമായി ആചരിക്കുന്നു. ജനുവരി 12-ാം തീയതി നടത്തുന്ന മിഷൻ പിരിവ് ജനുവരി 31 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## VIII

## കളർ എ ഹോം ക്രിസ്മസ് ധനശേഖരണം

ഈ വർഷത്തെ ക്രിസ്മസ് ധനശേഖരണം 'കളർ എ ഹോം' ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടിയുള്ളതാണ്. ആകെ ലഭിക്കുന്ന തുകയുടെ 40 ശതമാനവും തിരുത്തൽ വരുത്തിയ കുടുംബവിവര ഫാറങ്ങളും 2019 ജനുവരി 31 ന് മുമ്പായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണം.

IX

## നജുവിലെ പ്രതിഭാസങ്ങളും കത്തോലിക്കാസഭാ നിലപാടുകളും

ദക്ഷിണകൊറിയയിലെ നജുവിൽ ജൂലിയ യോണിനു ലഭിച്ച മരിയൻ ദർശനങ്ങൾ കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിച്ചവയല്ലെന്നും കത്തോലിക്കാ വിശ്വാസത്തിനു വിരുദ്ധമായ നിലപാടുകളെടുക്കുന്നതിനാൽ സ്വീകരിക്കുവാനാകില്ലെന്നും കൊറിയൻ കത്തോലിക്കാ മെത്രാൻ സമിതി ഭാരത കത്തോലിക്കാ മെത്രാൻ സമിതിയെ അറിയിച്ചിരിക്കുന്നു. സാമ്പത്തിക ലാഭം ലക്ഷ്യമാക്കി നജുവിൽ പ്രവർത്തിക്കുന്ന ഓററ്ററിയിൽ കൂദാശകളും കൂദാശാനുകരണങ്ങളും അനുഷ്ഠിക്കുന്നതിൽ നിന്നും പങ്കെടുക്കുന്നതിൽ നിന്നും എല്ലാ വൈദികരും സന്യസ്തരും അൽമായരും വിട്ടുനിൽക്കണമെന്നും 2008 ൽ കൊറിയയിലെ ക്വാങ്ജു അതിരൂപതാദ്ധ്യക്ഷൻ മുന്നറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. നജുവിലെ ജൂലിയ യോണുമായി ബന്ധപ്പെട്ട സംഭവവികാസങ്ങൾ പ്രചരിപ്പിക്കുതിൽനിന്നും കത്തോലിക്കാ വിശ്വാസികൾ മാറിനിൽക്കേണ്ടതാണ്. കത്തോലിക്കാ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചുപോയിരിക്കുന്ന വ്യക്തികളോടും കേന്ദ്രങ്ങളോടുമുള്ള സഹകരണം സഭയുടെ ഐക്യത്തെ തകർക്കുകയും കൂട്ടായ്മയെ ശിഥിലമാക്കുകയും ചെയ്യും. ഇത്തരം കേന്ദ്രങ്ങളിലേയ്ക്കുള്ള സന്ദർശനം എല്ലാ വിശ്വാസികളും ഒഴിവാക്കേണ്ടതാണെന്നും കൊറിയൻ കത്തോലിക്കാ മെത്രാൻ സമിതി ആവശ്യപ്പെടുന്നു.

X

## വൈദികരുടെ തുടർപരിശീലനം

യുവജനവർഷത്തോടനുബന്ധിച്ച് നമ്മുടെ വൈദികരുടെ തുടർപരിശീലനത്തിനായി നടത്തുന്ന പഠനപരിപാടി ഡിസംബർ 11,12 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുകയാണ്. 2007 മുതൽ 2018 വരെ പട്ടം സ്വീകരിച്ച എല്ലാ വൈദികരും ഡിസംബർ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9:30 നുതന്നെ എത്തിച്ചേരാനും 12-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ഒരു മണിവരെയുള്ള സമയം പൂർണ്ണമായും സന്നിഹിതരാകാനും ഈ ദിവസങ്ങളിലെ കുർബാനയും മറ്റു ശുശ്രൂഷകളും മുൻകൂട്ടി ക്രമീകരിച്ച് എത്തിച്ചേരാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ സാധിക്കുന്നിടത്തോളം വൈദികരെ അഭിവന്ദ്യ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് വ്യക്തിപരമായി കാണുന്നതാണ്.

## Programme

**2018 December 11 Tuesday**

| | | |
|---|---|---|
| 09:30 a.m. | : | Registration |
| 10:00 a.m. | : | Class “Youth Ministry” :<br>Rev. Fr Toby Kozhupakalm SJ |
| 01:00 p.m. | : | Lunch |
| 02:00 p.m. | : | Class Continues |
| 04:00 p.m. | : | Coffee Break |
| 06:00 p.m. | : | Ramsa |
| 06:30 p.m. | : | Class: “Document on Harassment of Women in |

| | | |
|---|---|---|
| | | Work Places” Rev. Fr Mathew Chandrankunnel (Rector, St Alphonsa Shrine, Bharananganam) |
| 08:00 p.m. | : | Supper & Recreation |
| 09:00 p.m. | : | *Lelya*, Batch Sharing |

**2018 December 12 Wednesday**

| | | |
|---|---|---|
| 06:00 a.m. | : | Sapra & Meditation |
| 06:45 a.m. | : | Holy *Qurbana* - Archbishop Mar Joseph Perumthottam |
| 08:00 a.m. | : | Breakfast |
| 08:45 a.m. | : | Interaction with Archbishop |
| 10:00 a.m. | : | Class: “Youth & Faith” Rev. Dr Chacko Nadackaveli (Mary Matha Major Seminary, Thrissur) |
| 12:00 p.m. | : | General Sharing & Concluding Session: Bishop Thomas Tharayil |
| 01:00 p.m. | : | Lunch |

## ഡി.സി.എം.എസ്. മഹാസമ്മേളനം

പ്രിയ വികാരിയച്ചാ,

മതവിശ്വാസത്തിന്റെ പേരിൽ ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വിവേചനത്തിനെതിരെ പ്രതിഷേധിക്കുന്നതിനും ജസ്റ്റിസ് രംഗനാഥ മിശ്ര കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നതിനും ദളിത് ക്രൈസ്തവ കൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി 2018 ഡിസംബർ 7 ഉച്ചകഴിഞ്ഞ് 2 മണിക്ക് കോട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് ഡി.സി.എം.എസ്. മഹാസമ്മേളനം നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. ശ്രീ പ്രകാശ് അംബേദ്കർ (Ex M.P.) മുഖ്യാതിഥിയായിരിക്കുന്ന സമ്മേളനത്തിലും പ്രകടനത്തിലും അച്ചന്റെ ഇടവകയിൽ നിന്ന് ദളിത് കത്തോലിക്കാ അംഗങ്ങൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ, കൂട്ടായ്മ ഭാരവാഹികൾ, വിവിധ സംഘടനാ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിക്കുവാൻ ഉത്സാഹിക്കുമല്ലോ.ഇടവകയിൽനിന്നും പൊതുവായി വാഹനങ്ങൾ ക്രമീകരിച്ച് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതും നന്നായിരിക്കും. മുഴുവൻ ക്രൈസ്തവ സമൂഹത്തോടും കാട്ടുന്ന അവഗണനകൾക്കെതിരെയുള്ള പ്രതികരണമായി കണ്ട് ഈ പരിപാടിയോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈശോയിൽ സ്നേഹപൂർവ്വം

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

NB: *ഈ അറിയിപ്പ് 2018 ഡിസംബർ 2-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## പഞ്ചവത്സര അജപാലനപദ്ധതി - ദ്വിതീയ വർഷാചരണം

**രണ്ടാംവർഷം ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ:**

1. ആരാധനാവത്സരം തുടങ്ങുന്നതിന്റെ തലേന്ന് (ഡിസംബർ 1, ശനി) വൈകുന്നേരം ആഘോഷമായ റംശ, തിരിതെളിക്കൽ എന്നിവ നടത്തി ദ്വിതീയ വർഷത്തിന് ആരംഭം കുറിക്കുക.
2. ഇടവകതലത്തിൽ നിർവ്വാഹകസമിതി അംഗങ്ങൾ ഒരുമിച്ചുകൂടി ആദ്യത്തെ മുന്നു കാലങ്ങളിലെ എങ്കിലും (മംഗളവാർത്ത, ദനഹ, നോമ്പ്) നിർദ്ദേശങ്ങൾ ചർച്ചചെയ്ത് പ്രായോഗിക പദ്ധതി തയ്യാറാക്കുക. കഴിഞ്ഞവർഷം നല്കിയിരുന്ന നിർദ്ദേശങ്ങളുടെ തുടർച്ചയെന്നവണ്ണം വേണം ഈ വർഷം നല്കിയരിക്കുന്ന പ്രായോഗികനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേത്.
3. ഈ വർഷത്തെ പഠനവിഷയം (ദൈവവചനം: വി. പാരമ്പര്യവും വി. ഗ്രന്ഥവും) അതിരൂപതയിൽ നിന്നു നല്കുന്ന പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി കൂട്ടായ്മകളിലും സൺഡേസ്കൂളുകളിലും സംഘടനകളിലും സ്ഥാപനങ്ങളിലും ചർച്ചചെയ്തു പഠിക്കുക.
4. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി തയ്യാറാക്കുന്ന പഠനഗ്രന്ഥവും സത്യദർശനത്തിന്റെ വിവിധ ലക്കങ്ങളിലായി പ്രസിദ്ധീകരിക്കുന്ന പഠനസഹായിയും ഉപയോഗിച്ച് ആഴത്തിൽ പഠനം നടത്തുവാൻ ഇടവകകളിൽ താല്പര്യമുള്ള ഏതാനുംപേരെയെങ്കിലും പ്രോത്സാഹിപ്പിക്കുക. അവർക്ക് ഫൊറോനാതലത്തിൽ ക്ലാസ്സുകൾ, വർഷത്തിൽ ഏതാനും ദിവസങ്ങളിലെങ്കിലും, ക്രമീകരിക്കാൻ ഫൊറോനാ വൈദികസമിതികൾ ശ്രദ്ധിക്കുക.
5. കേരള കത്തോലിക്കാ മെത്രാൻ സമിതി നിർദ്ദേശിച്ചിരിക്കുന്ന ഡിസംബർ - ബൈബിൾ പാരായണമാസം അതിരൂപതാ ബൈബിൾ അപ്പോസ്തോലേറ്റിന്റെ നിർദ്ദേശങ്ങളോടു സഹകരിച്ച് സമുചിതമായി ആചരിക്കുക.
6. ഒരു വർഷം കൊ് ബൈബിൾ മുഴുവൻ വായിക്കാൻ ഇടവകയിലെ എല്ലാ കുടുംബങ്ങളെയും പ്രോത്സാഹിപ്പിക്കുക.

**പ്രായോഗിക നിർദ്ദേശങ്ങൾ (രണ്ടാംവർഷം)**

പഞ്ചവത്സര അജപാലനപദ്ധതിയുടെ ഏറ്റവും പ്രധാനഭാഗം പ്രത്യേക അജപാലനശ്രദ്ധ ആവശ്യമുള്ള മേഖലകൾ കേന്ദ്രീകരിച്ചുള്ള കർമ്മപദ്ധതികളാണല്ലോ. ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളുടെ ചൈതന്യത്തോടു ചേർന്നു പോകുന്ന രീതിയിലാണ് അജപാലനമേഖലകളെ ക്രമീകരിച്ചിരിക്കുന്നത്. മംഗളവാർത്ത, ദനഹാ, നോമ്പുകാലങ്ങളിൽ പ്രത്യേകപ്രാധാന്യത്തോടെ നടപ്പിലാക്കേ നിർദ്ദേശങ്ങൾ ഇതോടൊപ്പം നല്കിയിരിക്കുന്നു.

**മംഗളവാർത്തക്കാലം – കുടുംബം**

1. നസ്രത്ത് മീറ്റ്: ദൈവവചനം പ്രത്യകം പഠനവിഷയമായി സ്വീകരിച്ചിരിക്കുന്ന ഈ വർഷം ദൈവവചന സ്വീകരണത്തിന്റെ ആനന്ദം കുടുംബങ്ങളിൽ എത്തിക്കുന്നതിന് അതിരൂപതാ കുടുംബക്ഷേമകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന നസ്രത്ത് മീറ്റ് 2019 –ലെ ഉയിർപ്പുതിരുനാളിനു മുമ്പായി എല്ലാ ഇടവകകളിലും സംഘടിപ്പിക്കുക.
2. നസ്രാണി പാരമ്പര്യങ്ങളുടെ കൈമാറ്റം: കുടുംബങ്ങൾ നസ്രാണി പാരമ്പര്യങ്ങൾ വരുംതലമുറക്കു കൈമാറാനുള്ള വേദികളാകണം. ജനനം, പ്രാരംഭകൂദാശകളുടെ സ്വീകരണം, വിവാഹം, മരണം, തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ പാലിച്ചുപോന്നിരുന്ന നസ്രാണി പാരമ്പര്യങ്ങളെ പരിചയപ്പെടുത്തുന്ന പുസ്തകം അതിരൂപതാ കുടുംബക്ഷേമ കേന്ദ്രത്തിൽനിന്നും തയ്യാറാക്കി കുടുംബങ്ങളിൽ എത്തിക്കുക. പ്രസ്തുത പരമ്പരാഗത ആചാരങ്ങളിൽ അർത്ഥപൂർണ്ണമായവ പുനരുദ്ധരിക്കാനുള്ള പദ്ധതികൾ ഇടവകതല മാതൃ-പിതൃവേദികളുടെ നേതൃത്വത്തിൽ തയ്യാറാക്കുക.
3. പഠനവിഷയം – ദൈവവചനം: വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും എന്ന പഠനവിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ചകളും ക്ലാസ്സുകളും മത്സരപരിപാടികളും കൂട്ടായ്മ, ഇടവക, ഫൊറോന, അതിരൂപത തലങ്ങളിൽ നടത്തുക. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള പ്രമാണരേഖയുടെ പഠനത്തിന് പ്രത്യേകം പദ്ധതികൾ തയ്യാറാക്കുക.
4. ഏലീശ്വാ മീറ്റ്: ഗർഭിണികളെയും അവരുടെ ഭർത്താക്കന്മാരെയും ഒരുമിച്ചുകൂട്ടി അതിരൂപതാതലത്തിൽ സംഘടിപ്പിക്കുന്ന ഏലീശ്വാ മീറ്റ് – ക്ലാസ്സ്, പങ്കുവയ്ക്കൽ, പ്രാർത്ഥന – പരിപാടിയിൽ ബന്ധപ്പെട്ടവരെയെല്ലാം പങ്കെടുപ്പിക്കുക.
5. ഫെയ്ത്ത് ഫോറം: വിശ്വാസ സംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങളും സംശയങ്ങൾക്കു മറുപടികളും ലളിതവും ആകർഷകവുമായ രീതിയിൽ കുടുംബക്ഷേമകേന്ദ്രത്തിൽനിന്നും തയ്യാറാക്കി എല്ലാ ഭവനങ്ങളിലും എത്തിക്കുക. പി.ആർ.-ജാഗ്രതാവേദിയോട് സഹകരിച്ചുകൊ് ജാഗ്രതാ സായാഹ്നങ്ങൾ ഇടവകകളിൽ സംഘടിപ്പിക്കുക.

**ദനഹാക്കാലം – കൂട്ടായ്മ**

1. പഞ്ചവത്സര അജപാലനപദ്ധതിയുടെ ദ്വിതീയ വർഷത്തിലെ പഠനവിഷയവും ഇതര കാലികപ്രസക്തിയുള്ള വിഷയങ്ങളും സംബന്ധിച്ച് സത്യദർശനത്തിൽ ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന പഠനസഹായി ഉപയോഗപ്പെടുത്തി കുടുംബക്കൂട്ടായ്കളിൽ പ്രബോധനങ്ങളും ചർച്ചകളും നടത്തുക.
2. ഇടവകയിലെ കുടുംബപ്രശ്നങ്ങൾ, അതിർത്തിതർക്കങ്ങൾ എന്നിവയൊക്കെ പരിഹരിക്കാൻ പാരീഷ്കൗൺസിൽ, മതാധ്യാപകർ, കുടുംബകൂട്ടായ്മ ലീഡേഴ്സ് എന്നിവരിൽനിന്നു തിരഞ്ഞെടുത്തവരെ ചേർത്ത് ഒരു മധ്യസ്ഥടീം (അനുരഞ്ജന കമ്മിറ്റി) ഉാക്കി വേവിധം പ്രവർത്തനങ്ങൾ നടത്തുക. ലഹരിവിമുക്ത കൗൺസിലിംഗ് സംവിധാനം എല്ലാ ഫൊറോനകളിലും ആരംഭിക്കുക.
3. ഓരോ ഇടവകയിലും ഇടവകഡയറക്ടറി തയ്യാറാക്കുക
4. ഇടവകയിൽനിന്നും വ്യക്തികളെ തിരഞ്ഞെടുത്ത് ബൈബിൾ, ദൈവശാസ്ത്രം എന്നിവ പഠിപ്പിക്കാൻ ശ്രദ്ധിക്കുക. ഇവരുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ ശക്തിപ്പെടുത്തുക.

5. കത്തോലിക്കാവിശ്വാസത്തിന്റെ അനന്യതയും ശ്രേഷ്ഠതയും നമ്മുടെ ജനത്തെ പഠിപ്പിക്കുക. ഒപ്പം ഇടവകാതിർത്തിയിലുള്ള ഇതരമതസ്ഥരും അകത്തോലിക്കരുമായുള്ള ബന്ധം വളർത്തുന്നതിന് വിശേഷദിനങ്ങളോടനുബന്ധിച്ച് കൂട്ടായ്മകൾ സംഘടിപ്പിക്കുകയും സാമൂഹ്യവിഷയങ്ങളിൽ ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

**നോമ്പുകാലം – ആതുരസേവനം**

1. ഇടവകയിലുള്ള വൃദ്ധജനങ്ങളെയും ഭിന്നശേഷിക്കാരെയും കിടപ്പുരോഗികളെയും ആവശ്യാനുസരണം പാലിയേറ്റിവ് കെയർ സംവിധാനത്തിന്റെ നേതൃത്വത്തിൽ വീടുകളിലെത്തി പരിചരിക്കുക. യുവജനങ്ങൾക്കും കുട്ടികൾക്കും സൺഡേസ്കൂൾ-യുവദീപ്തി തലങ്ങളിൽ ഇത്തരം ആതുരശുശ്രൂഷ പ്രവർത്തനങ്ങൾ നിർബന്ധമാക്കുക.
2. ഇടവകയിലുള്ള വൃക്ക, കരൾ, ഹൃദയ രോഗികൾ, ക്യാൻസർ രോഗികൾ എന്നിവരുടെ ചികിത്സക്കും പരിചരണത്തിനും സാധ്യമാകുന്ന സഹായപദ്ധതികൾ ആവിഷ്കരിക്കുക. അത്തരത്തിൽ ബുദ്ധിമുട്ടുന്നവരുടെ മക്കളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കാനും സഹായിക്കാനുമുള്ള പദ്ധതികൾ ക്രമീകരിക്കുക.
3. ഈസ്റ്റർ, ക്രിസ്മസ്, മദർതെരേസ ദിനങ്ങളോടനുബന്ധിച്ച് പ്രത്യേക കെയർഹോം സന്ദർശക-സഹായ വാരാചരണ കർമ്മപരിപാടികൾ ഇടവകതലത്തിൽ ക്രമീകരിക്കുക. ആശുപത്രികൾ, കെയർ ഹോമുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ ഭക്ഷണവിതരണം നടത്തുക.
4. കെയർഹോമുകളുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ കെയർഹോം സപ്പോർട്ടേഴ്സ് ഗ്രൂപ്പുകൾ ഇടവകതലങ്ങളിൽ ആവിഷ്കരിക്കുക.
5. വിവിധ രോഗങ്ങളെക്കുറിച്ച് അറിവും ആവശ്യമായ ചികിത്സയും നല്കുവാൻ മെഡിക്കൽ സെമിനാറുകളും ക്യാമ്പുകളും ഇടവകതലത്തിൽ ക്രമീകരിക്കുക.

**നോമ്പുകാലം – സാമൂഹികക്ഷേമം**

1. പ്രളയാനന്തര കാലഘട്ടത്തിൽ കുട്ടനാട്ടിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ, പുനർനിർമ്മാണം എന്നിവക്കു മുൻഗണനനല്കുന്ന കർമ്മപദ്ധതി എല്ലാ ഇടവകകളും നടപ്പാക്കുക.
2. ശാസ്ത്രീയമായ രീതിയുലുള്ള ടോയ്‌ലറ്റ് നിർമ്മാണം, കുടിവെള്ളപദ്ധതി, മാലിന്യനിർമാർജ്ജനം എന്നിവയ്ക്കു സാങ്കേതിക സാമ്പത്തിക സഹായം നല്കുന്നതിനു ചാസിന്റെ സഹകരണത്തോടെ ഇടവകയിൽ പദ്ധതികൾ തയ്യാറാക്കുക.
3. പ്രാദേശികവികസന പരിപാടികളിലും സാംസ്കാരികപരിപാടികളിലും പങ്കുചേർന്നുകൊ് അക്രൈസ്തവരുടെ ഇടയിൽ സുവിശേഷസാക്ഷ്യം നല്കാനും നല്ല സാമൂഹ്യബന്ധങ്ങൾ പുലർത്താനും അല്മായർ ശ്രദ്ധിക്കുക.
4. കെയർ എ ഫാമിലി പദ്ധതിപ്രകാരം പരമാവധി ദാതാക്കളെ ഇടവകതലത്തിൽ കത്തെുകയും അർഹതയുള്ള കുടുംബങ്ങളെ സഹായിക്കാൻ സ്വയംതൊഴിൽ വരുമാന പദ്ധതി നടപ്പാക്കുകയും ചെയ്യുക.
5. ആശാകിരണം പദ്ധതിയിൽ സാധുക്കളായ കാൻസർ രോഗികൾക്കു മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കുക.





പ്രിയരേ,

എല്ലാവർക്കും ക്രിസ്മസിൻെറ മംഗളങ്ങൾ നേരുന്നു!

**പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗ്**

പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് 2018 ഡിസംബർ 12-ാം തീയതി ബുധനാഴ്ച 6:30 പി.എം.ന് ആർച്ചുബിഷപ്പ് ഹൗസിലെ സെമിനാർ ഹാളിൽ നടക്കുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സഹായമെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവും സംബന്ധിക്കുന്നതാണ്. എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും ഈ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളനം**

2018 നവംബർ 17-ാം തീയതി നിശ്ചയിച്ചിരുന്ന പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളനം അപ്രതീക്ഷിതമായുണ്ടായ ഹർത്താൽമൂലം മാറ്റിവയ്ക്കേണ്ടതായിവന്നു. അംഗങ്ങൾക്കുണ്ടായ ബുദ്ധിമുട്ടിൽ ഖേദിക്കുന്നു. അടുത്ത പൊതുസമ്മേളനം 2019 ജനുവരി 19-ാം തീയതി രാവിലെ 10 മുതൽ 1 മണി വരെ ചങ്ങനാശേരി എസ്.ബി. കോളജിലെ മോൺ. കല്ലറയ്ക്കൽ ഹാളിൽ (അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്) നടക്കുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത യോഗം ഉദ്ഘാടനം ചെയ്യും.

**സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടുന്ന/ചർച്ച ചെയ്യുന്ന വിഷയങ്ങൾ:**

1. **സഭാവബോധവും സമുദായബോധവും:** മാർ തോമസ് തറയിൽ
2. **സി.ബി.സി.ഐ. ദലിത് ശാക്തീകരണ നയരേഖ:** റവ. ഫാ. ഷാജ്കുമാർ (കെ.സി.ബി.സി. എസ്.സി/എസ്.ടി./ബി.സി കമ്മീഷൻ സെക്രട്ടറി)
3. **Open Skill Acquisition Programme in Parishes :** ഡോ. പി.സി. അനിയൻകുഞ്ഞ് **(OSAP)**

എല്ലാ അംഗങ്ങളേയും സമ്മേളനത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

സി.ബി.സി.ഐ. ഓഫീസ് ഫോർ ഡയലോഗ് ആന്റ് എക്യുമെനിസം സെക്രട്ടറിയായി നിയമിതനായ ഡോ. ചെറിയാൻ കറുകപ്പറമ്പിലച്ചന് അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ!



## അതിരൂപതാതല ഉദ്യോഗസ്ഥ സംഗമം.

ചങ്ങനാശേരി അതിരൂപതാംഗങ്ങളായ സർക്കാർ ഉദ്യോഗസ്ഥരെ കാണുന്നതിനും അവരോട് സംവദിക്കുന്നതിനും അഭി. പിതാക്കന്മാർ ആഗ്രഹിക്കുന്നു. അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിലാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. അധ്യാപകരെയും ബാങ്കിംഗ് മേഖലയിലുള്ളവരെയും ഒഴിവാക്കിയുള്ള അതിരൂപതാംഗങ്ങളായ സർക്കാർ ഉദ്യോഗസ്ഥരുടെ പേരും, അഡ്രസ്സ് പിൻകോഡ് സഹിതം ഫോൺ നമ്പരും, ജോലി ചെയ്യുന്ന ഡിപ്പാർട്ട്മെന്റും ഇതരവിവരങ്ങളും ഇടവക തലത്തിൽ നിന്നും ശേഖരിക്കുന്നതിന് ബഹു വികാരിയച്ചന്മാർ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഫോറം അതിരൂപതാ വെബ്സൈറ്റിൽ ലഭ്യമാണ്. ലഭ്യമാകുന്ന വിവരങ്ങൾ 2018 ഡിസംബർ 31 ന് മുമ്പായി അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാ സമിതി ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

## പി.പി.എഫ്.എ. അംഗങ്ങൾ അറിയുവാൻ

2018-ൽ നമ്മിൽനിന്നും നിത്യസമ്മാനത്തിനു വിളിക്കപ്പെട്ട

ഫാ. സഖറിയാസ് ചൂരക്കാട്ട്
ഫാ. ജോർജ്ജ് സ്രാമ്പിക്കൽ
ഫാ. ജോർജ്ജ് കളം
ഫാ. മാത്യു പത്തിപ്പറമ്പിൽ
ഫാ. തോമസ് കണ്ണംപള്ളി

എന്നീ വൈദികർക്കുവേണ്ടി എല്ലാവരും ഓരോ കുർബാന അർപ്പിക്കേണ്ടതാണ്.

* 2018-ലെ മെഡിക്കൽ ബില്ലുകൾ ഡിസംബർ 20-ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
* പി.പി.എ.ഫ്.എ. യ്ക്ക് വേണ്ടിയുള്ള 24 കുർബാനകൾ, ബൈനേഷൻ എന്നിവ ഇനിയും നൽകിയിട്ടില്ലാത്തവർ ഡിസംബർ 20-ന് മുമ്പ് അതിരൂപതാ ഓഫീസിൽ അറിയിക്കണം.

**സെക്രട്ടറി**
*പി.പി.എഫ്.എ.*

ഈശോയിൽ സ്നേഹമുള്ളവരേ,

ലോകരക്ഷകനായ ഈശോയുടെ പിറവിതിരുനാളിന് ഒരുക്കമായ 25 നോമ്പിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. പ്രാർത്ഥനയുടെയും, സ്നേഹത്തിന്റെയും, പങ്കുവയ്ക്കലിന്റെയും ദിനങ്ങളായി നമുക്ക് ഈ ദിനങ്ങളെ മാറ്റാം. ആ ഒരു ആത്മീയ ചൈതന്യത്തിൽ നമ്മുടെ മതബോധന പ്രവർത്തനങ്ങളും കോർത്തിണക്കപ്പെടട്ടെ. അതിരൂപതയുടെ പഞ്ചവത്സര അജപാലന പദ്ധതിയോട് ചേർന്ന് പുതിയ ആരാധനാ വത്സരത്തിൽ ദൈവവചനത്തെക്കുറിച്ച് കൂടുതലായി പഠിക്കാം, ചിന്തിക്കാം. അതനുസരിച്ച് ജീവിക്കുവാനും പരിശ്രമിക്കാം. മരിയ ഭക്തിക്ക് ഏറ്റവും ഉചിതമായ ഈ മംഗളവാർത്താക്കാലത്തിൽ, പരി. അമ്മയുടെ മാധ്യസ്ഥം നമുക്ക് പ്രത്യേകം യാചിക്കാം. ഡിസംബർ ജനുവരി മാസങ്ങളിൽ നടത്തപ്പെടുന്ന ലഹരി വിമുക്ത കൗമാരം, ദനാറാ, തൽമീദാ, അതിരൂപതാ മതാധ്യാപക നേതൃസംഗമം എന്നീ പരിപാടികളിൽ പ്രത്യേകമായ സഹകരണം അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ ഒരു വർഷം ദൈവം നമുക്ക് നല്കിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാം. പുതുചൈതന്യത്തോടെ പുതുവർഷത്തെ വരവേൽക്കാം.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാളിന്റെയും, നമ്മുടെ കർത്താവീശോമിശിഹായുടെ ജനനതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## അറിയിപ്പുകൾ

**ഡിസംബർ**

| | | |
|---|---|---|
| 1 ശനി | : | **CLT** ക്ലാസ്സ്<br>ആഘോഷമായ റംശ<br>ഇരുപത്തഞ്ചു നോമ്പാരംഭം |
| 8 ശനി | : | **പ. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ**<br>(ഓഫീസ് അവധി) |
| 15 ശനി | : | **CLT** ക്ലാസ്സ്, **MCC** ക്ലാസ്സ്<br>വിശ്വാസപരിശീലകരുടെ ഏകദിന സെമിനാർ - അതിരമ്പുഴ ഫൊറോന |
| 18 ചൊവ്വ | : | മാർത്തോമ്മാശ്ലീവായുടെ തിരുനാൾ |
| 22 ശനി | : | **CLT** ക്ലാസ്സ്, വിശ്വാസപരിശീലകരുടെ ഏകദിന സെമിനാർ - ആലപ്പുഴ ഫൊറോന |
| 24 തിങ്കൾ | : | **ഓഫീസ് അവധി** |
| 25 ചൊവ്വ | : | **ക്രിസ്മസ്, കടമുള്ള ദിവസം, ഓഫീസ് അവധി** |
| 26 ബുധൻ | : | **ദനാറ 2018** (Talent Workshop) **3:30 ന് ആരംഭിക്കുന്നു** |
| 28 വെള്ളി | : | **കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ, ദനാറ സമാപനം** |

**2019 ജനുവരി**

| | | |
|---|---|---|
| 1 ചൊവ്വ | : | ഈശോയുടെ നാമകരണതിരുനാൾ |
| 2 ബുധൻ | : | **CLT** ക്ലാസ്സ്, **MCC** ക്ലാസ്സ് |
| 5 ശനി | : | **CLT** ക്ലാസ്സ്, ആഘോഷമായ റംശ |
| 6 ഞായർ | : | ദനഹാതിരുനാൾ |
| 11 വെള്ളി | : | **തൽമീദാ** 2019 (ക്യാമ്പുകളും ഏകദിനസെമിനാറുകളും, ധ്യാനങ്ങളും മറ്റും സംഘടിപ്പിക്കുവാനും ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുവാനും താല്പര്യമുള്ള വിശ്വാസ പരിശീലകരുടെ പരിശീലനം) ജനുവരി 11 വെള്ളിയാഴ്ച വൈകുന്നേരം 5:00 ന് ആരംഭിച്ച് 13-ാം തീയതി വൈകുന്നേരം 4:00 ന് സമാപിക്കുന്നു. |
| 12 ശനി | : | വിശ്വാസപരിശീലകരുടെ ഏകദിന സെമിനാർ - തിരുവനന്തപുരം ഫൊറോന |

## ദെനാറ 2018 (Talent Workshop) December 26th 4:00 PM to 28th 4:00 PM

കുട്ടികൾക്ക് ദൈവദാനമായി കിട്ടിയ കഴിവുകളെ മത്സരവേദിക്ക് പുറത്ത് ദൈവഹിതപ്രകാരം വളർത്തുന്നതിനും സുവിശേഷം പങ്കുവയ്ക്കുന്നതിനും, കലയുടെ ഉന്നത സാധ്യതകളെ മനസ്സിലാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്ന പരിപാടിയാണ് **ദെനാറ 2018.** ഇടവക തലത്തിൽ നടത്തപ്പെട്ട കലോത്സവ മത്സരങ്ങളിൽ പ്രസംഗം, ഉപന്യാസം, കവിതാരചന, ലളിതഗാനം, സ്ക്രിപ്റ്റ് റൈറ്റിംഗ്, വചനരംഗാവതരണം (Best Actor or Actoress) എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ജൂണിയർ, സീനിയർ വിഭാഗത്തിൽ നിന്നും ഒരാൾക്കു മാത്രമാണ് വർക്ക്ഷോപ്പിൽ പങ്കെടുക്കാവുന്നത്. വിദഗ്ധരുടെ നേതൃത്വത്തിലുള്ള പ്രായോഗിക പരിശീലനവും വിലയിരുത്തലും വർക്ക്ഷോപ്പിന്റെ പ്രത്യേകതകളാണ്. ഓരോ വർക്ക്ഷോപ്പിലും പരമാവധി 40 പേർക്ക് മാത്രമാണ് പങ്കെടുക്കാനാവുക. നവംബർ 30 നു മുമ്പായി മുഴുവൻ തുകയും അടച്ച് സന്ദേശനിലയത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് ഈ അവസരം.

| | | |
|---|---|---|
| തീയതി | : | ഡിസംബർ 26-ാം തീയതി വൈകുന്നേരം 3:30 ന് ആരംഭിച്ച് 8-ാം തീയതി വൈകുന്നേരം 4:00 ന് സമാപിക്കുന്നതാണ്. |
| സ്ഥലം | : | എസ്. എച്ച്. ഹയർ സെക്കന്ററി സ്കൂൾ ഫാത്തിമാപുരം |
| രജി. ഫീസ് | : | 750/- |

## അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമം January 26th 9:30 AM to 1:30 PM

**അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ 2019 ജനുവരി 26 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ച കഴിഞ്ഞ് 1:30 വരെ സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു.** മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെ നേതൃസംഗമത്തിൽ ആദരിക്കുന്നതാണ്. അതിരൂപതയിലെ മുഴുവൻ സൺഡേസ്കൂളിലെയും ഫൊറോന സെക്രട്ടറിമാർ, **CRT** അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, ഓഫീസ് സെക്രട്ടറിമാർ, സ്റ്റാഫ് സെക്രട്ടറിമാർ, എന്നിവർ പങ്കെടുക്കേണ്ടതാണ്. രജി ഫീസ്. 100 രൂപ. മതാദ്ധ്യാപനരംഗത്തെ ജൂബിലേറിയൻസിന്റെ ബയോഡേറ്റ, ഫോട്ടോ, വികാരി

യച്ചന്റെ സാക്ഷ്യപത്രം എന്നിവയോടെ 2018 ഡിസംബർ 31 മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്.

### തൽമീദാ 2019

ഇടവകതലത്തിൽ അർദ്ധദിന, ഏകദിന സെമിനാറുകൾ, ക്യാമ്പുകൾ, ധ്യാനങ്ങൾ എന്നിവ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ **ഒരു റിസോഴ്സ് ടീമിനെ വളർത്തുവാനുള്ള പരിശ്രമമാണ് തൽമീദാ 2019. Camp Planning and Designing, Conducting Group Activities, Songs and Action Song, Magic, Public Speaking** തുടങ്ങി ഒരു ക്യാമ്പു നടത്തുവാനുള്ള എല്ലാ പരിശീലനങ്ങളും അടങ്ങിയ ഒരു പരിശീലകരുടെ പരിശീലനമാണിത്. **BCT** കൂടിയതും ക്യാമ്പുകളും മറ്റും നടത്തുവാനുള്ള ആഗ്രഹവും കഴിവും പ്രതിബദ്ധതയുമുള്ള വിശ്വാസ പരിശീലകരെയാണ് പ്രതീക്ഷിക്കുക. ആകെ 50 സീറ്റുകളാണ് ഉള്ളത്. **ഡിസംബർ 26–ാം തീയതിക്കുമുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേരെ മാത്രമേ പരിഗണിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ്** Rs. **1500/–**

## Ecos & Sandes

വജ്രജൂബിലി വർഷത്തിൽ നാം ആരംഭിച്ച **Ecos & Sandes** എന്ന ഓൺലൈൻ പോർട്ടലിൽ കുട്ടികളുടെയും അധ്യാപകരുടെയും പേരുവിവരങ്ങൾ ഈ വർഷം തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഡിസംബർ മാസത്തിനുള്ളിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കേണ്ടതാണ്.

### ആദരാഞ്ജലികൾ

വടക്കേക്കര സെന്റ് മേരീസ് സൺഡേസ്കൂൾ മുൻ അധ്യാപിക സി. ലിസാ എസ്.എച്ച്. ന്റെയും പള്ളിക്കുന്ന് സെന്റ് തോമസ് സൺഡേസ്കൂൾ അധ്യാപിക ഡോ. ഓമന തോമസിന്റെയും ഐക്കരച്ചിറ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. തോമസിന്റെ മാതാവിന്റെയും കൊണ്ടാക്കൽ സെന്റ് ജോസഫ് സൺഡേസ്കൂൾ അധ്യാപകൻ ബിനോയ് കടപ്രാകുന്നേലിന്റെ പിതാവിന്റെയും മല്ലപ്പള്ളി സെന്റ് അത്തനേഷ്യസ് സൺഡേസ്കൂൾ അധ്യാപിക സി. ജാൻസി ഓണംകുളം എസ്. എ. ബി. എസ്.ന്റെ സഹോദരന്റെയും കരിമ്പനക്കുളം എസ്. എച്ച്. സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. റോസമ്മ സജി തടത്തേലിന്റെ മാതാവിന്റെയും പുളിയ്ക്കവല സെന്റ് മേരീസ് സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ. ജോസുകുട്ടി തോമസിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹമുള്ളവരേ,

രക്ഷയുടെ സദ്‌വാർത്ത അറിയിച്ചുകൊണ്ട് മനുഷ്യനായി പിറന്ന ഈശോ മിശിഹായുടെ തിരുപ്പിറവി ആഘോഷിക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. നോമ്പിന്റെ 25 ദിനങ്ങളിൽ നാം ചെയ്യുന്ന നന്മപ്രവർത്തികളും ചൊല്ലുന്ന സുകൃത ജപങ്ങളും അർപ്പിക്കുന്ന പരി. കുർബാനയും ഇതര സ്വകാര്യപ്രാർത്ഥനകളുമെല്ലാം ലഹരി വിമുക്ത കൗമാരത്തിനായി സമർപ്പിക്കാം. അങ്ങനെ പ്രേഷിത തീക്ഷ്ണതയാൽ നാം നിർമ്മിക്കുന്ന പുൽക്കൂട്ടിൽ ഉണ്ണീശോയെ ആരാധിക്കാം. ദൈവവിളി സെമിനാർ, മിഷൻ എലൈവ്, സീറോമലബാർ പ്രേഷിതവാരം എന്നിവയിൽ താല്പര്യത്തോടെ നമുക്ക് പങ്കെടുക്കാം. പുതിയ ആരാധനവത്സരത്തിൽ പഞ്ചവത്സരപദ്ധതിയോട് ചേർന്ന് വരും വർഷത്തെ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ ശാഖാതല ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിൽ പങ്കെടുക്കണമേ.

പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാളിന്റെയും, ഈശോയുടെ പിറവിതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## അറിയിപ്പുകൾ

| | | |
|---|---|---|
| 1 ശനി | : | ഇരുപത്തഞ്ചു നോമ്പാരംഭം. |
| 4 ചൊവ്വ | : | വി. ഫ്രാൻസിസ് സേവ്യറുടെ തിരുനാൾ |
| 8 ശനി | : | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ - ഓഫീസ് അവധി |
| 9 ഞായർ | : | കൂപ്പൺ നറുക്കെടുപ്പ് |
| 24 തിങ്കൾ | : | ഓഫീസ് അവധി |
| 25 ചൊവ്വ | : | ക്രിസ്തുമസ് (ഓഫീസ് അവധി) |
| 28 വെള്ളി | : | കുഞ്ഞിപൈതങ്ങൾ |
| 30 ഞായർ | : | വർഷാവസാനം, തിരുക്കുടുംബത്തിന്റെ തിരുനാൾ, ബൈബിൾ ഞായർ, ബൈബിൾ റാലി സമ്മേളനം ശാഖകളിൽ |

## 2019 ജനുവരി

| | | |
|---|---|---|
| 1 ചൊവ്വ | : | പുതുവർഷാരംഭം, ഈശോയുടെ നാമകരണതിരുനാൾ, ദൈവമാതൃത്വ തിരുനാൾ |
| 3 വ്യാഴം | : | വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ. (സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം) |
| 6 ഞായർ | : | ദനഹാതിരുനാൾ, കടമുള്ള ദിവസം. സീറോ മലബാർ മിഷൻ ഞായർ |
| 12 ശനി | : | വി. സ്നാപകയോഹന്നാൻ |

## കൂപ്പൺ നറുക്കെടുപ്പ്

അൽഫോൻസാ കാരുണ്യനിധി കൂപ്പണുകൾ അതിരൂപതയിൽ ഏല്പിക്കാത്തവർ എത്രയും വേഗം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ഡിസംബർ 9-ാം തീയതി ഞായറാഴ്ച അതിരൂപതാ ഓഫീസിൽ കൂപ്പൺ നറുക്കെടുപ്പ് നടത്തുന്നതായിരിക്കും.

## ഉണ്ണിയെത്തേടി

ക്രിസ്മസിനൊരുക്കമായി ഈ വർഷം ലഹരിക്കടിമപ്പെട്ട കൗമാരക്കാരെ വിമോചിപ്പിക്കുക, ലഹരി വിരുദ്ധ ബോധവത്കരണം നടത്തുക തുടങ്ങിയ ലക്ഷ്യത്തോടെ ചങ്ങനാശേരി അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് 'ലഹരി വിമുക്ത കൗമാരം നവയുഗസൃഷ്ടിക്കായി' (ഉണ്ണിയെത്തേടി) എന്ന പ്രോഗ്രാം

സംഘടിപ്പിക്കുന്നു. അതിരൂപതയിൽ നിന്നും നല്കിയിരിക്കുന്ന കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിന് ശാഖാതല മിഷൻലീഗ് ഭാരവാഹികളുടെയും മതാധ്യാപകരുടെയും പൂർണ്ണസഹകരണം പ്രതീക്ഷിക്കുന്നു.

## ദൈവവിളി സെമിനാർ

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെമിനാർ 2018 ഡിസംബർ 26-ാം തീയതി ബുധനാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം 3:30 വരെ നടത്തപ്പെടുന്നു. ആൺകുട്ടികൾക്ക് കുറിച്ചി മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക് സന്ദേശനിലയത്തിലുമാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. വൈദിക സന്യസ്ത ജീവിതാന്തസ്സുകളിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന VII മുതൽ XII വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയും മറ്റു ഡിഗ്രി കോഴ്സുകൾ പഠിക്കുന്നവരെയും പ്രസ്തുത സെമിനാറിലേയ്ക്ക് പറഞ്ഞയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. രജി.ഫീസ് 70 രൂപയായിരിക്കും ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ഡിസംബർ 15നകം അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## ശാഖാതല ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിംഗ്

2019 ജനുവരി 2-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചവരെ ശാഖാതല ജോയിന്റ് ഡയറക്ടേഴ്സിന്റെ ഒരു മീറ്റിംഗ് സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. ജോയിന്റ് ഡയറക്ടേഴ്സ് എല്ലാവരും ഇതൊരറിയിപ്പായി സ്വീകരിച്ച് മീറ്റിംഗിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നതോടൊപ്പം പങ്കെടുക്കുന്നവർ ഡിസംബർ -30നകം മിഷൻലീഗ് ഓഫീസിൽ വിളിച്ചറിയിക്കണമെന്നു ഓർമ്മിപ്പിക്കുന്നു.

## സീറോമലബാർ പ്രേഷിതവാരം

ജനുവരി 6 മുതൽ 12 വരെ സീറോമലബാർസഭ പ്രേഷിതവാരമായി ആചരിക്കുകയാണ്. ഈ അവസരത്തിൽ ശാഖാതലത്തിലും മേഖലാതലത്തിലും ഉചിതമായ പരിപാടികൾ ക്രമീകരിച്ച് നമുക്കും സഭയുടെ ഈ പ്രേഷിതവാരാചരണത്തിൽ പങ്കുചേരാം. ഭവനസന്ദർശനം, മിഷൻ കളക്ഷൻ, പ്രേഷിതറാലി, മിഷനറിമാരെ ആദരിക്കൽ, പ്രേഷിതവാര പ്രതിജ്ഞ തുടങ്ങിയ പരിപാടികൾ ഇതിനായി നടത്താവുന്നതാണ്. സുവിശേഷപ്രഘോഷണത്തിനും അജപാലന ദൗത്യനിർവ്വഹണത്തിനുമായി പ്രാർത്ഥനയിൽ നമുക്കൊന്നുചേരാം. പ്രേഷിത വാര പ്രാർത്ഥന അതിരൂപതാ മിഷൻലീഗ് ഓഫീസിൽ ലഭ്യമാണ്.

## മിഷൻ എലൈവ്

ജനുവരി 19-ാം തീയതി നടക്കുന്ന മിഷൻ എലൈവിനായി കുട്ടികളെ തയ്യാറാക്കി വിടുമല്ലോ. മിഷൻ എലൈവ് - വിഷയം **''മാർത്തോമാ ക്രിസ്ത്യാനികൾ സംസ്കാരത്തിൽ ഭാരതീയരും വിശ്വാസത്തിൽ ക്രൈസ്തവരും ആരാധനാക്രമത്തിൽ പൗരസ്ത്യരുമായിരുന്നു''** വിശദവിവരങ്ങൾക്ക് മാർഗ്ഗരേഖയും നവംബർ മാസത്തെ മദ്ധ്യസ്ഥനും കാണുക. പഠനഗ്രന്ഥത്തെ അടിസ്ഥമാനമാക്കി എല്ലാ വർഷവും നടത്തിവരുന്ന അതിരൂപതാതല മിഷൻ എലൈവ് മത്സരം ജനുവരി 19 ന് ശനിയാഴ്ച രാവിലെ 9:30ന് സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. രജി. ഫീസ് 100 രൂപ. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഡിസംബർ 31-നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഭക്ഷണം ആവശ്യമുള്ളവർ Rs. 60/- തന്ന് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ആദരാഞ്ജലികൾ

ചെറുപുഷ്പമിഷൻലീഗ് ചമ്പക്കുളം മേഖലാ മുൻ പ്രസിഡന്റ് ബിനോയ് കടപ്രാകുന്നേലിന്റെ പിതാവിന്റെ നിര്യാണത്തിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കുടുംബപ്രേഷിതരേ,

പുതിയ ആരാധനാ വത്സരത്തിലേയ്ക്കും അജപാലന പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തിലേയ്ക്കും നാം പ്രവേശിക്കുകയാണ്. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചതിനെ നാം അനുസ്മരിക്കുമ്പോൾ ദൈവവചനത്തിന്റെ പാരായണത്തിലും പ്രഘോഷണത്തിലും പ്രവർത്തനത്തിലും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടിയിരിക്കുന്നു. ഫാമിലി അപ്പോസ്തോലേറ്റിന്റെ ശുശ്രൂഷയായ പ്രോ-ലൈഫ് പ്രവർത്തനങ്ങളും ഈ നാളുകളിൽ സവിശേഷ പ്രാധാന്യത്തോടെ നടത്തേണ്ടിയിരിക്കുന്നു.

യൂണിറ്റ് ഫൊറോന തലത്തിലുള്ള മാതൃ-പിതൃവേദി തെരഞ്ഞെടുപ്പുകൾ കഴിഞ്ഞിരിക്കുകയാണ്. അതിരൂപതാ സമിതിയിലേയ്ക്കും അനുയോജ്യരായ നേതാക്കൾ കടന്നു വരേണ്ടിയിരിക്കുന്നു. കുടുംബപ്രേക്ഷിതരംഗത്തെ കൂടുതൽ ഊർജ്ജസ്വലമാക്കി ആധുനികകാലത്തെ വെല്ലുവിളികളെ നേരിടുവാൻ നമ്മുടെ കുടുംബങ്ങൾക്ക് ശക്തിപകരാം.

ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർ)*

**ഫാ. ജോസ് മുകളേൽ**
*(അതി. ഡയറക്ടർ)*

**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർ)*

## സ്വാഗതം

തെക്കൻമേഖലയുടെ പ്രത്യേക ചുമതലയുള്ള ചങ്ങനാശേരി അതിരൂപതയുടെ ഫാമിലി അപ്പോസ്തലേറ്റ് അസി ഡയറക്ടറായി നിയമിതനായിരിക്കുന്ന തിരുമല പള്ളി വികാരി റവ. ഫാ. മാത്യു അഞ്ചിലിന് ഫാമിലി അപ്പോസ്തലേറ്റ് കുടുംബത്തിലേക്ക് സ്വാഗതം.

## കുടുംബജ്യോതി മാസിക

മലയാളത്തിൽ ഏറ്റവും കൂടുതൽ വരിക്കാരുള്ള ക്രൈസ്തവ കുടുംബ മാസികയായ കുടുംബജ്യോതി മാസികക്ക് കഴിഞ്ഞ നാളുകളിൽ നൽകിയ സഹകരണത്തിന് നന്ദി പറയുന്നു. പുതിയ വർഷത്തെ വരിക്കാരെ കണ്ടെത്താനുള്ള സമയമാണ്. പേപ്പറിന്റെ വില വർദ്ധനവ് കാരണം മാസികയുടെ വരിസംഖയിൽ നേരിയ വർദ്ധനവ് നടത്താൻ ഉദ്ദേശിക്ുകുന്നു. വാർഷിക വരിസംഖ്യ 120 എന്നത് 140 രൂപ ആക്കുന്നു. എന്നാൽ 120 രൂപ ഓഫീസിൽ അടച്ചാൽ മതിയാകും. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## അതിരൂപത വാർഷികം

മാതൃവേദി, പിതൃവേദി സംഘടനകളുടെ വാർഷികം 2018 ഡിസംബർ 15-ാം തീയതി ശനിയാഴ്ച രാവിലെ 9:00 മുതൽ ഉച്ചകഴിഞ്ഞ് 1 മണി വരെ ചങ്ങനാശേരി കത്തീഡ്രൽ ഹാളിൽ വച്ച് നടത്തുന്നു. എല്ലാ മാതൃപിതൃവേദി അംഗങ്ങളും വാർഷിക സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏറ്റവും കൂടുതൽ അംഗങ്ങളെ ആനുപാതികമായി പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് മാതൃവേദിക്കും പിതൃവേദിക്കും വെവ്വേറെ സമ്മാനം ഡിസംബർ 8 നകം ഓഫീസിൽ അറിയിക്കുമല്ലോ.

## അതിരൂപത തിരഞ്ഞെടുപ്പ്

2019-20 വർഷങ്ങളിലെ അതിരൂപത സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് 2018 ഡിസംബർ 16-ാം തീയതി ഞായറാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും. രാവിലെ 9:30 ക്ക് വി. കുർബാനയോടുകൂടി ആരംഭിക്കുന്ന സമ്മേളനം 3:30 പി.എം.ന് സമാപിക്കും. മാതൃവേദി-പിതൃവേദിയുടെ യൂണിറ്റ് പ്രസിഡന്റുമാരും, ഫൊറോന ഭാരവാഹികളും (5 പേർ വീതം) ആണ് സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. അംഗത്വ കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സമ്മേളനത്തിൽ ആദ്യന്തം പങ്കെടുക്കുന്നവർക്കാണ് വോട്ടവകാശം.

## ജീവന്റെ മാസാചരണം

## ഇടവക പ്രോലൈഫ് സെൽ

ഓരോ ഇടവകയിൽനിന്നും ജീവന്റെ ശുശ്രൂഷയിൽ തൽപരരായ യുവജനങ്ങൾ, മാതാപിതാക്കൾ തുടങ്ങി എല്ലാ വിഭാഗത്തിൽനിന്നും 15 അംഗങ്ങളെയെങ്കിലും കണ്ടെത്തി അവരെ 16-ാം തീയതി ഞായറാഴ്ച വി. കുർബാനക്കുശേഷം ബാഡ്ജ് നൽകി ചുമതല ഏൽപിക്കേണ്ടതാണ്. ഇവരിൽനിന്ന് ഒരു കോർ-ഓർഡിനേറ്ററെയും, സെക്രട്ടറിയെയും തെരഞ്ഞെടുക്കേണ്ടതാണ്.

പ്രോലൈഫ് ബാഡ്ജ് ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ ലഭ്യമാണ്.

## കുഞ്ഞിപൈതങ്ങളുടെ തിരുനാൾ

ഡിസംബർ 28 വെള്ളിയാഴ്ച കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആഘോഷമായി വി. കുർബാനയോടുകൂടി നടത്തണം. അന്നേദിവസം കുട്ടികൾക്ക് വി. കുർബാനയോ (ശിശുക്കൾക്ക് തിരുരക്തം) നൽകുന്നത് അഭികാമ്യമാണ്. കുട്ടികൾക്ക് മധുരപലഹാരങ്ങളും, സമ്മാനങ്ങളും നൽകാൻ ശ്രദ്ധിക്കുമല്ലോ. മാതൃവേദി-പിതൃവേദി സംഘടനകളും, തിരുബാലസഖ്യവും, പ്രോലൈഫ് സെല്ലും പരിപാടികൾക്ക് നേതൃത്വം കൊടുക്കേണ്ടതാണ്.

## വിവാഹസുവർണ്ണ ജൂബിലി സംഗമം

വിവാഹത്തിന്റെ 50-ാം വാർഷികം (1968-ൽ വിവാഹിതരായവർ) ആഘോഷിക്കുന്ന ദമ്പതികകളുടെ സംഗമം 2018 ഡിസംബർ 20-ാം തീയതി വ്യാഴാഴ്ച ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽവച്ച് നടക്കുന്നു. രാവിലെ 9:30 ന് വി. കുർബ്ബാനയോടുകൂടി ആരംഭിച്ച് 1:00 പി.എം.ന് ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നു. പങ്കെടുക്കുന്ന ദമ്പതികളുടെയും അവരുടെ സഹായികളായി വരുന്നവരുടെയും പേരും ഫോൺ നമ്പരും നിശ്ചിത ഫോറത്തിൽ എഴുതി ഡിസംബർ 15 നകം ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## അഗാപ്പെ മെഗാക്വിസ് മത്സരം

പഞ്ചവത്സര അജപാലന പദ്ധതിയുടെ ഈ വർഷത്തെ പഠനവിഷയമായ സമുദായബോധം, സഭാവബോധം എന്നിവയെ അടിസ്ഥാനപ്പെടുത്തി നടത്തിയ മെഗാക്വിസ് യൂണിറ്റുകളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ഒന്നാംസ്ഥാനം താഴത്തുവടകര ഇടവകയ്ക്കും, രണ്ടാം സ്ഥാനംല മാമ്മൂട് ഇടവകയ്ക്കും, മൂന്നാം സ്ഥാനം പാറേൽ ഇടവകയ്ക്കും ലഭിച്ചു. പങ്കെടുത്തവർക്കും സമ്മാനാർഹരായവർക്കും അഭിനന്ദനങ്ങൾ.

## റാലിയും ധർണ്ണയും

കുടുംബബന്ധങ്ങളെ തകർക്കുന്ന സുപ്രീം കോടതി വിധികൾ പുനപരിശോധിക്കണമെന്നാവശ്യപ്പെട്ട് വിവിധ പ്രതിഷേധപരിപാടികൾ നടത്തി. മാതൃവേദി,

പിതൃവേദി, ജീവൻ ജ്യോതി പ്രോലൈഫ് സെൽ എന്നിവയാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്. നവംബർ 4-ാം തീയതി അതിരൂപതയിലെ 150-ഓളം വരുന്ന പോസ്റ്റോഫീസുകളിൽ പ്രതിശേധ സമ്മേളനം നടത്തി. നവംബർ 9-ാം തീയതി ആലപ്പുഴ പഴവങ്ങാടി പള്ളിയിൽ നിന്നാരംഭിച്ച റാലി ഇരുമ്പുപാലം പോസ്റ്റാഫീസ് പടിക്കൽ സമാപിക്കുകയും അവിടെ പ്രതിഷേധ സമ്മേളനം നടത്തുകയും ചെയ്തു. നവംബർ 15-ാം തീയതി ഏറ്റുമാനൂർ ക്രിസ്തു രാജ പള്ളിയിൽ നിന്നാരംഭിച്ച റാലി പോസ്റ്റാഫീസ് പടിക്കൽ സമാപിക്കുകയും സമ്മേളനം നടത്തുകയും  ചെയ്തു. നവംബർ 19-ാം തീയതി അരമനയിൽ നിന്നാരംഭിച്ച റാലി ചങ്ങനാശേരി ഹെഡ് പോസ്റ്റാഫീസ് പടിക്കൽ സമാപിക്കുകയും സമ്മേളനം നടത്തുകയും ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായും, സഭാവക്താവ് വെ. റവ. ഫാ. മാത്യു ചന്ദ്രൻ കുന്നേലും എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്ത് സന്ദേശം നൽകി. റാലിയിലും പൊതുസമ്മേളനങ്ങളിലും ആയിരക്കണക്കിന് ആളുകൾ പങ്കെടുത്തു.

## വിവാഹ ഒരുക്ക ധ്യാനം

| DECEMBER | JANUARY 2019 | FEBRUARY 2019 |
|---|---|---|
| 10, 11, 12 (Zion) | 7, 8, 9 (Chry) | 4 - 6 (Zion) |
| 21, 22, 23 (Zion) | 21, 22, 23 (Zion) | 8 - 10 (Zion) |
| 28, 29, 30 (Chry) | 28, 29, 30 (Chry) | 15 - 17 (Zion) |
| | | 21 - 23 (Chry) |

## ജീവകാരുണ്യനിധി ട്രസ്റ്റ്

JEEVAKARUNYANIDHI TRUST

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും നവംബർ 20-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 200 | നിർമ്മലപുരം | 4,800 | 4,800 |

വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു *(1 യോഹ. 2:5).*

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

അതിരൂപതാ ജീവകാരുണ്യട്രസ്റ്റുമായി സഹകരിച്ച് കുടുംബകൂട്ടായ്മ ഡിപ്പാർട്ടുമെന്റ് നടത്തുന്ന കുടുംബവിവരണശേഖരണഫോറങ്ങളും കളർ എ ഹോം കവറും എല്ലാ ഇടവകകളിലും എത്തിയെന്നു കരുതുന്നു. കൂട്ടായ്മ ലീഡേഴ്സ് ഡിസംബർ ആദ്യവാരം തന്നെ അവ വീടുകളിൽ എത്തിക്കുകയും ക്രിസ്മസ്സിന് മുമ്പ് അവ രണ്ടും തിരികെ വാങ്ങി വികാരിയച്ചനെ ഏൽപ്പിക്കേണ്ടതുമാണ്.

2018 ഡിസംബർ ബൈബിൾ പാരായണമാസമായി ആചരിക്കുകയാണല്ലോ. കെ.സി.ബി.സി.യുടെ നിർദ്ദേശപ്രകാരം നമ്മുടെ അതിരൂപതയിൽ ഡിസംബർ 14 വൈകുന്നേരം 5 മണിമുതൽ 15 വൈകുന്നേരം 5 മണിവരെ24 മണിക്കൂർ ബൈബിൾ പാരായണം നടക്കുന്നു. പഞ്ചവത്സര അജപാലന പദ്ധതി ദ്വിതീയ വർഷത്തിലെ പഠന വിഷയം വചനം ജീവിത വെളിച്ചം (ദൈവവചനം - വിശുദ്ധ ഗ്രന്ഥം, വിശുദ്ധ പാരമ്പര്യം) എന്നതാണ്. വചനം മാംസം ധരിച്ച ഈശോയിൽ വളരാൻ, വചനതീക്ഷ്ണതയിൽ ജ്വലിക്കാൻ ഈ വർഷം നമുക്ക് പ്രത്യേകം പരിശ്രമിക്കാം, ബൈബിൾ മാസാചരണം സമുചിതമായി ആഘോഷിക്കാം. ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

* ഡിസംബർ 1 മുതൽ 31 വരെയും തുടർന്നും ആരാധനവത്സര കലണ്ടർ അനുസരിച്ചുള്ള ഓരോ ദിവസത്തേയും വായനകൾ എല്ലാ ഭവനങ്ങളിലും വായിക്കുക.
* കൂടുതൽ ബൈബിൾ വാക്യങ്ങൾ മനപാഠമാക്കുന്നത് പ്രോത്സാഹിപ്പിക്കുക.
* ബൈബിൾ പഠനങ്ങൾ പ്രാത്സാഹിപ്പിക്കുക.
* കൂട്ടായ്മകളിൽ വചനജ്യോതി നടത്തുക, വചനജപമാല ചൊല്ലുക.
* ഭവനങ്ങളിൽ വചനം എഴുതിവെയ്ക്കുക, കുട്ടികൾ പുസ്തകങ്ങളുടെ ആദ്യ പേജുകളിൽ ബൈബിൾ വചനങ്ങളെഴുതുക.
* ഫൊറോനകളിലെ ബൈബിൾ പാരായണം നടത്തേണ്ടതിന്റെ ടൈം ടേബിൾ അച്ചന്മാർക്ക് നൽകിയിട്ടുണ്ട്. സൗകര്യം അനുസരിച്ച് ക്രമീകരിക്കാവുന്നതാണ്.

**ഡിസംബർ 1 ശനി മംഗലവാർത്തക്കാലം ആരംഭം**

* പഞ്ചവത്സര അജപാലനപദ്ധതി ദ്വിതീയ വർഷാചരണത്തിന് തുടക്കം ഇടവകകളിൽ-ആഘോഷമായ റംശാ പ്രാർത്ഥന, തിരിതെളിക്കൽ, ബൈബിൾ പ്രതിഷ്ഠ എന്നിവയോടെ നടത്തുക.

**ഡിസംബർ 2 ഞായർ മംഗലവാർത്തക്കാലം**

* വചനമായ മിശിഹായെ സ്വീകരിക്കാൻ ഹൃദയങ്ങളെ ഒരുക്കുന്നു.
* വി. ഗ്രന്ഥവുമായി ഒരു ഇടവകയിലെ എല്ലാ കുടുംബങ്ങളും ദൈവാലയത്തിൽ എത്തുന്നു.
* വികാരിയച്ചൻ വി.കുർബാനയ്ക്കുശേഷം ബൈബിൾ പ്രതിഷ്ഠ നടത്തി ആശീർവദിച്ച് തിരികെ നൽകുന്നു.

16 ഫൊറോനകളിൽ ഡിസംബർ 2 മുതൽ 24 വരെ തിരുവചന പാരായണം ആരംഭിക്കുന്നു.

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ

ഇടവകകളിൽ കൂട്ടായ്മാ ലീഡേഴ്സിനായി നടത്തിവരുന്ന ബസാലേൽ

കൺവൻഷൻ നവംബർ 24 ന് ഇരവുചിറ സെന്റ് മേരീസ് ഇടവകയിലും നവംബർ 25 ന് സെന്റ് ജോർജ്ജ് മുഹമ്മ ഇടവകയിലും നടത്തുകയുണ്ടായി. ബസാലേൽ കൺവൻഷൻ സംഘടിപ്പിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തുതന്ന റവ. ഫാ. ലൂയിസ് വെള്ളാനിക്കലച്ചനേയും, റവ. ഫാ. ആന്റണി മുതലക്കാവിലച്ചനേയും പ്രസ്തുത ഇടവകകളിലെ ബഹുമാനപ്പെട്ട ആനിമേറ്റേഴ്സ്, ലീഡേഴ്സ് എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

## ഹോം മിഷൻ

നവംബർ - 13 മുതൽ 17 വരെ ബഹുമാനപ്പെട്ട എഫ്. ഡി. എസ്. എച്ച് .ജെ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സെന്റ് തോമസ് കുമാരനെല്ലൂർ ഇടവകയിൽ **ഹോം മിഷൻ** സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ബെന്നി കുഴിയടിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ സിസ്റ്റേഴ്സും, കുടുംബക്കൂട്ടായ്മാ ലീഡേഴ്സും ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ഇടവകയിൽ വി. കുർബാനയർപ്പിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

## വാർഡ് കൺവൻഷൻ മാർ സ്ലീവാ പഴവങ്ങാടി ഇടവകയിൽ

മാർ സ്ലീവാ പഴവങ്ങാടി ഇടവകയിൽ നവംബർ 3,4,6,11,17,18 എന്നീ തീയതികളിലായി കുടുംബക്കൂട്ടായ്മാ വാർഡ് കൺവൻഷനുകൾ സംഘടിപ്പിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി, റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ, റവ. ഫാ. ജോൺസൺ ചാലയ്ക്കൽ, റവ. സി. കാരുണ്യ സി.എം.സി, ശ്രീ. ജോബ് ആന്റണി പവ്വത്തിൽ, ബ്രദർ ബിനിൽ പഞ്ഞിപ്പുഴ എന്നിവർ ക്ലാസുകളും ഗാനപരിശീലനവും നടത്തി. വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, റവ. ഫാ. തോമസ് മുട്ടേൽ, ശ്രീ. ഷാജി പോൾ, ബഹു. സിസ്റ്റേഴ്സ്, കൂട്ടായ്മാ ലീഡേഴ്സ് എന്നിവർ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകി.

# അഭിനന്ദനങ്ങൾ

## ലോഗോസ് ക്വിസ്

ഈ വർഷത്തെ ലോഗോസ് ക്വിസ് സംസ്ഥാന സെമി ഫൈനൽ മത്സരം 2018 നവംബർ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 3 വരെ കൊല്ലം ട്രിനിറ്റി ലൈസിയം സ്കൂളിൽവച്ച് നടത്തപ്പെട്ടു. അതിരൂപതയിൽ നിന്നും ഓരോ വിഭാഗത്തിലും ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ പങ്കെടുക്കുകയുണ്ടായി. അതിൽ താഴെ പറയുന്നവർ റ്റി.വി. ഫൈനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. എ വിഭാഗം ആൻ മേരി ജോസി സെന്റ് മേരീസ് വായ്പൂർ, ജിയാ മോൾ ജോസ് എസ്. എച്ച്. പങ്ങട, ബി വിഭാഗം അലീനാ ജോയ്മോൻ ലിറ്റിൽ ഫ്ളവർ ആർപ്പൂക്കര, സി വിഭാഗം സിജോ വർഗീസ് സെന്റ് മേരീസ് പാറേൽ, ഇ വിഭാഗം ജെസ്സി ജോസ് എസ്. എച്ച് തിരുവല്ലം. തുടർന്ന് നടന്ന ഫൈനൽ മത്സരത്തിൽ ഇ വിഭാഗത്തിൽ ജെസ്സി ജോസ് തിരുവല്ലം ഒന്നാം സ്ഥാനവും, സി-വിഭാഗത്തിൽ സിജോ വർഗ്ഗിസ് സെന്റ് മേരീസ് പാറേൽ രണ്ടാം-ാം സ്ഥാനവും നേടുകയുണ്ടായി. ലോഗോസ് പ്രതിഭാ മത്സരത്തിൽ ജെസ്സി ജോസിന് നാലാം സ്ഥാനം ലഭിച്ചു. വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങളും ഹൃദയം നിറഞ്ഞ ആശംസകളും നേരുന്നു.

## ജനറൽ കൺവീനേഴ്സ് - സെക്രട്ടറി സംയുക്ത സമ്മേളനം

ജനറൽ കൺവീനേഴ്സ് - സെക്രട്ടറി സംയുക്ത സമ്മേളനം നവംബർ 24 ശനിയാഴ്ച നടത്തപ്പെട്ടു. മാർ തോമസ് തറയിൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് റവ. ഫാ. റോബി കണ്ണൻചിറ സി.എം.ഐ. (ദീപിക കൊച്ചേട്ടൻ) ക്ലാസ്സ് നയിക്കുകയും ചെയ്തു. ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി, ശ്രീ. ജോബ് ആന്റണി, ശ്രീ. ഷാജി പോൾ, ഇ. ജെ. ജോസഫ്, സി. ചെറുപുഷ്പം എസ്.എ.ബി.എസ്. ബ്രദർ സജോ കിങ്ങണംചിറ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ആനിമേറ്റേഴ്സ് മീറ്റ്

കുടുംബക്കൂട്ടായ്മാ ആനിമേറ്റേഴ്സ് മീറ്റ് നവംബർ 24 ശനിയാഴ്ച ഉച്ച

കഴിഞ്ഞ് 2 മുതൽ 4:30 വരെ നടത്തപ്പെട്ടു. ജെന്നി കായംകുളത്തുശേരി സ്വാഗതം ആശംസിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മാർ തോമസ് തറയിൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. റവ. ഫാ. ജിനോ പുന്നമറ്റം ക്ലാസ് നയിച്ചു.

## അറിയിപ്പുകൾ

### ലിറ്റർജിക്കൽ ക്വിസ്

ഈ വർഷത്തെ ലിറ്റർജിക്കൽ ക്വിസ് അതിരൂപതാ മത്സരം 2019 ജനുവരി 12-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നു. ഇടവകതല മത്സരത്തിനുള്ള ചോദ്യപ്പേപ്പർ എല്ലാ കുടുംബങ്ങൾക്കുമായി നൽകിയിരുന്നു. എല്ലാവരെയും പങ്കെടുപ്പിക്കുവാനാണ് ഈ ക്രമീകരണം ചെയ്തിരിക്കുന്നത്. ഒരു ചോദ്യപ്പേപ്പറിന് 2 രൂപാ വീതം ഓഫീസിൽ നൽകേണ്ടതാണ്. പൂരിപ്പിച്ച ഉത്തരക്കടലാസുകൾ ബഹു. വികാരിയച്ചനെ ഏൽപ്പിക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ മൂല്യനിർണ്ണയം നടത്തി ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്ന കുടുംബങ്ങളുടെ പേരു വിവരങ്ങൾ ഡിസംബർ 15 നകം അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫീസിൽ നൽകേണ്ടതാണ്. അതിരൂപതാതല മത്സരത്തിന് ഒരു കുടുംബത്തിൽനിന്ന് പരമാവധി 3 പേർ മാത്രമെ ഒരു ടീമിൽ ഉണ്ടാകുവാൻ പാടുള്ളൂ. 2 പേരിൽ കുറയുകയുമരുത്.

### അതിരൂപതാ മത്സര സിലബസ്

ആരാധനവത്സര കലർ 2018 ഞായറാഴ്ചകളിലെ പുതിയനിയമ വായനകൾ (സുവിശേഷം, ലേഖനം) - 40%

സത്യദർശനം 2018 - 30% (ജൂൺ മുതൽ ഒക്ടോബർ വരെയുള്ള ലക്കങ്ങൾ)

ജീവിതം സഭയോടൊപ്പം (പഞ്ചവത്സര അജപാലന പഠനവിഷയം) - 20% (പുസ്തകം കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്.)

സഭാ സംബന്ധമായ പൊതുചോദ്യങ്ങൾ - 10%

### സംഗീത മത്സരം

നമ്മുടെ കുടുംബക്കൂട്ടായ്മകളിൽ പാടാനായി ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനാ ഗാനം, ആന്തം എന്നിവ ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ അംഗങ്ങളും പഠിക്കുക എന്ന ലക്ഷ്യത്തോടെ ഇടവക, ഫൊറോന, അതിരൂപതാ തലങ്ങളിൽ കുടുംബക്കൂട്ടായ്മാ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മത്സരം സംഘടിപ്പിക്കാൻ നിർദ്ദേശിച്ചിരുന്നല്ലോ. 2018 നവംബർ 30 ന് എല്ലാ ഇടവകകളിലും നടത്തപ്പെട്ടു എന്നു കരുതുന്നു. വിജയികളുടെ പേരു വിവരങ്ങൾ കുടുംബക്കൂട്ടായ്മാ ഫൊറോനാ ഡയറക്ടറെ അറിയിക്കണമേ.

ഫൊറോനാ തലം - 2018 ഡിസംബർ 30 നു മുൻപായി നടത്തുക

അതിരൂപതാ തലം - 2019 ജനുവരി 12 രണ്ടാം ശനിയാഴ്ച

### മത്സര നിബന്ധനകൾ

ഫൊറോനാ തലം - ഒരിടവകയിൽനിന്ന് എല്ലാ കൂട്ടായ്മകളും ഉൾക്കൊള്ളുന്ന ഒരു ടീമിനെയാണ് ഫൊറോനതല മത്സരത്തിനായി അയയ്ക്കേണ്ടത്. എല്ലാ വിഭാഗത്തിന്റെയും പ്രാധിനിധ്യം ഉണ്ടായിരിക്കണം. പുരുഷന്മാർ, സ്ത്രീകൾ, യുവജനങ്ങൾ - 2 , കുട്ടികൾ - 2 എന്നിവർ ഓരോ ടീമിലും ഉണ്ടായിരിക്കേണ്ടതാണ്. (മിനിമം 12 പേർ , പരമാവധി 15 പേർ)

അതിരൂപതാ തലം - 2019 ജനുവരി 12-ാം തീയതി ഉച്ച കഴിഞ്ഞ് 2 മണിക്ക് സന്ദേശനിലയത്തിൽവെച്ച് നടത്തപ്പെടുന്നു. ഫൊറോനാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ടീമിനെ അതിരൂപതാതല മത്സരത്തിനായി അയയ്ക്കേണ്ടതാണ്.

*N.B: സംഗിത മത്സരത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പാട്ടിന്റെ സി.ഡി കുടുംബക്കൂട്ടായ്മാ ഓഫിസിൽ ലഭ്യമാണ്. സി.ഡി.യിൽ ഉള്ളതുപോലെ തന്നെയാണ് ആലാപനം നടത്തേണ്ടത്. വാദ്യോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. പാട്ടുകൾ വാട്ട്സാപ്പിൽ ലഭിക്കേണ്ടവർ 9447776920 എന്ന നമ്പറിലേയ്ക്ക് സന്ദേശം അയയ്ക്കുക*

# LOGOS QUIZ 2018 – RANK HOLDERS

**A CATEGORY**

Ann Mary Jossy Meppurathu, St. Mary's Vaipu - 1st Rank
Jiyamole Jose, Sacred Heart Pangada - 2nd Rank
Joyel Jomon, St. Thomas Ashramam Kavalam - 3rd Rank

**4th Rank Holders of A Category**

Grace Maria Marth Mariam Cheppumpara
Milan Soly St. Mary's Pulincunnoo
Alka Mathew, St. Gregoriuos Kidangara
Alex Thomas St. Mary's Pulincunnoo
Jacob Joseph Lourde Matha, Thazhathuvadakara
John Paul Jojo St. Mary's Vettimukal
James Rajesh St. Joseph's Laickade

**5th Rank Holders of A Category**

Roshna Joseph St. Sebastians Kodinattukunne
Angel Joji Littile Flower, Kaduvakulam
Alphonsa Johnson Littile Flower, Kaduvakulam
Liya Mathew Holy Cross Kooroppada
Catherine Mathew Little Flower Arpookkara
Angel Treesa Joseph Little Flower Arpookkara
Angelin Margret Mathew, St. Mary's Pulincunnoo
Alex Anil Jacob St. Mary's Kudamalloor
Angel Maria St. Joseph's Kurichy
Jainu Chochotte, S.H. Chethipuzha
Jaina Treesa Joseph S.H. Chethipuzha
Christo K Joseph St. Gregorious Kesasria, Veliyanad
Ashna Saji St. Mary's Athirampuzha
Merin Kurian St. Joseph's Veroor
Christy Philson, Fathima matha Pallikkuttumma

**CATEGORY - B**

Aleena Jaimon, Little Flower, Arpookkara - 1st Rank
Emil Antony Lourde Matha Paipade - 2nd Rank
Jismy Manoj St. Mary's Pulincunnu - 3rd Rank

**4th Rank Holders of B Category**

Cyriak J. Cyriak , St. Thomas Church, Punnathura
Andriya Rose Bennichan, Little Flower, Arpookkara
Jesmy Ann Sajan, S.H. Karimpanakkulam
Alen Joseph St. Mary's Eravuchira
Joseph Sebastian St. Anrony's Mylady
Aswathy Elsa Babu, S.H. Chethipuzha
Mariam Thresia Puthenparampil, St. Basil's Manimala

**5th Rank Holders of B Category**

Alna Rosna Savi ,St. Joseph's Philgiri
Josna Roby Thomas, St. Micheal's Thathampally
Dony Dominic, Little Flower, Arpookkara
Noel Joseph, Little Flower, Arpookkara
Sara Liza Binoy, Ranigiri, Mannamthala
Diya Maria Saly, St. Sebastian's Ayarkunnam
Maria Joseph, MarthMariam Cheppumpara
Suhitha Therese, Little Flower, Arpookkara
Karolin Mathew, Little Flower, Arpookkara
Treesa James, St. Xavier's Thrikodithanam
Sahiya Maria Joseph, Holy Family Podippara
Dona Thomas, St. Rita"s Thakazhy
Sneha Philson, Fathima matha Pallikkuttumma
Maria Antony, Holy Magi Manimala
Dona Thomas, St. Mary's Mayam
Angel Maria Roy St. Mary's Athirampuzha

**CATEGORY C**

Sijo Varghese St. Mary's Parel - 1st Rank
Teena Jacob , Lourde, Thiruvananthapuram - 2nd Rank
Mareena Mathew, St. Antony's Puthuppally - 3rd Rank

**4th Rank Holders of C Category**

Anjana Abraham St.Mary's Kadayanickade
Tessy Tom, St. Mary's Thekkupara
Jeena Sunny Cheeramvelil, St. Sebastian's Mahendrapuram
Alen Grace, Little Flower, Arpookkara
Litty Therese Biju, Little Flower, Arpookkara
Sr. Alphy Anna Antony, Holy Family, Mudiyoorkkara
Tom Jose Thekkedathe, St. Mary's Pulincunnu

**5th Rank Holders of C Category**

Teena P.K. Little Flower, Arpookkara
Teslin James, Little Flower, Arpookkara
Amal Sabu, Lourde Matha Paipad
Roshina Joseph, St. Mary's Ithithanam
Teena Joseph F.C.C, St. Antony's Puthuppally
Amala Shyam St. Mary's Athirampuzha
Josmy John St. Antony's Puthuppally
Anna Maria Shaji, Little Flower, Arpookkara
Sneha Sebastian, Holy Family Podippara
Aswin Jimmy, Little Flower, Arpookkara
Sr. Liz James, St. Antony"s Puthuppally
Sumi George, St. Mary's Athirampuzha

Linta Joseph, St. Antony"s Puthuppally
Anu Maria Jose  St. Mary's Pulincunnoo
Alphonsa Thomas, Fathima matha, Fatthimapuram

**CATEGORY  D**

Nidhy Anton Kailath, Lourde Matha Mammod - 1st Rank
Neena Sebastian  St. James Karikkattoor - 2nd Rank
Sherin Sovichan, St. Antony's Muthoor - 3rd Rank

**4th Rank Holders of  D Category**

Beena Monichan  St. Mary's Eravuchira
Julie Jacob, Nithya sahaya matha, Karavalloor
Rani Louis, St. Mary's Vadakkekara
Elizabath Varghese, Ranigiri Mannamthala
Sr. Elsy F.D.S.H.J, St. Joseph's  Manackachira
Asha  Jaison  Kallukalam,  St. Mary's Parel
Mary Regi, Mar Aprem  Arumannoore

**5th Rank Holders of  D Category**

Shini Tom  St. Mary's Pulincunnu
Antony Joseph,  St. Alphonsa Chathanad
Shiji Varghese, St. Alphonsa Mavelikkara
Joma Philip, Lourde Matha Paipade
Blessy Sony Arupathilchira,  I.H.Kaithavana
Filsy Sanel,  St. Gregorious Kidangara
Bindu Sabu Lourde Matha Paipade
Sebastian P Joseph, St. Antony's Mylady
Manju Manoj, Mar Sleeva, Pazhavangady
Sini Tom  St. Mary's Thekkupara
Salomy George, St. Xavier's Kattachira
Bijimol Roy,  Sacred Heart Chethipuzha
Linsamma Sebastian, St. Antony's Cheepumkal
Sherlykutty Antony,  St. Thomas Ashramam, Kavalam
Soya Pradeep, Holy Family Mudiyoorkkara

**CATEGORY  E**

Thomaskutty Jose Vallavanthara, St. Gregoriuos Punnapra - 1st Rank
Jessy Jose  , Sacred Heart Thiruvallom -  2nd Rank
Eliyamma Chackappan, All Saints  Vithura - 3rd Rank

**4th Rank Holders of E Category**

Jainamma Mathew, St. Mary's Athirampuzha
Shally Sebastian, Sacred Heart Punalur
Lissy Victor, St. Thomas Kumaranelloor
Lusiamma Joseph  Little Flower, Ariyad
Gracy Raju, Ranigiri Mannamthala
Tessy Benziger,  Lourde Thiruvananthapuram
Laisamma Tomy Kannamthara  Holy Family Podippara

**5th Rank Holders of  E Category**

Moly Jose  Valliara, Nava Nazarath Kumarakom
Mariamma Jose   St. Mary's Kudamalloor
Ancy Antony, St. Thomas Nalpathimala
Annamma   Malayathuruthil, St. Mary's Vettimukal
K.J. Joseph, St. Thomas Pallikkunne
Sylvia Mathew, S.H. Karimpanakulam
Regi George Lourde Matha  , Paipade
Aliyamma Mathew   St. Theresas Vazhappally
Mary Sebastian  St. Xavier's Kattachira
Tresiakutty Joseph  Holy Family  Mudiyoorkkara
Tessy Mathew, St. Antony's Kurumpanadom
Mariamma Mathew  Assumption Kurumpanadom
Sr. Titty Francis, St. Jude Yudhapuram
Joseph  PC, St. George Muhamma
Cicily Jose  St. Mary's Athirampuzha

**CATEGORY  F**

Clare Joseph Moolessery  St. Gregorious Punnapra  - 1st Rank
Elsamma George  St. Joseph's Ramankary - 2nd Rank
Lissy Peter,  St. Alphonsa Chathanad - 3rd Rank

**4th Rank Holders of  F Category**

Mariamma Joseph Madappat, St. Joseph's Vaipur
P. D. Joseph, St. Antony's Mylady
Thankamma Joseph Ranigiri, Mannamthala
Rosamma Thomas  Kolettu, St. Xavier's Thrikodithanam
P.O.Joseph  Arackal, Lourde Matha, Thazhathuvadakara
Dr. Jose Ettolil, Getsamany, Vazhappally
Annamma  Mathew, MarSleeva Pazhavangady

**5th Rank Holders of  F Category**

Sr. Jency CHF, Assumption, Changanacherry
Marykutty Varghese, St. George Muttar
Rosamma  Kurian, Malayil, Marsleeva Pazhavangady
Kochurani Antony Marsleeva Pazhavangady
Thankamma  John St. Gregorious  Punnapra
Sr. Philo Paul CMC Marsleeva Pazhavangady
Elsamma Jose  St. George Puthanangady
Claramma Stanes  Lourde Kottayam
Rosamma Chacko  St. James Karikkattor
Elsamma Jose   Lourde Hill, Peroorkkada
Antony P.C, Ranigiri Mannamthala
Scaria Joseph,  St. Joseph's  Kunnamthanam
John C. Cherian  St. Gregorious Punnapra
Antony Thomas Malayil  St. Joseph's Veroor
Mariamma Joseph  St. Antony's Mylady

# ബൈബിൾ പാരായണ മാസാചരണം

## ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത

പ്രിയപ്പെട്ടവരെ,

കെ. സി. ബി. സി യുടെ നിർദ്ദേശപ്രകാരം ചങ്ങനാശ്ശേരി അതിരൂപതയിൽ 24 മണിക്കൂർ വചനപാരായണം ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽവച്ച് സംഘടിപ്പിക്കുന്നു. സാധിക്കുന്നവർ പങ്കെടുക്കുന്നത് അഭികാമ്യമാണ്.

**ഡിസംബർ 14 വെള്ളി**

05:00 pm : വി. കുർബാന,
വചനപ്രദക്ഷിണം
*(കാവുകാട്ട് പിതാവിന്റെ കബറിട പള്ളിയിലേക്ക്)*
ബൈബിൾ പ്രതിഷ്ഠ
**വെരി. റവ. ഡോ. മാണി പുതിയിടം**
*(ബൈബിൾ കമ്മീഷൻ ചെയർമാൻ, ചങ്ങനാശേരി)*

06.00 pm : **സന്ദേശം,**
**വചനപാരായണ ഉദ്ഘാടനം**
: **മാർ ജോസഫ് പെരുന്തോട്ടം**

07:00 p.m. - 08.00 a.m. : **വചനപാരായണം**
*(കൂട്ടായ്മാ തലത്തിൽ-കത്തീഡ്രലൽ ഇടവക)*

ഡിസംബർ 15 ശനി
രാവിലെ 8 മുതൽ
വൈകുരേം 5 വരെ : **വചനപാരായണം**
**സങ്കീർത്തനാലാപനം**
*(അതിരൂപതയിലെ വിവിധ കോൺഗ്രിഗേഷനുകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും നേതൃത്വത്തിൽ)*

05. 00 p.m. : **വി. കുർബാന**
റവ. ഡോ. ഐസക്ക് ആലഞ്ചേരി
*(ചാൻസിലർ)*
: **വചനസന്ദേശം**
റവ. ഡോ. ജോൺസൺ പുതുശ്ശേരി
*(കെ. സി. ബി. സി ബൈബിൾ കമ്മീഷൻ സെക്രട്ടറി)*



06. 00 pm : **വചന ജപമാല**
**സമാപനം**

*ഏവരുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.*

**ഫാ. മാണി പുതിയിടം**
*(ബൈബിൾ കമ്മീഷൻ ചെയർമാൻ)*

**ഫാ. ജെന്നി കായംകുളത്തുശേരി**
*(ഡയറക്ടർ ബൈബിൾ അപ്പോസ്തലേറ്റ്)*

സ്നേഹമുള്ള പ്രവാസി സഹോദരങ്ങളെ,

ആരാധനാവത്സരത്തിലെ ആദ്യകാലമായ മംഗള വാർത്തയിലേക്ക് നാം പ്രവേശിക്കുമ്പോൾ ലോകരക്ഷകനായ ഈശോമിശിഹായുടെ പിറവിക്ക് ഒരുങ്ങുവാൻ പ്രവാസികളായ എല്ലാ സഹോദരങ്ങൾക്കും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. തന്റെ താഴ്മയിൽ ദൈവത്തിന്റെ കടാക്ഷം തിരിച്ചറിഞ്ഞ പരിശുദ്ധ കന്യകാ മറിയം ഉണ്ണിമിശിഹായ്ക്ക് ജന്മമേകിയതുപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരിക്കുന്ന എല്ലാ സഹോദരങ്ങളുടേയും ഉള്ളിൽ ഉണ്ണിമിശിഹായുടെ ചൈതന്യം നിറയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. രൂപംകൊണ്ട് പുതിയ മനുഷ്യരായിതീരാൻ കഴിയട്ടെ.

അതിരൂപത പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പ്രവാസി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ തൃക്കൊടിത്താനം ഫൊറോനായിലെ പ്രതിനിധി സമ്മേളനം തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ നടത്തപ്പെട്ടു. പുതിയ ഫൊറോന ഡയറക്ടറായി സ്ഥാനമേറ്റ റവ. ഡോ. ജോസ് കൊച്ചുപറമ്പിലച്ചന് ആശംസകളും, അനുമോദനങ്ങളും നേർന്നു. തുടർന്നു നടന്ന സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോസ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. തൃക്കൊടിത്താനം ഫൊറോനാ വികാരി പെരിയ ബഹുമാനപ്പെട്ട വർഗീസ് കാലായിലച്ചൻ ഉദ്ഘാടനം നിർവഹിച്ചു. ''വിദേശ തൊഴിൽ സാധ്യതകളും പ്രവാസി പുനരധിവാസ ക്ഷേമ പദ്ധതികളും'' എന്ന വിഷയത്തെക്കുറിച്ച് നോർക്ക റിക്രൂട്ട്മെന്റ് അസി. മാനേജർ ശ്രീ. മോഹനൻ വി. നായർ ക്ലാസ് നയിച്ചു. അതിരൂപത പ്രവാസി ഡയറക്ടർ ഫാ. സണ്ണി പുത്തൻപുരയ്ക്കൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. മാത്യു മണിമുറിയിൽ, ശ്രീ. സെബാസ്റ്റ്യൻ പത്തിൽ, ശ്രീ. തോമസ് കുഴിമണ്ണിൽ, ശ്രീ. മാത്യു മനയത്തുശ്ശേരി, ശ്രീ. ജോസ് കളരിയ്ക്കൽ, ശ്രീ. ജയിംസ് അരീക്കുഴിയിൽ, ശ്രീ. സോജൻ കിഴക്കേവീട് എന്നിവർ പങ്കെടുത്തു.

## പഞ്ചവത്സര പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നടപ്പാക്കുന്നവ

1. **പ്രവാസി സംരംഭകരും, യുവജനങ്ങളുമായുള്ള അഭിമുഖം** (അതിരൂപത യുവദീപ്തി, എസ്.എം.വൈ.എം. സഹകരണത്തോടെ പ്രവാസി അപ്പോസ്തലേറ്റ് നടത്തുന്നു).
2. **Pre-departures orientation programme**
   അതിരൂപതയിലെ നേഴ്സിംഗ് പാസ്സായി വിദേശത്ത് തൊഴിൽ അന്വേഷിക്കുന്നവർക്കായി നോർക്ക-സി.എം.ഡി. സഹകരണത്തോടെ ഏകദിന സെമിനാർ നടത്തുന്നു.
3. **പ്രവാസികൂട്ടായ്മകൾ**
   ഇടവകകളിൽ പ്രവാസി കൂട്ടായ്മകൾ നടത്തുവാൻ പ്രതിനിധികൾ വികാരിയച്ചനുമായി ചേർന്നു സഹകരിക്കുകയും, അവരുടെ മീറ്റിംഗുകൾ നടത്തുകയും വേണം.
4. **പ്രവാസി രജിസ്റ്റർ**
   എല്ലാ ഇടവകകളിലും പ്രവാസി കുടുംബങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കാനുള്ള രജിസ്റ്റർ തയ്യാറായി വരുന്നു. ജനുവരി ആദ്യംമുതൽ പ്രവാസി ഓഫീസിൽ നിന്നും രജിസ്റ്റർ ബുക്കുകൾ ലഭിക്കുന്നതാണ്.

### ആവേ മരിയ ഹോളിഡെയ്സ് ആൻഡ് വെഞ്ചേഴ്സ്

ആവേ മരിയ ഹോളിഡെയ്സിന്റെ പ്രഥമ വിശുദ്ധനാട് സന്ദർശനം 2019 ഏപ്രിൽ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. താൽപര്യമുള്ള വർ പ്രവാസി ഓഫീസുമായി ബന്ധപ്പട്ട് ബുക്ക് ചെയ്യാവുന്നതാണ്. സന്ദർശന തീയതിയും, തുകയും പിന്നീട് അറിയിക്കുന്നതാണ്.

കോൺടാക്റ്റ് നമ്പർ: 9847809148

### ഇതര സംസ്ഥാന തൊഴിലാളി സംഗമം

അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ ജോലിയ്ക്കായി എത്തിയിരിക്കുന്ന കത്തോലിക്കരായ ഇതര സംസ്ഥാന തൊഴിലാളികളുടെ സംഗമം നടത്തുവാൻ ആഗ്രഹിക്കുന്നു. ഇങ്ങനെയുള്ള തൊഴിലാളികൾ ഏതെങ്കിലും ഇടവകയിൽ ഉണ്ടങ്കിൽ പ്രവാസി ഓഫിസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### യുവജനങ്ങൾക്ക് വിദേശത്തു തൊഴിലവസരം

1. കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ് ലാംഗ്വേജ് കഴിഞ്ഞവർക്ക് (MVC developers Technical Requirements, ASP.NET, MVC C#, SQL Server, Java Script, Typescript)
2. UAE യിൽ കൺസ്ട്രക്ഷൻ മേഖലയിൽ 10 ഹെൽപ്പേഴ്സ്, 10 ഇലക്ട്രീഷ്യൻസ്, 5 പ്ലംബേഴ്സ് എന്നിവർക്ക് ഒഴിവുകൾ ഉണ്ട്.

   Salary - Helpers ന് AED 900+200+accommodation.

   Electricians and Plumbers - AED 1200 + 300 + accomodation.

ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവകയിൽ മേൽപ്പറഞ്ഞ പോസ്റ്റിലേക്ക് അനുയോജ്യരായവർ ഉണ്ടെങ്കിൽ പ്രവാസി ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9207470117

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ)

## ചങ്ങനാശേരി സോണൽ കരിസ്മാറ്റിക് കൺവൻഷൻ

ഡിസംബർ 27,28,29 തീയതികളിൽ രാവിലെ 9 മുതൽ വൈകുന്നേരം 4:30 വരെ എസ്.ബി. കോളജ് മാർ കാവുകാട്ട് ഹാളിൽ വച്ച് ചങ്ങനാശേരി കരിസ്മാറ്റിക് കൺവൻഷൻ നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാക്കന്മാരും പ്രമുഖ വചനപ്രഘോഷകരും പങ്കെടുക്കുന്ന കൺവൻഷനിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു. ശാലോം റ്റി. വി. മൂന്നു ദിവസത്തേയും പ്രോഗ്രാം സംപ്രേഷണം ചെയ്യുന്നതാണ്.

**ഫാ. മാത്യു താന്നിയത്ത്,**
*ഡയറക്ടർ*, 9446903631

## ''കൊയ്നോ നോമ്പ് - 2018'' എക്യുമെനിക്കൽ യുവജന സംഗമം

ചങ്ങനാശ്ശേരി അതിരൂപതാ യുവദിപ്തി-എസ്.എം.വൈ. എമ്മിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ മാർ പടിയറ ഹാളിൽ വച്ച് ''കൊയ്നോ നോമ്പ് 2018'' എന്ന പേരിൽ എക്യുമെനിക്കൽ യുവജന സംഗമം നവംബർ 6 ന് രാവിലെ 10 മണി മുതൽ 3 മണി വരെയുള്ള സമയത്ത് നടത്തി. അതിരൂപതാ പ്രസിഡന്റ് ഷിജോ ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ''കൊയ്നോ നോമ്പ് – 2018'' ഉദ്ഘാടനം ചെയ്തു. മലങ്കര സിറിയൻ ക്നാനായ മെത്രാപ്പോലീത്താ കുര്യാക്കോസ് മോർ ഇവാനിയോസ് അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര സ്വാഗത പ്രസംഗം നടത്തി. റവ. ഡോ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ, വെരി. റവ. ഡോ. കുര്യാക്കോസ് മൂലയിൽ കോർ എപ്പിസ്കോപ്പ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സി.ബി.സി.ഐ. ഓഫീസ് ഫോർ ഡയലോഗ് ആന്റ് എക്യുമെനിസം സെക്രട്ടറി റവ. ഡോ. ജോബി കറുകപറമ്പിൽ, ന്യൂനപക്ഷ കമ്മീഷൻ ആലപ്പുഴ ജില്ലാ ചെയർമാൻ ഫാ. സെബാസ്റ്റ്യൻ പുന്നയ്ക്കൽ കെ.സി.വൈ.എം., സംസ്ഥാന സെക്രട്ടറി ജോമോൾ ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു. ഇവരെ യുവജന സംഗമത്തിൽവച്ച് ആദരിക്കുകയും ചെയ്തു. എല്ലാ സഭകളിൽനിന്നുമുള്ള പ്രതിനിധികൾ അവരവരുടെ സംഘടനകളുടെ ദർശനങ്ങളും, ചരിത്രവും, പ്രവർത്തനങ്ങളും പങ്കുവച്ച് സംസാരിച്ചു: അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ആൻമരിയ ജോസ് നന്ദി അർപ്പിച്ചു. ലാലിച്ചൻ മറ്റത്തിൽ, അഖിൽ ജോർജ് ചാക്കോ, ടോണി മണിമലപറമ്പിൽ, സി. സെലിൻ ജോസ് എസ്.ഡി., ബ്രദർ ഹെൻട്രി, റോസ് മരിയ സെബാസ്റ്റ്യൻ, അഞ്ജലി പി. തോമസ്, സിനാ ചെറിയാൻ, ശ്യാം കെ. ജോസഫ്, സിറിയക് തോമസ്, റ്റിൻസി തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ''ദ്യുതി - 2018'' വനിതാക്യാമ്പ്

അതിരൂപതാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ''ദ്യുതി – 2018'' വനിതാ ക്യാമ്പ് (ത്രിദിന) ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നവംബർ 9,10,11 തീയതികളിൽ നടത്തി. 9–ാം തീയതി വൈകുന്നേരം 7 മണിക്ക് അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ആൻ മരിയ ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ സി. ഡോ. ചെറുകുസുമം ക്യാമ്പ് ഉദ്ഘാടനം ചെയ്ത് അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖ പ്രസംഗം നടത്തി. സി. സെലിൻ ജോസ് എസ്.ഡി., ഷിജോ മാത്യു ഇടയാടി, അഞ്ജലി പി. തോമസ്, റോസ് മരിയ സെബാസ്റ്റ്യൻ, അനു ആനി ജോസഫ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, ആർച്ചു ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ എന്നിവർ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. മാർ തോമസ് തറയിൽ റവ. ഡോ. ജേക്കബ് കോയിപ്പള്ളി, ഡോ. റോസമ്മ ജോസി, ഫാ. ജേക്കബ് ചക്കാത്ര, ജാൻസിമോൾ അഗസ്റ്റിൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സീനാ ചെറിയാൻ, റ്റിൻസി തോമസ് എന്നിവർ ക്യാമ്പ് ചീഫ്മാരായി പ്രവർത്തിച്ചു.

## ആലപ്പുഴ ഫൊറോനാ ക്യാമ്പ്

ആലപ്പുഴ ഫൊറോനാ യുവദീപ്തി എസ്.എം.വൈ.എമ്മിന്റെ ഒക്ടോബർ 26,27,28 തീയതികളിൽ മാർ സ്ലീബാ ഫൊറോനാ ചർച്ച് പഴവങ്ങാടിയിൽ വച്ചു നടത്തി. ജിബിൻ കെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച്

ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജസ്റ്റിൻ വഞ്ചിക്കൽ, യൂണിയൻ ഡയറക്ടർ ഫാ. തോമസ് മുട്ടേൽ അതിരൂപതാ ജനറൽ സെക്രട്ടറി അഖിൽ ജോർജ് ചാക്കോ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മാർഗ്ഗനിർദ്ദേശ പ്രസംഗം നടത്തി. ജിൻസ് ഫാറയ്ക്കൽ, ഫാ. ബിന്നി കൈയ്യാനിൽ, ഫാ. ജേക്കബ് ചക്കാത്ര, അഡ്വ. ജോജി ചിറയിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. റ്റോണി മൈക്കിൾ, ജോസ്ന വി.എം., ജെറിൻ ജോസഫ്, മെറീനാ തോമസ്, അഞ്ജലി പി. തോമസ്, ബ്രദർ ഹെൻട്രി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

### അമ്പൂരി ഫൊറോനാ പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ്

നവംബർ 16,17,18 തീയതികളിൽ വെഞ്ഞാറംമൂട് അമലാ പാസ്റ്ററൽ സെന്ററിൽ വച്ച് അമ്പൂരി ഫൊറോനായുടെ ക്യാമ്പ് നടത്തി. ഫൊറോനാ പ്രസിഡന്റ് റ്റോണി മൈലാടിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവെച്ച് അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് നടുവിലേക്കളം മാർഗ്ഗനിർദ്ദേശ പ്രസംഗം നടത്തി. ഫാ. ആന്റണി കാച്ചാംകോട്ട്, ടോണി മൈലാടികുന്നേൽ, സി. ആൻസിലിൻ എസ്.എച്ച്. എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

### യുവദീപ്തി ജന്മദിനം

യുവദീപ്തിയുടെ 46–ാമതു ജന്മദിനാഘോഷങ്ങൾ ഡിസംബർ 3ന് തിങ്കളാഴ്ച 3 മണിക്ക് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നു.

### "യൂത്ത് എലൈവ് - 2018"

ഡിസംബർ 9 ശനിയാഴ്ച രാവിലെ 9 മുതൽ 4 മണി വരെ കാവുകാട്ടുഹാളിൽവച്ച് ''യൂത്ത് എലൈവ് - 2018.'' യുവജന കൺവൻഷൻ നടത്തുന്നു വി. കുർബാന ഉദ്ഘാടന സമ്മേളനം, കൺവൻഷൻ പ്രഭാഷണം, കലാപരിപാടികൾ, യുവജനറാലി എന്നിങ്ങനെയാണ് ''യൂത്ത് എലൈവ്.'' ക്രമീകരിച്ചിരിക്കുന്നത്.

### പ്രഥമ ചാവറ തീർത്ഥാടനം - ഡിസംബർ 30ന്

വിശുദ്ധ അൽഫോൻസാമ്മയുടെ മാതൃഇടവകയിൽ നിന്നും വി. ചാവറ പിതാവിന്റെ കബറിടത്തിലേക്ക് ഡിസംബർ 30 ന് യുവദീപ്തി എസ്.എം.വൈ.എം. തീർത്ഥാടനം നടത്തുന്നു.

### ഡിസംബർ മാസത്തിലെ പരിപാടികൾ

| | | |
|---|---|---|
| ഡിസംബർ 2 | – | ഫൊറോനാ യൂത്ത് അസംബ്ളികൾ |
| ഡിസംബർ 3 | – | ജന്മദിനാഘോഷം |
| ഡിസംബർ 9 | – | 'യൂത്ത് എലൈവ്' എസ്. ബി. കോളേജ് |
| ഡിസംബർ 16 | – | ഫൊറോനാ സന്ദർശനം |
| ഡിസംബർ 22 | – | ക്രിസ്മസ്സ് ആഘോഷം |
| ഡിസംബർ 24,25 | – | ക്രിസ്മസ്സ് |

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ 784-ാമതും കൂരിയായുടെ 1024-ാമതും പ്രതിമാസ പ്രാർത്ഥനാ സമ്മേളനം പ്രസിഡന്റ് ബ്രദർ തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ 11.11.2018-ൽ ഉച്ചകഴിഞ്ഞ് 2:30 ന് പാറേൽ ലീജിയൻ ഹാളിൽവെച്ച് നടക്കുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് നിയമഗ്രന്ഥം ചാപ്റ്റർ 13 ''ലീജിയന്റെ അംഗത്വം'' യോഗ്യതയുള്ള കത്തോലിക്കർക്കെല്ലാം ലീജിയന്റെ അംഗങ്ങൾ ആകാവുന്നതാണ് എന്ന ഭാഗങ്ങൾ വായിച്ചു.

ബഹു. ആദ്ധ്യാത്മികനിയന്താവ് റവ. ഫാ. ജോജോ പുതുവേലിനോടൊപ്പം കമ്മീസിയം ഭാരവാഹികൾ എല്ലാവരും, കൂത്രപ്പള്ളി, അതിരമ്പുഴ കൂരിയാകളിൽനിന്നു വന്നിരുന്ന ഭാരവാഹികളും ചങ്ങനാശേരി കമ്മീസിയം ആയിട്ട് നേരിട്ടു ബന്ധമുള്ള 25 പ്രസീദിയങ്ങളെ പ്രതിനിധീകരിച്ചുവന്നിരുന്ന മരിയൻ സൈനികരും പുതിയതായി ആരംഭിച്ച രാജമറ്റം സ്വർലോകരാജ്ഞി പ്രസീദിയം ഭാരവാഹികളും ഉൾപ്പെടെ ഏകദേശം 46 സൈനികർ സന്നിഹിതരായിരുന്നു.

ഖജാൻജി ഒക്ടോബർ മാസത്തിലെ വരവു ചെലവു കണക്കുകൾ സെക്രട്ടറി അതുപോലെ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. കണക്കുകളും റിപ്പോർട്ടും യോഗം പാസ്സാക്കുകയും ബഹുമാനപ്പെട്ട ഡയറക്ടർ അച്ചനും പ്രസിഡന്റും അതിൽ ഒപ്പു വയ്ക്കുകയും ചെയ്തു.

തൃക്കൊടിത്താനം, തുരുത്തി എന്നീ പ്രസീദിയങ്ങൾ അവരുടെ സെപ്റ്റംബർ സമ്മേളന റിപ്പോർട്ടും കുറുമ്പനാടം അസംഷൻ ഒരു വർഷത്തെ വാർഷിക റിപ്പോർട്ടും കൂടാതെ രാജമറ്റം സ്വർലോകരാജ്ഞി അവരുടെ റീ ഓപ്പണിംഗ് റിപ്പോർട്ടും അവതരിപ്പിച്ചു.

2018 ഒക്ടോബർ 26 ഉച്ചകഴിഞ്ഞ് 3:00 പിം.എം.ന് രാജമറ്റം തിരുഹൃദയ ദൈവാലയത്തിൽ കൂടിയ പ്രാർത്ഥനാ യോഗത്തിൽ ബഹുമാനപ്പെട്ട വികാരി റവ. ഫാ. ജയിംസ് കുടിലിൽ അദ്ധ്യക്ഷത വഹിക്കുകയും ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. ജോജോ പുതുവേലിലും കമ്മീസിയം ഭാരവാഹികളും സന്നിഹിതരാകുകയും ചെയ്തു. തെസ്സേരാ പ്രാർത്ഥനകൾക്കിടയിൽ പുതിയ പ്രസീദിയം ഭാരവാഹികളെ തിരഞ്ഞെടുത്തു. സഹോദരി ബിന്ദുബിനു കൊണ്ടോടി പ്രസിഡന്റായും സഹോദരി ത്രേസ്യാമ്മ ബിജു മരങ്ങാട്ട് വൈസ് പ്രസിഡന്റായും സഹോദരി ഓമന വർഗ്ഗീസ് പുതുക്കാട്ട് സെക്രട്ടറി ആയും സഹോദരി സെലിനാമ്മ ജോസഫ് കൈനിക്കര ഖജാൻജി ആയും സ്ഥാനമേറ്റു.

ബഹുമാനപ്പെട്ട ജോജോ അച്ചന്റെ പ്രഭാഷണത്തിനുശേഷം ജപമാല റാലി വിലയിരുത്തൽ ചർച്ച നടന്നു. 2018 ഒക്ടോബർ 28 ഉച്ചകഴിഞ്ഞ് അരമന ഗ്രോട്ടോയിൽനിന്നും പാറേൽ പള്ളിയിലേക്ക് ജപമാല റാലി പുറപ്പെടുന്നതിനു മുൻപ് ചങ്ങനാശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ മാർ പൗവ്വത്തിൽ പിതാവ് ലീജിയൻ ഓഫ് മേരിയെ അഭിസംബോധന ചെയ്ത് ആമുഖ അനുഗ്രഹപ്രഭാഷണം നടത്തിയത് മരിയൻ സൈനികർക്ക് വളരെ പ്രചോദനം നൽകി. അനാരോഗ്യത്തെ വകവെയ്ക്കാതെ പിതാവു നടത്തിയ പ്രഭാഷണത്തിനും അനുഗ്രഹത്തിനും ബഹു. ജോജോ അച്ചൻ നന്ദി പറഞ്ഞ് സംസാരിച്ചു. ജപമാല റാലി പാറേൽ പള്ളിയിൽ എത്തിയപ്പോൾ വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ മരിയൻ സൈനികരുടെ പ്രാർത്ഥനകളും ത്യാഗമനോഭാവവും വളരെ വിലയുള്ളതാണെന്നു പറയുകയും മാതാവിന്റെ ഗുണങ്ങളെ അനുകരിച്ച് ജീവിക്കുവാൻ ആഹ്വാനം ചെയ്യുകയും വിശുദ്ധ ബലി അർപ്പിക്കുകയും എല്ലാ ലീജിയൻ അംഗങ്ങളും ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്തു.

28.11.2018

ചീരഞ്ചിറ സെന്റ് ജോർജ് ചർച്ച് റോസ മിസ്റ്റിക്ക പ്രസീദിയത്തിന്റെ ആഭിമുഖ്യത്തിൽ ഇടവക ദൈവാലയത്തിൽ രാവിലെ പത്തു മുതൽ വിശുദ്ധ കുർബാന എഴുന്നള്ളിച്ചു വെച്ചുള്ള ആരാധനയോടുകൂടിയ അഖണ്ഡ ജപമാല വൈകിട്ട് 2:30 മുതൽ 5:00 പി.എം. വരെ ഉണ്ടായിരിക്കുന്നതാണ്.

**1.12.2018**

ചങ്ങനാശേരി അതിരൂപത ലീജിയൻ ഓഫ് മേരിയുടെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാദിനമായി 10:00 എ.എം. മുതൽ 5:00 പി.എം. വരെ പാറേൽ പള്ളിയിൽ ആചരിക്കും.

**30.12.2018**

ലീജിയൻ ഓഫ് മേരിയുടെ വാർഷിക സമ്മേളനം പാറേൽ പുരയ്ക്കൽ ഹാളിൽ വെച്ച് 2:00 പി. എം. ന് നടക്കുന്നതായിരിക്കും.

അവസാന ജപവും ചൊല്ലി, ചെറിയ ചായസൽക്കാരത്തിനുശേഷം ദൈവദാസൻ ഫ്രാങ്ക്ഡഫിന്റെ നാമകരണ ജപവും ചൊല്ലി ബഹമാനപ്പെട്ട ജോജോ അച്ചന്റെ അനുഗ്രഹ ആശീർവ്വാദവും സ്വീകരിച്ച് അംഗങ്ങൾ സ്വഭവനങ്ങളിലേയ്ക്കുപോയി.

കമ്മീസിയത്തിനുവേണ്ടി,

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ഡിസംബർ മാസത്തിലെ പ്രോഗ്രാം

**ഡിസംബർ**

| | |
|---|---|
| 1-2 | അതിരൂപതാ അൾത്താര ബാലന്മാരുടെ ധ്യാനം |
| 2-5 | കരുവാറ്റ ഇടവകയുടെ ധ്യാനം |
| 11-12 | അതിരൂപതാ വൈദിക തുടർ പരിശീലന പ്രോഗ്രാം |
| 12 | നിശാരാധന (6 p.m. - 10 p.m.) |
| 14-15 | അത്മായ വചനപ്രഘോഷകരുടെ സർട്ടിഫിക്കറ്റ് പുതുക്കൽ കോഴ്സ്. |
| 19 | ജാഗരണപ്രാർത്ഥന |
| 20 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| 21-23 | വിവാഹ ഒരുക്ക ധ്യാനം |
| 27-29 | സോണൽ കരിസ്മാറ്റിക് കൺവൻഷൻ എസ്.ബി. കോളജ് ചങ്ങനാശേരി |
| 29-ജനു.1 | വിശ്വാസാനുഭവ - ആന്തരികസൗഖ്യ ധ്യാനം (29-ാം തീയതി ശനിയാഴ്ച 5:00 p.m. ന് ആരംഭിച്ച് ജനുവരി 1 ന് 8 p.m. ന് അവസാനിക്കുന്നു. |

**ഫാ. മാത്യു താന്നിയത്ത്,**
*ഡയറക്ടർ*, 9446903631

*(Secular Franciscan Order - SFO)*

**''സമാധാനം – സൗഭാഗ്യം''**

പ്രിയ സഹോദരീ സഹോദരന്മാരെ,

മംഗളവാർത്താകാലത്തിലേക്ക് കടന്നിരിക്കുന്ന നമ്മൾ പുൽക്കൂട്ടിൽ പിറന്ന ഉണ്ണി ഈശോയെ വരവേൽക്കുന്നതിനുള്ള ഒരുക്കത്തിലാണല്ലോ. അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ കാഴ്ചപ്പാടിൽ ''ക്രിസ്തുമസ്സ് തിരുനാളുകളുടെ തിരുനാളാണ്.'' സൃഷ്ടാവ് സൃഷ്ടിയായി ദൈവം നമ്മുടെ കൂടെയായ ദിവസം.

ദൈവത്തിന്റെ മനുഷ്യാവതാരത്തിലെ എളിമ വി. ഫ്രാൻസീസിന്റെ പരമപ്രധാനമായ ധ്യാനവിഷയങ്ങളിൽ ഒന്നായിരുന്നു. സർവ്വത്തിന്റെയും ശക്തൻ ബലഹീനനായി. സർവ്വസമ്പന്നൻ മഹാദരിദ്രനായി; പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്ന ദൈവം ചെറിയ ശിശുവായി; സർവ്വബോധജ്ഞാനി ബുദ്ധിയില്ലാത്ത മൃഗങ്ങളോട് സഹവസിക്കുവാൻ തിരുമനസ്സായി.

ലോകത്താദ്യമായി പുൽക്കൂട് ഒരുക്കി ഉണ്ണീശോയെ വരവേറ്റത് വി. ഫ്രാൻസീസ് ആയിരുന്നു. നമുക്കും നമ്മുടെ ഹൃദയം ഉണ്ണീശോയ്ക്ക് പിറക്കുവാനുള്ള പുൽക്കൂടായി ഒരുക്കാം. സമസ്ത ലോകത്തിനും സമാധാനത്തിന്റെയും, സൗഭാഗ്യത്തിന്റെയും സന്ദേശമായി സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെ എല്ലാവിധ മംഗളങ്ങളും ആശംസിക്കുന്നു.

## SFO ചങ്ങനാശേരി അതിരൂപതാ വാർഷീകവും, ശതോത്തര സുവർണ്ണ ജൂബിലി സമാപനവും ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 110-ാം ചരമവാർഷിക അനുസ്മരണവും

ഫ്രാൻസിസ്കൻ അല്മായസഭ (SFO) യുടെ ശതോത്തര സുവർണ്ണ ജൂബിലി സമാപനവും, കേരളാ അസ്സീസി ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 110-ാം ചരമ വാർഷീക അനുസ്മരണവും SFO ചങ്ങനാശേരി അതിരൂപതാ വാർഷീകവും 2018 നവംബർ 4-ാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ 4 മണിവരെ എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ വെച്ച് സമുചിതമായി ആചരിച്ചു. രാവിലെ 9 മണിക്ക് എടത്വാ, കുട്ടനാട്, കുറുമ്പനാടം, വാഴപ്പള്ളി എന്നീ 4 റീജണുകൾ തിരിച്ച് കൗണ്ടറുകൾ ക്രമീകരിച്ച് രജിസ്ട്രേഷൻ നടത്തി. തുടർന്ന് മനോഹരമായി അലങ്കരിച്ച പാരീഷ് ഹാളിൽ എല്ലാവരും ഒത്തുകൂടി പ്രഭാത പ്രാർത്ഥന നടത്തി. തുടർന്ന് 10 മണിക്ക് ''കുടുംബജീവിതം ഫ്രാൻസിസ്കൻ ജീവിതശൈലിയിൽ'' എന്ന വിഷയത്തിൽ മൂവാറ്റുപുഴയിൽ ലൊറെറ്റോ ആശ്രമത്തിലെ നൊവീസ് മാസ്റ്ററും ധ്യാനഗുരുവുമായ റവ. ഫാ. തോമസ് കാഞ്ഞിരക്കോണം OFM Cap. ഒന്നര മണിക്കൂർ സമയം ക്ലാസ്സ് നയിച്ചു. 11:30 ന് പൊതുസമ്മേളനം ആരംഭിച്ചു. SFO ചങ്ങനാശേരി അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൻ അദ്ധ്യക്ഷത വഹിച്ചു. SFO ചങ്ങനാശേരി അതിരൂപതാ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. സ്വാഗതവും അതിരൂപതാ സെക്രട്ടറി സഹോദരി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ടു SFO വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. മാവേലിക്കര

രൂപതാ അദ്ധ്യക്ഷനും കെ.സി.ബി.സി. അല്മായ കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചനെന്ന അല്മായൻ നമ്മെയെല്ലാം അതിശയിപ്പിക്കുന്ന തരത്തിൽ ദൈവതിരുഹിതം നിറവേറ്റിയും അല്മായൻ എന്ന തരത്തിൽ സഭയിലും സമൂഹത്തിലും കുടുംബ ത്തിലും ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ് എന്ന് നമ്മെ ബോധ്യപ്പെ ടുത്തുന്ന ജീവിതമാണ് നയിച്ചതെന്നും. 110-ാം ചരമവാർഷികം ആഘോഷിക്കു മ്പോൾ അദ്ദേഹം ഇന്നും ജനഹൃദയങ്ങളിൽ ഓർക്കുന്നുവെങ്കിൽ തീർച്ചയായും അദ്ദേഹം വിശുദ്ധനെന്ന് ദൈവം നാമകരണം ചെയ്യപ്പെട്ടു കഴിഞ്ഞു എന്നും പിതാവ് ഓർമ്മിപ്പിച്ചു. SFO പ്രൊവിൻഷ്യൽ സ്പിരിച്വൽ അസിസ്റ്റന്റ് റവ. ഫാ. മൈക്കിൾ OFM Cap. പറുശ്ശേരിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണ പ്രഭാഷണം നടത്തി. OFM Cap. മുൻ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. ജോമോൻ ആശാംപറമ്പിൽ OFM Cap. തൊമ്മച്ചൻ നാമകരണ നടപടിക ളുടെ വൈസ് പോസ്റ്റുലേറ്റർ റവ. സി. അനറ്റ് ചാലങ്ങാടി SABS, FCC വൈസ് പ്രൊവിൻഷ്യൽ റവ. സി. ജിയോ മരിയ FCC, SFO അതിരൂപതാ വൈസ് പ്രസിഡന്റ് പ്രമോദ് പി. ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. SFO എടത്വാ റീജണൽ മിനിസ്റ്റർ പ്രൊഫ. മാത്യു ജോർജ് വെള്ളാപ്പള്ളിപുരയ്ക്കൽ സമ്മേ ളനത്തിനു നന്ദിയർപ്പിച്ചു. തുടർന്ന് ഉച്ചഭക്ഷണത്തിനുശേഷം 2:15 ന് തെള്ളകം കപ്പൂച്ചിൻ മേജർ സെമിനാരി റെക്ടർ വെരി. റവ. ഫാ. സെബാസ്റ്റ്യൻ ചുണ്ടക്കാ ട്ടിൽ OFM Cap. ന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന സന്ദേശം എന്നിവ യ്ക്കുശേഷം ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ റവ. ഫാ. വർഗീസ് വാഴയിൽ OFM Cap., റവ. ഫാ. ആന്റണി വെച്ചൂർ OFM Cap., റവ. ഫാ. ജോമോൻ ആശാംപറമ്പിൽ OFM Cap., റവ. ഫാ. സെബാസ്റ്റ്യൻ ചുണ്ടക്കാ ട്ടിൽ OFM Cap., എടത്വാ വികാരി റവ. ഫാ. ജോൺ മണക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ ഒപ്പീസ് പ്രാർത്ഥനയും നടത്തി. എടത്വാ ഫൊറോനാ വികാരി വെരി. റവ. ഫാ. ജോൺ മണക്കുന്നേൽ വിവിധ രൂപതകളിൽ നിന്നും എത്തിയ വൈദികർക്കും SFO അംഗങ്ങൾക്കും പ്രത്യേകം നന്ദിയർപ്പിച്ചു. ഈ പരിപാടികൾക്ക് നേതൃത്വം നൽകിയ SFO എടത്വാ ഭ്രാതൃത്വ പ്രസിഡന്റ് ജോർജ് ജോസഫ് കരിക്കം പള്ളി, മറ്റു റീജണൽ, ഭ്രാതൃത്വ ഭാരവാഹികൾ, SFO അംഗങ്ങൾ, പ്രത്യേകിച്ച് ജോണിക്കുട്ടി തുരുത്തേൽ എന്നിവർക്കും SFO അതിരൂപത കുടുംബത്തിന്റെ നന്ദിയർപ്പിക്കുന്നു.

### നിര്യാതയായി

കാവാലം സെന്റ് തോമസ് കപ്പൂച്ചിൻ ആശ്രമ ഭ്രാതൃത്വത്തിലെ സീനിയർ SFO അംഗം ത്രേസ്യാമ്മ ആന്റണി (86) കൊണ്ടയിൽ നിര്യാതയായി. SFO നേതൃത്വാംഗങ്ങൾ പരേതയുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും സംസ്കാ രകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ!

പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവ തിരുനാളിന്റെയും ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും, പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഒരിക്കൽകൂടി നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**റവ. ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

DCMS ദലിത് കത്തോലിക്കാ മഹാജനസഭ

## ദലിത് കത്തോലിക്കാ മഹാജനസഭ (D.C.M.S.)

### ചങ്ങനാശേരി അതിരൂപത കമ്മറ്റിയുടെ നേതൃത്വത്തിൽ

# വാഹനപ്രചരണജാഥ

**2018 ഡിസംബർ 1, 2 തീയതികളിൽ**

D.C.M.S. സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ മത അടിസ്ഥാനത്തിലുള്ള ദലിത് വിവേചനം അവസാനിപ്പിച്ച് ദലിത് സമൂഹത്തെ ഒരുപോലെ കാണുക. 1950 ആഗസ്റ്റ് 10-ലെ പ്രസിഡൻഷ്യൽ ഓഡർ പിൻവലിക്കുക. 2004 മുതൽ സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാക്കുക. ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ ശുപാർശ നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തുന്ന സമരപരിപാടികളുടെ ഭാഗമായി **2018 ഡിസംബർ 7-ാം തീയതി കോട്ടയത്തു** വച്ചു നടക്കുന്ന **പ്രകടനവും മഹാസമ്മേളനവും** വിജയിപ്പിക്കുന്നതിന് D.C.M.S. ചങ്ങനാശേരി അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ **2018 ഡിസംബർ 1-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് എടത്വാ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിട**ത്തിൽനിന്ന് വാഹന പ്രചരണജാഥ ആരംഭിച്ച് താഴെപ്പറയുന്ന യൂണിറ്റുകൾ സന്ദർശിച്ചു **2-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5:30** നു മാന്നാനം വിശുദ്ധ ചാവറ പിതാവിന്റെ കബറിടത്തിൽ സമാപിക്കുന്നു.

*ഉദ്ഘാടനം:-* **1-ാം തീയതി 9:00 a.m. ന് റവ. ഫാ. ജോൺ മണക്കുന്നേൽ**
*(ഫൊറോനാ വികാരി എടത്വാ)*

*ആശീർവാദം,*
*സമാപനസന്ദേശം:-* **2-ാം തീയതി 5:30 p.m. ന്**
**റവ. ഫാ. സ്കറിയാ എതിരേറ്റ്**
*(പ്രിയോർ സെന്റ് ജോസഫ് ചർച്ച് മാന്നാനം)*

**പ്രാർത്ഥനാദിനാചരണം**

2018 ഡിസംബർ 7-ാം തീയതി സംസ്ഥാന D.C.M.S. ന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രകടനവും മഹാസമ്മേളനവും വിജയിപ്പിക്കുന്നതിനായ് എല്ലാ രൂപതകളും കേന്ദ്രീകരിച്ചു പ്രത്യേക പ്രാർത്ഥനാദിനം ആചരിക്കുക എന്ന നിർദ്ദേശാനുസരണം ചങ്ങനാശേരി അതിരൂപതയിൽ 4.11.2018 ഞായർ ഉച്ചകഴിഞ്ഞു 2 മണിക്കു ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ വച്ചു പ്രാർത്ഥന നടത്തുകയുണ്ടായി. അതിരൂപതാ ഡയറക്ടർ ഫാ. ജെസ്റ്റിൻ കായംകുളത്തുശേരി നേതൃത്വം നൽകി. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര സമാപന സന്ദേശം നൽകി.

## പ്രോഗ്രാം

## 2018 ഡിസംബർ 7 വെള്ളി

2:00 p.m. : **D.C.M.S. സ്ഥാപക പ്രസിഡന്റ് ശ്രീ. പി.എം. മർക്കോസിന്റെ കബറിടത്തിൽ പ്രാർത്ഥനാശുശ്രൂഷ**
*(നല്ലിടയൻപള്ളി സിമിത്തേരി)*
**റവ. ഫാ. തോമസ് പഴുവക്കാട്ടിൽ**
***(D.C.M.S. ഡയറക്ടർ, വിജയപുരം രൂപത)***

| | | |
|---|---|---|
| 2:30 p.m. | : | **സമ്മേളന വിശദീകരണം**<br>**ശ്രീ. പി.ഒ. പീറ്റർ**<br>*(**D.C.M.S.** മുൻ സംസ്ഥാന പ്രസിഡന്റ്)* |
| 3:00 p.m. | : | **റാലി ഫ്ളാഗ് ഓഫ്**<br>**ശ്രീ. സി.സി. കുഞ്ഞുകൊച്ച്**<br>*(**D.C.M.S.** മുൻ സംസ്ഥാന പ്രസിഡന്റ്)* |
| 4:00 p.m. | : | **മഹാസമ്മേളനം** |
| ഈശ്വരപ്രാർത്ഥന | | |
| സ്വാഗതം | : | **റവ. ഫാ. ഡി. ഷാജ്കുമാർ**<br>*(**D.C.M.S.** സംസ്ഥാന ഡയറക്ടർ)* |
| വിഷയാവതരണം | : | **റവ. ഫാ. ജോസ് വടക്കേക്കുറ്റ്**<br>*(സ്വാഗതസംഘ കമ്മിറ്റി ചെയർമാൻ)* |
| ഉദ്ഘാടനം | : | **മാർ ജോസഫ് പെരുന്തോട്ടം**<br>*(മെത്രാപ്പോലീത്താ, ചങ്ങനാശേരി അതിരൂപത)* |
| അദ്ധ്യക്ഷൻ | : | **ശ്രീ. ജയിംസ് ഇലവുങ്കൽ**<br>*(**D.C.M.S.** സംസ്ഥാന പ്രസിഡന്റ്)* |
| മുഖ്യാതിഥി<br>മുഖ്യ പ്രഭാഷണം | : | **ശ്രീ. പ്രകാശ് അംബേദ്കർ** *Ex. MP*<br>*(ദലിത് ദേശീയ നേതാവ്)* |
| അനുഗ്രഹ<br>പ്രഭാഷണങ്ങൾ | : | **മാർ മാത്യു മൂലേക്കാട്ട്**<br>*(ആർച്ച് ബിഷപ്പ്, കോട്ടയം അതിരൂപത)*<br>**റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കത്തെശേരിയിൽ**<br>*(ബിഷപ്പ്, വിജയപുരം രൂപത)*<br>**മാർ ജേക്കബ് മുരിക്കൻ**<br>*(ചെയർമാൻ, കെസിബിസി എസ്.സി/എസ്.റ്റി./ബി.സി.കമ്മീഷൻ)*<br>**റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**<br>*(വൈസ് ചെയർമാൻ, കെസിബിസി എസ്.സി/എസ്.റ്റി./ബി.സി.കമ്മീഷൻ)*<br>**മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**<br>*(വൈസ് ചെയർമാൻ, കെസിബിസി എസ്.സി/എസ്.റ്റി./ബി.സി.കമ്മീഷൻ)* |
| ആശംസാപ്രസംഗം | : | **റവ. ഫാ. ദേവസഹായരാജ് എം. സക്കറിയ**<br>*(സെക്രട്ടറി, സിബിസിഐ എസ്.സി/ബി.സി. കമ്മീഷൻ)* |
| പ്രമേയാവതരണം | : | **ശ്രീ. എൻ. ദേവദാസ്**<br>*(സംസ്ഥാന ജനറൽ സെക്രട്ടറി, ഡിസിഎംഎസ്)* |
| കൃതജ്ഞത | : | **ശ്രീമതി സെലിൻ ജോസഫ്**<br>*(സംസ്ഥാന വൈസ് പ്രസിഡന്റ്, ഡിസിഎംഎസ്)* |
| ദേശീയഗാനം | | |

*N.B.:* *വാഹനപ്രചരണജാഥയുടെ വിജയത്തിന് എല്ലാ D.C.M.S. ഫൊറോനാ, യൂണിറ്റ് ഭാരവാഹികളുടെയും അംഗങ്ങളുടെയും സഹായസഹകരണം ക്ഷണിച്ചുകൊള്ളുന്നു.*

* *സമ്മേളനത്തിൽ എത്തിച്ചേരേണ്ട അംഗങ്ങൾ കോട്ടയം കളക്ട്രേറ്റിന് പിന്നിൽ ഉള്ള നല്ലയിടയൻ പള്ളിമൈതാനിയിൽ ഉച്ച കഴിഞ്ഞ് 2 മണിക്ക് എത്തിച്ചേരേണ്ടതാണ്.*

* *റാലിയിൽ അംഗീകൃത മുദ്രാവാക്യങ്ങളേ വിളിക്കാവൂ.*

* *വോളന്റിയേഴ്സിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.*

| | | | | | |
|---|---|---|---|---|---|
| **ഫാ. ജസ്റ്റിൻ കായംകുളത്തുശേരി** | **ജയിംസ് ഇലവുങ്കൽ** | **മാത്യു ജോസഫ്** | **പി.ജെ. ജോൺ** | **റോയി മാത്യു** | **സാബു എൻ.ഡി.** |
| *(ഡയറക്ടർ ഡിസിഎംസ്)* | *(അതി. പ്രസിഡന്റ്)* | *(അതി. സെക്രട്ടറി)* | *(കൺവീനർ)* | *(ജോ.കൺവീനർ)* | *(ജോ. കൺവീനർ)* |

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

സമാഗതമാകുന്ന ക്രിസ്മസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. കേരളചരിത്രത്തിൽ മറക്കാനാവാത്ത അനുഭവങ്ങൾ പങ്കുവച്ചുകൊണ്ടാണല്ലോ ഈ വർഷം കടന്നുപോകുന്നത്. അപ്രതീക്ഷിതമായ പ്രകൃതി ദുരന്തങ്ങൾ, ദുരിതങ്ങൾ വിതച്ചതോടൊപ്പം പലപാഠങ്ങളും സാധ്യതകളും നമുക്കുതന്നു. അതിരൂപതയുടെ സാമൂഹ്യ ശുശ്രൂഷാസംവിധാനം എന്ന നിലയിൽ, ചാസിന്റെ ഉത്തരവാദിത്വങ്ങൾ വർദ്ധിച്ചു. ജനകീയ കൂട്ടായ്മകളുടെ പിൻബലത്തിലും സഹകാരികളുടെ സഹകരണത്തിലും സമൂഹത്തിന്റെ പുനർനിർമ്മിതിയിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടേണ്ട ചുമതല ചാസ് നിർവഹിക്കേണ്ടിയിരിക്കുന്നു. കുട്ടനാടിന്റെ പുനർനിർമ്മാണ പ്രക്രിയയ്ക്ക് മുൻഗണന നല്കിക്കൊണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ പരിശ്രമിക്കുകയാണ്.

ഏവരുടെയും സഹകരണമുാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു

വിശ്വസ്തതാപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ)

## വെള്ളപ്പൊക്ക ദുരിതാശ്വാസം ധനസഹായം നൽകിയവർ

- Premmary Shamshabad - 30,00,000
- കാത്തലിക്ക് സോഷ്യൽ സർവ്വീസ് സൊസൈറ്റി ജമ്മു & ശ്രീനഗർ - 3,00,000
- Life Anchor Foundation Mumbai - 7,00,000
- കരുണ ചാരിറ്റബിൾ സൊസൈറ്റി, അഞ്ചലിപ്പ- 50,000
- സിൽവി മാത്യു - 15,000

തുടരും..............

## പാരീഷ് ട്വിന്നിംഗ് പ്രോഗ്രാം

വെള്ളപ്പൊക്ക ബാധിത ഇടവകകളെ സ്പോൺസർ ചെയ്ത് പുനരധിവാസ പ്രവർത്തനങ്ങളിൽ സഹായിക്കാൻ സന്നദ്ധത അറിയിച്ച വിവിധ ഇടവകകളും സന്ന്യാസസമൂഹങ്ങളും

| **വെള്ളപ്പൊക്ക ബാധിത ഇടവകകൾ** | **സഹായിക്കുന്ന ഇടവകകൾ/ സന്ന്യാസ സമൂഹങ്ങൾ** |
|---|---|
| 66. പടഹാരം | 66. കോട്ടയം ലൂർദ്ദ് |

തുടരും..............

## അറിയിപ്പുകൾ

**ചാസ് ഖാദി ക്രിസ്മസ് കേക്ക് വിതരണത്തിന്**

ക്രിസ്മസിനോടനുബന്ധിച്ച് കലർപ്പും മായവും ഇല്ലാത്ത രുചിയേറിയ

ക്രിസ്മസ് കേക്കുകൾ ചാസ് വിതരണത്തിന് എത്തിക്കുന്നു. പ്ലം, മാർബിൾ, പൈനാപ്പിൾ, കാരറ്റ്, ബട്ടർ സ്കോച്ച്, ബ്ലാക്ക് ഫോറസ്റ്റ് കേക്കുകൾ പള്ളികൾക്കും, സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും വളരെ കുറഞ്ഞനിരക്കിൽ ലഭ്യമാക്കാൻ കഴിയും. കുടുംബകൂട്ടായ്മകൾ, പള്ളികൾ, സ്കൂളുകൾ, സൺഡേ സ്കൂളുകൾ, സംഘടനകൾ എന്നീ സംവിധാനങ്ങളുടെ കൂട്ടായ ഉപയോഗത്തിന് പീസ് കേക്കും വിതരണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ചാസ് മേഖലാ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുക.

## KILA- **പരിശീലന പരിപാടി**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, ചാസിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിൽ ഡിസംബർ 3,4,5,6 തീയതികളിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്കായി ജില്ലാതല പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

## ബോധവത്ക്കരണ സെമിനാർ

കേരള സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് ചാസിന്റെ നേതൃത്വത്തിൽ ഡിസംബർ 10 ന് 25 നും 50 നും മധ്യേ പ്രായമുള്ള വിധവകൾക്കായി ചാസ് കോൺഫ്രൻസ് ഹാളിൽ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. വിധവകൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് എറണാകുളം അങ്കമാലി അതിരൂപത ജൂഡിത്ത് ഫോറം കോ-ഓർഡിനേറ്റർ ശ്രീമതി ബീനാ ജോസഫ് ക്ലാസ് നയിക്കും.

**2018 ഡിസംബർ മാസത്തെ യൂണിറ്റുതല പ്രധാന പരിപാടികൾ**

**സ്വാശ്രയസംഘസംഗമം**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| 07.12.18 | കുട്ടനാട് | അറുന്നൂറ്റിൻപാടം |
| 08.12.18 | നെടുംകുന്നം | നെടുംകുന്നം |
| 10.12.18 | നെടുംകുന്നം | താഴത്തുവടകര |
| 11.12.18 | കുറുമ്പനാടം | ഇരവുചിറ |
| 13.12.18 | കോട്ടയം | വടവാതൂർ |
| 15.12.18 | കുട്ടനാട് | ചേന്നങ്കരി |
| 15.12.18 | അതിരമ്പുഴ | നാൽപ്പാത്തിമല |
| 16.12.18 | നെടുംകുന്നം | വെട്ടിക്കൽപുരയിടം |
| 17.12.18 | നെടുംകുന്നം | പനയമ്പാല |
| 17.12.18 | മണിമല | കരിമ്പനക്കുളം |
| 17.12.18 | കുട്ടനാട് | കാവാലം |
| 20.12.18 | കുറുമ്പനാടം | മാന്നില |
| 22.12.18 | കോട്ടയം | ചേപ്പുംപാറ |
| 29.12.18 | മണിമല | മണിമല ഓൾഡ് |

**Men SHG -സംഗമം**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| 09.12.18 | കുറുമ്പനാടം | കുറുമ്പനാടം |
| 15.12.18 | കോട്ടയം | കൂരോപ്പട |

**ഫാർമേഴ്സ് ക്ലബ് മീറ്റിംഗ്**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| 01.12.18 | കുറുമ്പനാടം | മാന്നില |
| 08.12.18 | കുട്ടനാട് | പള്ളാത്തുരുത്തി |
| 15.12.18 | കുട്ടനാട് | കൈനകരി |

**മറ്റുപരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടികൾ |
|---|---|---|---|
| 01.12.18 | കുട്ടനാട് | കായൽപ്പുറം | സംഘരൂപീകരണം |
| 01.12.18 | കോട്ടയം | അയർക്കുന്നം | FAT |
| 01.12.18 | അതിരമ്പുഴ | തെള്ളകം | സ്വയംതൊഴിൽ പരിശീലനം |
| 10.12.18 | കോട്ടയം | കുരോപ്പട | സ്വയംതൊഴിൽ പരിശീലനം |
| 11.12.18 | കോട്ടയം | അയർക്കുന്നം | മേഖലാ എക്സിക്യൂട്ടീവ് |
| 25.12.18 | എടത്വാ | എടത്വാ മേഖലാ | എക്സിക്യൂട്ടീവ് |
| 30.12.18 | തൃക്കൊടിത്താനം | പായിപ്പാട് | ഫുഡ് ഫെസ്റ്റ് |

## ചാസ് സഹായ പദ്ധതികൾ

**ചാസിന്റെ വിവിധ സഹായ പദ്ധതികൾ വഴി 2018 നവംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ**

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 393. റോസമ്മ മാത്യു പുറപ്പോക്കര | കസ്ത്തൂർബ | കൂരോപ്പട | കോട്ടയം |
| 394. മറിയമ്മ മഞ്ഞിപ്പുഴ | കൃപ | പുഴവാത് | ചങ്ങനാശ്ശേരി |
| 395. അന്നമ്മ ആന്റണി തെക്കേതലയ്ക്കൽ | വിശ്വദീപം | തത്തംപള്ളി | ആലപ്പുഴ |

**(2) മ്യൂചൽ ബെനിഫിറ്റ് സ്കീം**

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 205. കെ.എ. ജോസഫ് കോട്ടയിൽപറമ്പ് | പായിപ്പാട് | തൃക്കൊടിത്താനം |
| 206. ചാക്കോ മാത്യു പൂച്ചാലിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 207. ലിസമ്മ രാജു കുന്നുംപുറത്ത് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 208. വി.പി. സുമതി പടിഞ്ഞാറ്റക്കര | കൂരോപ്പട | കോട്ടയം |

- **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 105. ലിനി ജെയ്മോൻ ചിറയ്ക്കൽ | ആർപ്പൂക്കര | കുടമാളൂർ |
| 106. അൽഫോൻസ തോമസ് വട്ടപ്പറമ്പിൽ | ആർപ്പൂക്കര | കുടമാളൂർ |
| 107. കുഞ്ഞമ്മ ജോസഫ് വെണ്ണാലിൽ | ളായിക്കാട് | ചങ്ങനാശ്ശേരി |
| 108. കെ.സി. മാത്യു കുന്നേൽ | മായം | അമ്പൂരി |
| 109. ജെസ്സീനാ നൗഫൽ ചന്ദനപ്പറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |

**(3) ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 നവംബർ മാസം 31 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 53 അപേക്ഷകർക്ക് 67500/- രൂപ നൽകി.

**(4) സേവ് എ ഫാമിലി പ്ലാൻ (SAFP)**

• 2018 നവംബർ മാസം 12 ഗുണഭോക്താക്കൾക്ക് 1,20,000/- രൂപ സഹായധനം അനുവദിച്ചു.

**(5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2018 നവംബർ മാസം** 4 കുടുംബത്തിന് ചികിത്സാചെലവായി 28551/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. വൽസമ്മ ജോൺ നടുവിലേഴം | കുറിച്ചി | 6388 |
| 2. ഷൈനി തോമസ് കിഴക്കേവെളിയിൽ | മുഹമ്മ | 6175 |
| 3. തങ്കച്ചൻ മനയത്ത് | തൃക്കൊടിത്താനം | 5938 |
| 4. ശില്പ ബൈജു ചേന്നാട്ടുശ്ശേരി | രാമങ്കരി | 10050 |

## കേന്ദ്രവാർത്തകൾ

**റിഹാസ്വിറ്റ്സ് വായ്പാ മേള -2018**

സ്വിസർലണ്ട് കേന്ദ്രമായി പ്രവർത്തിക്കുന്ന റിഹാസ്വിസിന്റെ സഹകരണത്തോടെ ഭിന്നശേഷിക്കാർക്കായി ചാസ് നടപ്പാക്കുന്ന സ്വയം തൊഴിൽ വായ്പാ മേള ഒക്ടോബർ 27 ന് സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം വിതരണോദ്ഘാടനം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി സംരംഭകത്വ പരിശീലനം നല്കി. വിവിധ മേഖലകളിൽ നിന്നുള്ള 30 അംഗങ്ങൾക്ക് 20000 രൂപ വീതം 6 ലക്ഷം രൂപ പലിശരഹിത വായ്പ നൽകി. മേഖലാ കോ-ഓർഡിനേറ്റർമാർ നേതൃത്വം നൽകി.

**കുട്ടനാട്ടിൽ Eco പ്രോജക്ട് ആരംഭിച്ചു**

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചാസ് കാരിത്താസിന്റെ സഹകരണത്തോടെ കുട്ടനാട്ടിലെ കൈനകരി, നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകളിൽ നടപ്പാക്കുന്ന **Eco** പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിച്ചു. കൈനകരി പഞ്ചായത്തിലെ 6,7,8,9,10,11,12 വാർഡുകളിൽ പദ്ധതി നടപ്പാക്കുന്നതിന് മീറ്റിംഗുകൾ സംഘടിപ്പിച്ച് വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

**ചാസ്-യുണിസെഫ്-വാഷ്കിറ്റ് വിതരണം**

ചാസിന്റെ നേതൃത്വത്തിൽ യുണിസെഫിന്റെ സഹകരണത്തോടെ വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന ആരോഗ്യ ശുചിത്വ മാതൃശിശു പരിപാലന പദ്ധതിയുടെ ഭാഗമായി കുട്ടനാട്ടിലെ 5 പഞ്ചായത്തുകളിൽ (കാവാലം-30, മുട്ടാർ-120, വെളിയനാട്-110, കൈനകരി-130, രാമങ്കരി-95) വാഷ്കിറ്റ് വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, യുണിസെഫ് പ്രതിനിധികൾ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർ സിസ്റ്റർ സെൽമ SRA എന്നിവർ നേതൃത്വം നൽകി.

**നാടൻ പശുവിന്റെ പ്രാധാന്യവും പഞ്ചഗവ്യത്തിന്റെ സാധ്യതകളും- സെമിനാർ**

നാടൻ പശുവിന്റെ പ്രാധാന്യവും പഞ്ചഗവ്യത്തിന്റെ സാധ്യതകളും സംബന്ധിച്ച സെമിനാർ നവംബർ 23 വെള്ളിയാഴ്ച പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ഗവ്യസിദ്ധൻ ഡോ. നിരഞ്ചൻ വർമ്മ, ശ്രീ. ജോമി ജോർജ്ജ് എന്നിവർ ക്ലാസ് നയിച്ചു. ജീവിതശൈലി രോഗങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങൾ, ജൈവകൃഷി

യുടെ പ്രാധാന്യം, തദ്ദേശിയ ജനുസുകളിൽപ്പെട്ട പശുവിന്റെ പ്രാധാന്യം എന്നീ വിഷയങ്ങൾ ചർച്ച ചെയ്ത സെമിനാർ മുനിസിപ്പൽ ചെയർമാൻ ശ്രീ ലാലിച്ചൻ കുന്നിപറമ്പിൽ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു.

## മേഖലാ വാർത്തകൾ

**സ്വാശ്രയസംഘവാർഷികം**

ഏറ്റുമാനൂർ യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'മാവേലി' പുരുഷ സ്വയം സഹായസംഘത്തിന്റെ വാർഷികം നവംബർ 4 ന് നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തിങ്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തി. സംഘം പ്രസിഡന്റ് ശ്രീ. സജിതടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

**പുരുഷ സ്വാശ്രയസന്ധ്യ**

തത്തംപള്ളി യൂണിറ്റിൽ പ്രവർത്തിക്കുന്ന 'മാതാ, അമല, ക്രിസ്തുരാജ്, മരിയ റേഷ്' എന്നീ പുരുഷ സ്വാശ്രയസംഘങ്ങളുടെ സായാഹ്ന സംഗമം നവംബർ 15 ന് തത്തംപള്ളി തയ്യിൽ മാത്യു തരകൻ മെമ്മോറിയൽ സെമിനാർ ഹാളിൽ നടന്നു. യൂണിറ്റ് ഡയറക്ടർ റവ. ഫാ മോർലി കൈതപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചർച്ചയ്ക്ക് നേതൃത്വം നല്കി. പുരുഷ സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വികസനസമിതിക്ക് രൂപം നല്കി ഭാരവാഹികളെ തെരഞ്ഞെടുത്തു.

**തയ്യൽ പരിശീലനം**

ചെറുവാണ്ടൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ നവംബർ 15-ാം തീയതി തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ഇമ്മാനുവേൽ നെല്ലുവേലി ഉദ്ഘാടനം നിർവഹിച്ചു. മൂന്നുമാസം നീണ്ടു നിൽക്കുന്ന പരിശീലനത്തിൽ 25 വനിതകൾ പങ്കെടുത്തുവരുന്നു.

**പേപ്പർ ക്യാരി ബാഗ് നിർമ്മാണ പരിശീലനം**

വടവാതൂർ യൂണിറ്റിൽ നവംബർ 21 ന് പേപ്പർ ക്യാരി ബാഗ് നിർമ്മാണത്തിൽ ശ്രീമതി രേഖ ഷാജി പരിശീലനം നൽകി. മേഖലാ വൈസ് പ്രസിഡന്റ് ശ്രീമതി സൂസൻ മാത്യു, യൂണിറ്റ് സെക്രട്ടറി ശ്രീ. ബാബു ജോസഫ് നല്ലേപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. 14 പേർ പങ്കെടുത്തു.

**RRTC**

**ലഹരിവിരുദ്ധ സെമിനാർ**

മദ്യം മയക്കുമരുന്ന് ലഹരി വസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു.

| തീയതി | സ്കൂൾ | ക്ലാസ് നയിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| 22.11.2018 | സെന്റ് സെബാസ്റ്റ്യൻ, HSS | ഫാ. തോമസ് കുളത്തുങ്കൽ | |
| | അയർക്കുന്നം | ശ്രീ. റ്റി. എ. മാത്യു തച്ചിലേട്ട് | 100 |
| 23.11.2018 | SBHSS, ചങ്ങനാശ്ശേരി | ഫാ. തോമസ് കുളത്തുങ്കൽ | 50 |

**SAFP മേഖലാതല മീറ്റിംഗ്**

**കുട്ടനാട്** മേഖലയിലെ സേവ് എ ഫാമിലി കുടുംബങ്ങളുടെ മേഖലാതല മീറ്റിംഗ് നവംബർ 23 ന് പഴവങ്ങാടി മാർസ്ലീവാ പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു. RRTC ട്രെയ്നിംഗ് സെന്റർ അംഗം ലിറ്റിമോൻ എംഎസ് 'പോഷകാഹാരത്തെ'ക്കുറിച്ച് ക്ലാസ് നയിച്ചു. 83 അംഗങ്ങൾ പങ്കെടുത്തു.

**തേനീച്ച വളർത്തൽ പരിശീലനം**

ചാസിന്റെ നേതൃത്വത്തിൽ പെരുങ്കാവ് യൂണിറ്റിൽ തേനീച്ച വളർത്തലിന്റെ രണ്ടാംഘട്ട പരിശീലനം നവംബർ 24 ന് നടത്തി. യൂണിറ്റ് ഡയറക്കർ റവ. ഫാ. ജോസഫ് പൂവത്തുശ്ശേരി ഉദ്ഘാടനം നിർവഹിച്ചു. ശ്രീ. ജെയിംസ് വെള്ളാരംകുന്നേൽ ക്ലാസ് നയിച്ചു. 16 പേർക്ക് തേനീച്ചപ്പെട്ടി വിതരണം ചെയ്തു. 18 അംഗങ്ങൾ പങ്കെടുത്തു. കേന്ദ്രഖാദി കമ്മീഷന്റെ സഹകരണത്തോടെയാണ് പരിപാടി ക്രമീകരിച്ചത്.

**സ്വാശ്രയസംഘ സംഗമം**

കുമരങ്കരി യൂണിറ്റിൽ നവംബർ 25 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ റവ. ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. ക്രെഡിറ്റ് യൂണിയൻ പ്രവർത്തനങ്ങൾ, ചാസിന്റെ വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് വിശദീകരിച്ചു. 75 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

**യൂണിറ്റ് രൂപീകരണം**

ചമ്പക്കുളം ബസലിക്ക, പുളിങ്കുന്ന് ഫൊറോന, മാമ്പുഴക്കരി, കാവാലം ലിസ്യൂ, കൊണ്ടാക്കൽ, കണ്ടങ്കരി, ഒന്നാംകര എന്നീ ഇടവകകളിൽ ചാസ് യൂണിറ്റ് ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ യൂണിറ്റിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദീകരിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു.

**പച്ചക്കറി വിത്ത് വിതരണം**

എടത്വാ യൂണിറ്റിന്റെ നേതൃത്വത്തിൽ അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നവംബർ 3 ന് സംഘാംഗങ്ങൾക്കായി പച്ചക്കറി വിത്ത് വിതരണം നടത്തി.

**ആശാകിരണം**

ആർപ്പൂക്കര അങ്ങാടിപ്പള്ളിയിലെ സെന്റ് സെബാസ്റ്റ്യൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നവംബർ 18 ന് കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ആശാകിരണം കാൻസർ ബോധവത്ക്കരണ ക്ലാസ് നടത്തി. 52 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 31.10.2018 | സൂര്യ | കുളത്തൂർ | 20 |
| 07.11.2018 | സെന്റ് അൽഫോൻസ | ചേപ്പുംപാറ | 15 |
| 19.11.2018 | കൃപ-നെൽകർഷക | പുളിംകുന്ന് | 20 |
| 21.11.2018 | നവജീവൻ | എടത്വാ | 20 |

**''ഒരു പ്രേഷിത തീരുമാനത്തെക്കുറിച്ച് ഞാൻ സ്വപ്നം കാണുന്നു. സകലത്തിനെയും രൂപാന്തരപ്പെടുത്തുന്ന ഒരു പ്രേഷിത പ്രചോദനത്തെ ഞാൻ വിഭാവനം ചെയ്യുന്നു. അതിലൂടെ സഭയുടെ ആചാരാനുഷ്ഠാനങ്ങൾ, പ്രവർത്തന ശൈലി, അനുക്രമങ്ങൾ, ഭാഷ, ഘടനകളൊക്കെ അവളുടെ സ്വയം നിലനിൽപ്പിന് ഉപരിയായി ഇന്നത്തെ ലോകത്തെ സുവിശേഷവത്കരിക്കുവാൻ വഴി തിരിക്കപ്പെടണം'' (ഫ്രാൻസീസ് മാർപാപ്പാ, EG 27).**

**സോണൽ സേവനസമിതി യോഗം :** അതിരൂപത പാസ്റ്ററൽ സെന്ററിലുള്ള സോണൽ ഓഫീസിൽ വച്ച് ഒക്ടോബർ 16-ാം തീയതി സേവനസമിതി യോഗം കൂടുകയുണ്ടായി. ഡിസംബർ മാസത്തിൽ എസ്.ബി. കോളജിൽ വച്ച് നടക്കുന്ന കരിസ്മാറ്റിക് കൺവൻഷൻ, നവംബർ മാസത്തിൽ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്ന PUSH 2018 ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാ കോൺഫ്രൻസ് എന്നിവയ്ക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ യോഗം വിലയിരുത്തി. അടുത്ത സേവനസമിതിയോഗം തെങ്ങണയിലുള്ള ഷാജി പുത്തൻചിറയിലിന്റെ ഭവനത്തിൽ നവംബർ 28-ാം തീയതി ഉച്ചതിരിഞ്ഞ് നടക്കും.

**പുതിയ സബ്സോണുകളുടെ രൂപീകരണം :** ചങ്ങനാശേരി (ചെത്തിപ്പുഴ), കുന്നന്താനം, കുറുമ്പനാടം, നെടുംകുന്നം, മണിമല, കുട്ടനാട് എന്നിങ്ങനെ ആറ് സബ്സോണുകളാണ് നിലവിൽ ചങ്ങനാശേരിയിലുള്ളത്. കുട്ടനാട് സബ്സോൺ പുളിങ്കുന്ന്, ചമ്പക്കുളം, എടത്വാ എന്നീ മൂന്ന് സബ്സോണുകളായി പുന:ക്രമീകരണം ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ ക്രമീകരണത്തോടെ കുട്ടനാട് പ്രദേശത്തെ നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

**ഇടവക കരിസ്മാറ്റിക് കൺവൻഷൻ :** നവംബർ 7,9,16 തീയതികളിൽ യഥാക്രമം പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ, എടത്വ ഇടവകയിലെ ജീസസ് മീറ്റ് ധ്യാനകേന്ദ്രം, ചമ്പക്കുളം തെക്കേക്കര സെന്റ് ജോൺസ് പള്ളി എന്നിവിടങ്ങളിൽ സബ്സോണൽ കൺവൻഷനുകൾ സംഘടിപ്പിക്കുകയും പുതിയ സബ്സോണുകൾ രൂപീകരിക്കുകയും ചെയ്തു. ഇവയ്ക്ക് പുറമെ, ചമ്പക്കര സെന്റ് ജോസഫ് ഇടവകപ്പള്ളിയിലും ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ കൺവൻഷൻ സംഘടിപ്പിക്കപ്പെട്ടു.

മണിമല സബ്സോണൽ കൺവൻഷൻ നവംബർ 30-ാം തീയതി ഹോളി മജൈ ഫൊറോനാ പള്ളിയിൽ ഉച്ചയ്ക്ക് 2 മുതൽ ക്രമീകരിച്ചിരിക്കുന്നു.

**ചങ്ങനാശേരി കരിസ്മാറ്റിക് കൺവൻഷൻ :** ഡിസംബർ 27,28,29 തീയതികളിൽ എസ്.ബി. കോളജ് കാവുകാട്ട് ഹാളിൽ വച്ച് നടക്കുന്ന സോണൽ കരിസ്മാറ്റിക് കൺവൻഷന്റെ ഒരുക്കങ്ങൾ ബന്ധപ്പെട്ട സമിതിയുടെ നേതൃത്വത്തിൽ മുന്നേറുന്നു. ഡിസംബർ ആദ്യ ആഴ്ചതന്നെ ഇടവകകളിൽ ബാനറുകൾ പ്രദർശിപ്പിക്കാനും നോട്ടീസുകൾ വിതരണം ചെയ്യാനും തീരുമാനമായി.

**PUSH 2018 ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാ കോൺഫറൻസ് :** രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് മുരിങ്ങൂർ ഡിവൈനിൽ സംഘടിപ്പിക്കപ്പെട്ട PUSH 2018 (Pray Unitil Something Happens) ദേശീയ കൺവൻഷനിൽ രാജ്യമെമ്പാടും നിന്നുമുള്ള മൂവായിരത്തോളം കരിസ്മാറ്റിക്കുകൾ പങ്കെടുത്തു. ചങ്ങനാശേരിയിൽനിന്നും 60 പ്രതിനിധികളാണ് പങ്കെടുത്തത്. ദൈവഹിതമെന്തെന്ന് ആരാഞ്ഞറിഞ്ഞ് അതിനനുസരിച്ച് പ്രാർത്ഥനകളെ ക്രമീകരിക്കുന്ന ''പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥന'' (Prophetic intercession), രാജ്യങ്ങളുടെ ഭാഗധേയങ്ങളെപ്പോലും സ്വാധീനിക്കാൻ തക്ക ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥനാ ശൈലികൾ (Intercession that is powerful to move Kingdoms) എന്നിവ പരിചയപ്പെടുത്തിയ പ്രസ്തുത കൺവൻഷൻ, രാജ്യനിർമിതിയിലും, ക്ഷേമത്തിലും മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് ഉള്ള സാദ്ധ്യതകൾ വെളിപ്പെടുത്തി.

**മറ്റ് പൊതുപരിപാടികൾ :** എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടന്ന് വരുന്ന 2 ZC മീറ്റിംഗ്, ലോർഡ്സ് കപ്പിൾ സർവ്വീസ് ടീം മീറ്റിംഗ് എന്നിവ യഥാക്രമം കുന്നന്താനം സെഹിയോനിൽ ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെയും, പാസ്റ്ററൽ സെന്റർ ഓഫീസിൽ ഫാ. ലൂയീസ് വെള്ളാനിക്കലിന്റെയും നേതൃത്വത്തിൽ നടന്ന് വരുന്നു. ചങ്ങനാശേരി കത്തീഡ്രൽ പള്ളിയുടെ നേതൃത്വത്തിൽ, നവീകരണത്തിന്റെ പിന്തുണയോടെ നടന്ന് വരുന്ന ''കരുണാർത്ഥന'' ഈ 25-ാം തീയതിയാണ് സമാപിക്കുന്നത്.

ഈശോയിൽ സ്നേഹപൂർവ്വം,


**ഫാ. മാത്യു താന്നിയത്ത്**
*(ഡയറക്ടർ)*
*ഫോൺ: 9446903631*

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
*(കോ-ഓർഡിനേറ്റർ)*
*ഫോൺ: 9061954230*


## 20-ാമത് അതിരൂപതാ ബൈബിൾ കൺവൻഷൻ

പാറേൽപ്പള്ളി മൈതാനിയിൽ 2019 മാർച്ച് 5 മുതൽ 9 വരെ രാവിലെ 9 മുതൽ വൈകുന്നേരം 4 വരെയും, വൈകുന്നേരം 4:30 മുതൽ 9 വരെയും നടത്തപ്പെടുന്നു. ഈ ദിവസങ്ങളിൽ ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം ഫൊറോനകളിൽ ധ്യാനശുശ്രൂഷകൾ ക്രമീകരിക്കരുതെന്ന് ഓർമ്മപ്പെടുത്തുന്നു.

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ആഗതമാകുന്ന പിറവിതിരുനാളിന്റെ പ്രാർത്ഥനാമംഗളങ്ങൾ ഏവർക്കും സ്നേഹത്തോടെ ആശംസിക്കുന്നു. മിശിഹായ്ക്ക് സാക്ഷ്യം വഹിച്ച് സാമൂഹിക പ്രതിബദ്ധതയോടെ വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നകെ.സി.എസ്.എൽ.ന്റെ വിശേഷങ്ങൾ കുറിക്കുന്നു.

**ജീസസ് കിഡ്സ് : അതിരമ്പുഴ സോണൽ കൺവൻഷൻ**

നവംബർ 9-ാം തീയതി നടത്തപ്പെട്ട കൺവൻഷൻ 196 കുട്ടികൾ പങ്കെടുത്തു. അതിരമ്പുഴ സഹവികാരി ഫാ. ഐബിൻ പകലോമറ്റം ഉദ്ഘാടനം നിർവ്വഹിച്ച കൺവൻഷൻ സി. ജെയ്സിലി നയിക്കുകയായിരുന്നു.

**മാലാഖകൂട്ടം**

നവംബർ 23-ാം തീയതി നടത്തപ്പെട്ട ജീസസ് കിഡ്സിന്റെ മാലാഖക്കൂട്ടത്തിൽ 22 സ്കൂളുകളിൽനിന്നായി 44 കുട്ടികൾ പങ്കെടുത്തു. സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെട്ട പരിപാടി സന്ദേശനിലയം ഡയറക്ടർ ഫാ. ജോബിൻ പെരുംപളത്തുശ്ശേരി ഉദ്ഘാടനം ചെയ്തു. പരിപാടിയിൽനിന്നും 9 കുട്ടികളെ 'മാലാഖമാരായി പ്രത്യേകം തിരഞ്ഞെടുത്തു.

**അഖിലകേരള ചാവറ പ്രസംഗമത്സരം**

ചങ്ങനാശ്ശേരി സെന്റ് ജോസഫ് ജി.എച്ച്.എസ്.എസ്. ൽ വച്ച് നവംബർ 23-ാം തീയതി നടത്തപ്പെട്ട മത്സരം കത്തീഡ്രൽ പള്ളി വികാരി ഫാ. കുര്യൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. വിവിധ സ്കൂളുകളിൽനിന്ന് 17 കുട്ടികൾ പങ്കെടുത്തു. ഹൈസ്ക്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് പ്രത്യേകമായിരുന്നു മത്സരം.

**അഖിലകേരള ധന്യൻ മാർ കുര്യാളശ്ശേരി ക്വിസ്സ്**

മത്സരം ചങ്ങനാശേരി സെന്റ് തെരേസാസ് ജി.എച്ച്.എസ്.എസ്.ൽ വച്ച് നടത്തപ്പെട്ടു. യു.പി., എച്ച്.എസ്. വിഭാഗങ്ങൾക്ക് പ്രത്യേകമായി മത്സരം നടത്തപ്പെട്ടു. നവംബർ 16-ാം തീയതി എല്ലാ സ്കൂളുകളിലും ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കപ്പെട്ടു. കെസിഎസ്എൽ ഡയറക്ടർ ഫാ. മാത്യു വാരുവേലിൽ എസ്.ബി. സ്കൂളിൽ വി. കുർബാനയർപ്പിച്ച് തിരുനാൾ ആഘോഷിച്ചു.

മത്സരങ്ങളിൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും പ്രത്യേകം അഭിനന്ദനങ്ങളർപ്പിക്കുന്നു. തുടർന്നു വരുന്ന സംഘടനാ പ്രവർത്തനങ്ങൾ ഇപ്രകാരമായിരിക്കും.

**ഡിസംബർ 10 : കരോൾഗാന-നക്ഷത്ര നിർമ്മാണ മത്സരം**

ഒരു സ്കൂളിൽനിന്ന് കുറഞ്ഞത് 5 പേരും 7 പേരിൽ കൂടാതെയുമാകണം കരോൾഗാന മത്സരത്തിൽ പങ്കെടുക്കുവാൻ

**ജനുവരി 12 : സാഹിത്യമത്സരം**

സാഹിത്യമത്സരത്തെക്കുറിച്ചുള്ള വിശദ വിവരങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾ അതാത് സ്കൂളുകളിലൂടെ അറിയിക്കുന്നതായിരിക്കും. പരിപാടികളെ കുറിച്ചുള്ള മറ്റു സംശയങ്ങൾ നിവാരണം ചെയ്യുന്നതിനായി ഓഫീസുമായി ബന്ധപ്പെടണമെന്ന് ഓർമ്മിപ്പിക്കുന്നു. ഫീസുകളും മറ്റും തന്ന് തീർക്കാനുള്ളവർ അക്കാര്യത്തോടു ദയവായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പുതിയ ആരാധനാവത്സരത്തിലേക്ക് ജ്വലിക്കുന്ന ഹൃദയത്തോടും തീക്ഷ്ണതയോടുംകൂടി പ്രവേശിക്കണമെന്നും ഉത്സാഹത്തോടെ നോമ്പാചരണത്തിൽ ഭാഗഭാക്കുകളാകാനും നമുക്ക് ഉത്സുകരാകാം.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

## പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

# സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ



*"വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു" (1 യോഹ. 2:5).*

**പഠനവിഷയം: വചനം ജീവിതവെളിച്ചം.**

ഡിസംബർ മാസം ബൈബിൾ മാസമായി ആചരിക്കുവാനുള്ള കെ. സി. ബി. സി. യുടെ നിർദ്ദേശമനുസരിച്ച് ചങ്ങനാശേരി അതിരൂപത ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം ഒരു വർഷംകൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ നൽകുകയാണ്. 2018 ഡിസംബർ 1 -ാം തീയതി ആരംഭിച്ച് 2019 നവംബർ 30 -ാം തീയതി സമാപിക്കുന്ന രീതിയിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. ഓരോ ദിവസത്തെയും വായന സത്യദർശനത്തിലൂടെയും വേദപ്രചാര മദ്ധ്യസ്ഥനിലൂടെയും നിങ്ങൾക്കായി നൽകുന്നു.

| ഡിസംബർ | | | | 2019 ജനുവരി | | | |
|---|---|---|---|---|---|---|---|
| 1. | ഉൽപത്തി 1-3 | 16. | പുറ. 1-4 | 1. | ലേവ്യർ 13-15 | 16. | സംഖ്യ 31-36 |
| 2. | ഉല്പ. 4-7 | 17. | പുറ. 5-8 | 2. | ലേവ്യർ 16-19 | 17. | നിയമാ. 1-4 |
| 3. | ഉല്പ 8-11 | 18. | പുറ. 9-12 | 3. | ലേവ്യർ 20-22 | 18. | നിയമാ. 5-8 |
| 4. | ഉല്പ. 12-15 | 19. | പുറ. 13-15 | 4. | ലേവ്യർ 23-25 | 19. | നിയമാ. 9-11 |
| 5. | ഉല്പ 16-18 | 20. | പുറ. 16-18 | 5. | ലേവ്യർ 26-27 | 20. | നിയമാ. 12-15 |
| 6. | ഉല്പ 19-22 | 21. | പുറ. 19-21 | 6. | സംഖ്യ 1-3 | 21. | നിയമാ. 16-18 |
| 7. | ഉല്പ. 23-25 | 22. | പുറ. 22-24 | 7. | സംഖ്യ 4-7 | 22. | നിയമാ. 19-21 |
| 8. | ഉല്പ. 26-29 | 23. | പുറ. 25-27 | 8. | സംഖ്യ 8-10 | 23. | നിയമാ. 22-24 |
| 9. | ഉല്പ. 30-32 | 24. | പുറ. 28-30 | 9. | സംഖ്യ 11-14 | 24. | നിയമാ. 25-27 |
| 10. | ഉല്പ. 33-35 | 25. | പുറ. 31-33 | 10. | സംഖ്യ 15-17 | 25. | നിയമാ. 28-30 |
| 11. | ഉല്പ. 36-38 | 26. | പുറ. 34-36 | 11. | സംഖ്യ 18-20 | 26. | നിയമാ. 31-34 |
| 12. | ഉല്പ. 39-41 | 27. | പുറ. 37-40 | 12. | സംഖ്യ 21-23 | 27. | ജോഷ്വ 1-4 |
| 13. | ഉല്പ. 42-44 | 28. | ലേവ്യർ 1-3 | 13. | സംഖ്യ 24-26 | 28. | ജോഷ്വ 5-8 |
| 14. | ഉല്പ. 45-47 | 29. | ലേവ്യർ 4-6 | 14. | സംഖ്യ 27-29 | 29. | ജോഷ്വ 9-11 |
| 15. | ഉല്പ. 48-50 | 30. | ലേവ്യർ 7-9 | 15. | സംഖ്യ 30-32 | 30. | ജോഷ്വ 12-15 |
| | | 31. | ലേവ്യർ 10-12 | | | 31. | ജോഷ്വ 16-18 |

**ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത**

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

DEEPIKA FRIENDS

ചങ്ങനാശ്ശേരി അതിരൂപത

കേരള കത്തോലിക്കാ സഭയുടെ മാധ്യമ ജിഹ്വ 'ദീപിക' യുടെ ശക്തമായ മുന്നേറ്റത്തിന് ഈടുറ്റ പിൻബലം നൽകുന്ന 'ദീപിക ഫ്രണ്ട്സ് ക്ലബ്ബ്' അതിന്റെ നാലാം പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. മാധ്യമ പ്രേഷിതത്വമെന്ന ദൗത്യം ഏറ്റെടുത്ത് കറ തീർന്ന സഭാസ്നേഹത്തിന്റെ അഗ്നിയുമായി ഡി.എഫ്.സി. പ്രവർത്തകർ ഓരോ ഇടവകയിലും കർമ്മോത്സുകരാണ്. ദീപികയെ ഒരു വികാരമായി ഹൃദയത്തിൽ സൂക്ഷിക്കുന്ന ചങ്ങനാശേരി അതിരൂപതയുടെയും, പ്രതിസന്ധികളിൽ തളരാതെ ഊർജ്ജ്വസ്വലമായ നേതൃത്വത്തിലൂടെ 'ദീപിക' യെ നയിക്കുന്ന ചങ്ങനാശേരി അതിരൂപതയുടെ വികാരി ജനറാളും ദീപികയുടെ മാനേജിംഗ് ഡയറക്ടറുമായ പെ. ബഹു. മാണി പുതിയിടത്തിലച്ചന്റെയും കരങ്ങൾക്ക് കരുത്തു നൽകാൻ DFC പ്രതിജ്ഞാബദ്ധമാണ്.

## സംസ്ഥാന നേതൃക്യാമ്പും ഭാരവാഹി തെരഞ്ഞെടുപ്പും

2018 - 2020 വർഷങ്ങളിലേക്കുള്ള സംസ്ഥാന നേതൃസമിതിയെ ഒക്ടോബർ 23,24, തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന സംസ്ഥാന നേതൃസംഗമം തിരഞ്ഞെടുക്കുകയുണ്ടായി. പാലാ രൂപതാംഗം ടോമി തുരുത്തിക്കരയാണ് പുതിയ DFC സംസ്ഥാനപ്രസിഡന്റ്. ചങ്ങനാശേരി അതിരൂപതയിൽ നിന്നുള്ള സണ്ണി പുളിങ്കാലയിൽ സംസ്ഥാന ജനറൽ സെക്രട്ടറിയായും, ആന്റണി തോമസ് മലയിൽ സംസ്ഥാന സെക്രട്ടറിയായും, ജോണിക്കുട്ടി സ്കറിയാ എക്സിക്യൂട്ടീവ് അംഗമായും തെരഞ്ഞെടുക്കപ്പെട്ടു.

## അതിരൂപതാ ഭാരവാഹികൾ

ചങ്ങനാശേരി അതിരൂപതാ DFC ഭാരവാഹികളായി സണ്ണി പുളിങ്കാലയിൽ (പ്രസിഡന്റ്), ആന്റണി തോമസ് മലയിൽ (ജന. സെക്രട്ടറി), സേവ്യർ തോമസ് കൊണ്ടോടി (ട്രഷറർ), സാജു പത്രോസ് തെക്കുംതറ (വൈസ് പ്രസിഡന്റ്), ജോഷി കൊല്ലാപുരം (ജോയിന്റ് സെക്രട്ടറി) എന്നിവർ ചുമതലയെടുത്തു. കൂടാതെ എല്ലാ ഫൊറോന ഡയറക്ടറുമാരും ഫൊറോനാ പ്രസിഡന്റുമാരും അതിരൂപത എക്സിക്യൂട്ടീവിൽ അംഗങ്ങളായിരിക്കും.

## ഫൊറോനാ യൂണിറ്റ് ഭാരവാഹി തെരഞ്ഞെടുപ്പുകൾ, വനിതാ യൂണിറ്റ് രൂപീകരണം

പ്രളയം വരുത്തിയ ദുരിതങ്ങളിൽനിന്ന് കേരളം പ്രത്യേകിച്ച് കുട്ടനാട് പ്രദേശം മുക്തി പ്രാപിച്ചുവരുന്നതേയുള്ളു. അതിനാൽ DFC യുടെ യൂണിറ്റ്, ഫൊറോനാതലങ്ങളിൽ ഇനിയും ചില ഇടങ്ങളിൽ പുതിയ ഭരണസമിതികൾ രൂപീകരിക്കപ്പെടേണ്ടതുണ്ട്. കൂടാതെ വനിതായൂണിറ്റുകളും എല്ലായിടത്തും തെരഞ്ഞെടുക്കപ്പെടേണ്ടതുണ്ട്. 2018 ഡിസംബർ 31 ന് മുമ്പ് ഇടവകതല ഭാരവാഹി തെരഞ്ഞെടുപ്പുകൾ ബഹു. വികാരയച്ചന്മാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

ചങ്ങനാശേരി സോണിൽ ദീപിക DFC കൺവൻഷൻ, റീജിയൺ, സോൺതല നേതൃത്വ ക്യാമ്പുകൾ, ഇടവകതല ഡ്രീംലൈൻ പദ്ധതികൾ തുടങ്ങിയവ പ്ലാൻ ചെയ്തിട്ടുണ്ട്. സഭയ്ക്കായുള്ള ഈ മാധ്യമ പ്രേഷിതത്വ ശുശ്രൂഷാമേഖലയിൽ കൂടുതൽ കർമ്മോത്സുകരായി ദീപിക ദിനപത്രത്തിനും അനുബന്ധ പ്രസിദ്ധീകരണങ്ങൾക്കും പ്രചുരപ്രചാരം സിദ്ധിക്കുന്നതിനായി ഒരുമയോടെ പ്രവർത്തിക്കുവാൻ നമുക്കു കഴിയട്ടെ.

**നന്ദി.... സ്വാഗതം....**

കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ചങ്ങനാശേരി അതിരൂപത ഡയറക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹു. ജേക്കബ് ചക്കാത്തറയച്ചന് നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു. ചങ്ങനാശേരി ഫൊറോന ഡയറക്ടറായിരുന്നതിനുശേഷം, DFC ചങ്ങനാശേരി അതിരൂപത ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോർജ്ജ് മാന്തുരുത്തിയിലച്ചനും, ജോയിന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോസഫ് പുളിക്കപ്പറമ്പിലച്ചനും സ്നേഹോഷ്മളമായ സ്വാഗതവും പ്രാർത്ഥനാശംസകളും അർപ്പിക്കുന്നു. DFC പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനവും പിന്തുണയും നൽകുന്ന എല്ലാ ബഹു. വികാരിയച്ചന്മാർക്കും അസി. വികാരിയച്ചന്മാർക്കും എല്ലാ DFC പ്രവർത്തകർക്കും നന്ദിയും സ്നേഹവും അറിയിക്കുന്നു.

**സണ്ണി പുളിങ്കാലയിൽ**
*(പ്രസിഡന്റ്)*
*ഫോൺ: 9072725164*

**ആന്റണി തോമസ് മലയിൽ**
*(ജന:സെക്രട്ടറി)*
*ഫോൺ: 9446342561*

**ഫാ. ജോർജ്ജ് മാന്തുരുത്തിയിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് ഫോൺ: 9400390539**

# മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം.

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായ ശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി.

2004-ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി. അണുബാധിതരായവരുടെ മക്കൾ/ മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചുകൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു സഹായിക്കുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ് സമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ,കോട്ടയം,ഇടുക്കി,കൊല്ലം ജില്ലകളിൽ നിന്നായി 115 പേർക്ക് 77800/ രൂപയുടെ സഹായവും,ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ്

റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. **അടുത്ത ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം 2018 ഡിസംബർ 30 മുതൽ ജനുവരി 02 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു.** വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,**
**ഫോൺ നമ്പർ : 0469 2693413, 2690414, 9495193406**

**ഫാ. ജോസ് പുത്തൻചിറ**
*ഡയറക്ടർ*

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക.
**ഫോൺ നമ്പർ : 0481 2411819 / 9497325685**

സ്നേഹം നിറഞ്ഞവരേ,

ഈശോമിശിഹായുടെ ജനനത്തിരുനാളിന് ഒരുക്കമായുള്ള 25 നോമ്പിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. എളിമയുടെയും സ്നേഹത്തിന്റെയും നന്മനിറഞ്ഞ സന്ദേശമാണ് ക്രിസ്തുമസ്സ് പ്രദാനം ചെയ്യുന്നത്. ഈ വരുന്ന നാളുകളിൽ നോമ്പിലൂടെയും പുണ്യപ്രവർത്തികളിലൂടെയും ഈശോയ്ക്ക് നമ്മുടെ ഹൃദയത്തിൽ പിറക്കാൻ ഇടം ഒരുക്കാം.

**ഫാ. ജോസ് പുത്തൻചിറ** (ഡയറക്ടർ)

## റിസോഴ്സ് ടീം സംഗമം

04.11.2018 ഞായറാഴ്ച 11 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ റിസോഴ്സ് ടീം അംഗങ്ങൾ കൂടുകയും, മുമ്പോട്ടുള്ള കർമ്മ പരിപാടികളെക്കുറിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## മരണാനന്തര സഹായ പദ്ധതി.

വള്ളംചിറ യൂണിറ്റിലെ സെന്റ് ജോസഫ് സംഘത്തിലെ അംഗമായിരുന്ന പരേതനായ ജോണി തോമസ് അറയ്ക്കലിന്റെ കുടുംബത്തിനും (4.11.2018) ചാഞ്ഞോടി യൂണിറ്റിലെ ഫ്രാൻസീസ് അസ്സിസ്സീ സംഘത്തിലെ അംഗമായിരുന്ന പരേതനായ എം.റ്റി വർഗീസ് മതുപ്പുറത്തിന്റെ കുടുംബത്തിനും (18.11.2018) മരണാനന്തര സഹായനിധി കൈമാറി.

## വാർഷികാഘോഷവും കുടുംബസംഗമവും

18.11.2018 ആർപ്പുക്കര യൂണിറ്റിന്റെ കുടുംബസംഗമവും മുഹമ്മ സെന്റ് ജോസഫ് സംഘത്തിന്റെ വാർഷികാ ആഘോഷവും നടത്തി.

## തൊഴിലാളി ഫൊറോനാ നേതൃസംഗമം.

2018 നവംബർ 25ന് ഞായറാഴ്ച രാവിലെ 10 മണിക്ക് എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ കേരള ഗാർഹിക തൊഴിലാളി ഫോറം, കേരളാ ടൈലറിംഗ് ഫോറം, സ്വതന്ത്ര നിർമ്മാണ തൊഴിലാളി ഫോറം എന്നിവയുടെ നേതൃസംഗമം നടത്തി.

## കോ-ഓഡിനേറ്റേഴ്സ് സംഗമം.

ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ സെന്റർ ഹാളിൽ വച്ച് ഡിസംബർ 2 ഞായറാഴ്ച 11 മണിക്ക് കോ-ഓർഡിനേറ്റേഴ്സ് സംഗമം നടത്തപ്പെടുന്നതാണ്, എല്ലാ യൂണിറ്റ് കോ-ഓർഡിനേറ്റർമാരും പങ്കെടുക്കേണ്ടതാണ്.

CFCA

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കം കുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 നവംബർ മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരും മാസങ്ങളിലെ പ്രധാന പരിപാടികളും.

## പാലിയേറ്റീവ് കെയർ- മണ്ണന്തല റാണിഗിരി കംപാഷനേറ്റ് കമ്മ്യൂണിറ്റി, തിരുവനന്തപുരം

പാലിയേറ്റീവ് കെയർ മീറ്റിംഗും പ്രവർത്തക സംഗമവും 2018 നവംബർ 11-ാം തിയതി തിരുവനന്തപുരം മണ്ണന്തല ഇടവകയിൽ നടന്നു. അതിരൂപത കെയർ ഹോം ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടക്കൽ മുഖ്യാതിഥി ആയിരുന്നു. പാലിയേറ്റീവ്, നിർധനരോഗി പരിചരണ-സാമ്പത്തിക പദ്ധതികളുടെ വിലയിരുത്തലും തുടർകർമ്മ പദ്ധതി രൂപീകരണവും ഇതോടൊപ്പം നടന്നു. ഇടവകവികാരി റവ. ഫാ. ജോസഫ് കീപ്രത്ത്, പാലിയേറ്റീവ് പ്രവർത്തകർ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

## ക്രിസ്തുരാജാ ഇടവക, ഏറ്റുമാനൂർ

പാലിയേറ്റീവ് സന്നദ്ധപ്രവർത്തകർക്കുള്ള ഒരാഴ്ചത്തെ വിദഗ്ദ പരിശീലന പരിപാടികൾ ഒക്ടോബർ 29 മുതൽ നവംബർ 3 വരെ നടന്നു. പാലിയേറ്റീവ്, കുടുംബാരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ 6 ദിവസത്തെ തിയറിയും പ്രാക്ടിക്കലും ഉൾപ്പടെ വിദഗ്ദമായ പാഠ്യപദ്ധതിയിലൂടെയുള്ള പരിശീലന പരിപാടികൾക്ക് ഇത്തിത്താനം ആയുഷ്യയിലെ സന്ന്യാസിനി സഭാംഗം സി. ഡോ. വിജയാ പുതുശ്ശേരി എം.എം.എസ്സ്. നേതൃത്വം നൽകി.

## സെന്റ് സെബാസ്റ്റ്യൻ ഇടവക,അയർക്കുന്നം

പാലിയേറ്റീവ് സന്നദ്ധപ്രവർത്തകർക്കുള്ള ഏകദിന പരിശീലന പരിപാടി സി. ഡോ. വിജയാ പുതുശ്ശേരി എം.എം. എസ്സിന്റെ നേതൃത്വത്തിൽ നടന്നു. പാലിയേറ്റീവ് സന്നദ്ധപ്രവർത്തകരാകുവാൻ താത്പര്യമുള്ള ഇടവകയിലെ അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച പരിപാടിയിൽ വിവിധ സംഘടനാ പ്രതിനിധികൾ, ഇടവക ലീഡേഴ്സ് എന്നിവർ പങ്കെടുത്തു.

## പാലിയേറ്റീവ് മീറ്റ്, കടുവാക്കുളം, കൊല്ലാട്

പാലിയേറ്റീവ് സന്നദ്ധപ്രവർത്തകരുടെ സംഗമവും, പദ്ധതി അവലോകനം, തുടർപദ്ധതി ക്രമീകരിക്കൽ, സ്നേഹസംഗമം തുടങ്ങി പരിപാടികൾ കൊല്ലാട് ഇടവകയിൽ നടന്നു. സി. ഡോ. വിജയാ പുതുശ്ശേരി എം.എം.എസ്സ് പരിപാടികൾക്ക് നേതൃത്വം നൽകി.

## പാലിയേറ്റീവ് കെയർ യൂണിറ്റ്-സെന്റ്മേരീസ് ഇടവക, കൂത്രപ്പള്ളി

പാലിയേറ്റീവ് പ്രവർത്തകർക്കുള്ള ഓറിയന്റേഷൻ പരിപാടിയും ക്ലാസ്സും കൂത്രപ്പള്ളി സെന്റ്മേരീസ് ഇടവകയിൽ സംഘടിപ്പിച്ചു. ഇടവക വികാരി റവ. ഫാ. വൈക്കത്തുകാരൻ നേതൃത്വം നൽകി. ഇത്തിത്താനം ആയുഷ്യയിലെ സന്ന്യാസിനി സഭാംഗം സി. ഡോ. വിജയാ പുതുശ്ശേരി എം.എം.എസ്സ്. പരിപാടികൾക്ക് നേതൃത്വം നൽകി.

പാലിയേറ്റീവ് കെയർ സന്നദ്ധപ്രവർത്തകരുടെ സംഗമവും ഓറിയന്റേഷൻ പരിപാടിയും ക്ലാസ്സും പനയമ്പാല സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ നടന്നു. ഇടവകവികാരി റവ. ഫാ. ജോർജ്ജ് പനക്കേഴം വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി. വില്ലൂന്നി എൽ. സി. എം. ആശുപത്രിയിൽനിന്നുള്ള സി. റോസ്മിൻ ജെ.എസ്. ക്ലാസ്സിന് നേതൃത്വം നൽകി.

## Enable 2018- ഭിന്നശേഷി ദിനാചരണവും സ്നേഹസംഗമവും

അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് ഡിസംബർ 3 തിങ്കളാഴ്ച കെയർഹോം പാലിയേറ്റീവ് (CFCA) സമിതിയുടെആഭിമുഖ്യത്തിൽ അതിരൂപതാ സ്ഥാനത്തുള്ള സന്ദേശനിലയം ഓപ്പൺ ആഡിറ്റോറിയത്തിൽവച്ച് ഭിന്നശേഷി ദിനാചരണവും സ്നേഹസംഗമവും സംഘടിപ്പിക്കുന്നു. അതിരൂപതയിലെ ഭിന്നശേഷിസ്കൂളുകൾ, കെയർഹോമുകൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, നമ്മുടെ ഇടവകയിലെ ഭിന്നശേഷിക്കാരായ വ്യക്തികൾ, മാതാപിതാക്കൾ, ഈ മേഖലയിലെ അദ്ധ്യാപകർ, സന്നദ്ധപ്രവർത്തകർ, വിദ്യാർത്ഥികൾ, അതിരൂപതയിലെ വിവിധ സംഘടനകളിൽ നിന്നുള്ള ക്ഷണിക്കപ്പെട്ട പ്രതിനിധികൾ തുടങ്ങിയവരാണ് ഈ സംഗമത്തിൽ പങ്കെടുക്കുന്നത്. അതിരൂപത മെത്രാപ്പൊലീത്ത മാർ ജോസഫ് പെരുന്തോട്ടം, സഹായ മെത്രാൻ മാർ തോമസ് തറയിൽ, ജില്ലാ കളക്ടർ ഡോ. ബി.എസ്. തിരുമേനി എന്നിവർ പങ്കെടുക്കും.

**കൂടുതൽ വിവരങ്ങൾക്കും, രജിസ്ട്രേഷനുമായിവിളിക്കേണ്ട നമ്പർ: 9946000599, 9605116756, 8281017777**
**പാലിയേറ്റീവ്കെയർയൂണിറ്റ്-സെന്റ്സെബാസ്റ്റ്യൻ ഇടവക, പനയമ്പാല**

സ്നേഹത്തോടെ,
**ഫാ. സോണി മുണ്ടുനടയ്ക്കൽ** (ഡയറക്ടർ)
**Help line Mob : 9946000599**

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

''ജീവകാരുണ്യപ്രവർത്തനങ്ങൾവഴി ദരിദ്രരുടെ സഹനങ്ങളിൽ പങ്കു ചേരുകയും, അവർക്ക് സഹായഹസ്തം നീട്ടുകയും ചെയ്യുമ്പോൾ, അവർ കൂടുതൽ സന്തുഷ്ടരാകുന്നു.'' (പോപ്പ് ജോൺ പോൾ II).

അന്തർദേശീയ പ്രസിഡന്റു ജനറലിന്റെ കത്തിലെ കഴിഞ്ഞ ലക്കത്തിന്റെ തുടർ ഭാഗങ്ങൾ:-

നമ്മുടെ കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾക്ക് നവീകരണം ആവശ്യമാണ്. ഇന്നത്തെ ചിന്താഗതിയിൽ വിദ്യാഭ്യാസത്തെക്കുറിച്ചും, തൊഴിലില്ലായ്മയെക്കുറിച്ചും, ആരോഗ്യ പരിപാലനത്തെക്കുറിച്ചും കാലത്തിന്റേതായ കാഴ്ചപ്പാടുകൾ ഉണ്ടാകണം. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക്, ഏതു ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നാലും, അതിനെ ഒരു ''ചലഞ്ച്'' ആയിത്തന്നെ എടുത്തുകൊണ്ട് വ്യതിചലിക്കാതെ മുമ്പോട്ടു പോകണം. ക്രിസ്തുനാഥന്റെ മാർഗ്ഗങ്ങൾ പിന്തുടരാതെയുള്ള പ്രവർത്തികൾ അതിനാൽ തന്നെ നിർജ്ജീവമാണെന്നുള്ള ചിന്താഗതിയിൽ വേണം മുമ്പോട്ട് പോകുവാൻ. വിൻസെൻഷ്യൻ അരൂപിയിൽ നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾമാത്രമേ ഫലദായകമാകുകയുള്ളുവെന്നും നാം മനസ്സിലാക്കണം.

### യുവജനങ്ങൾ

നമ്മുടെ ഭാവിതലമുറയെ കരുപ്പിടിപ്പിക്കേണ്ടത് യുവരക്തത്തിലൂടെയാണെന്നുള്ള ചിന്താഗതി മറക്കുവാനിടയാകരുത്. അവരെ നമ്മുടെ സൊസൈറ്റിയിലേക്ക് ആകർഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. യുവാക്കൾ സാധാരണഗതിയിൽ, ജോലി ലഭിക്കുമ്പോഴോ, വിവാഹശേഷമോ, കുട്ടികൾ ഉണ്ടാകുമ്പോഴോ, സൊസൈറ്റിയുമായുള്ള പ്രവർത്തനങ്ങൾക്ക് വിരസത കൽപിക്കാറുണ്ട്. അതിനെ സ്വാഭാവികമെന്നേ വിശേഷിപ്പിക്കുവാനാകൂ. ഈയവസരത്തിൽ നമ്മുടെ നെടുംതൂണായ ഫ്രഡറിക് ഓസാനാമിന്റെ മാതൃക അവരെ മനസ്സിലാക്കി കൊടുക്കണം. അതുപോലെ അവർ സൊസൈറ്റിയിൽനിന്ന്, വളരുവാനുള്ള അവസരം മുതിർന്നവർ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണം. സ്വന്തം ഭവനത്തിലെ ''പ്രവർത്തനംപോലെ'' എന്നൊരു മനോഭാവം വളർത്തിയെടുക്കണം.

### വിൻസെൻഷ്യൻ കുടുംബം

നാമൊരു കുടുംബമാണെന്ന മനോഭാവം എല്ലാവർക്കും, എപ്പോഴുമുണ്ടാകണം. അയൽ കോൺഫ്രൻസുകളെ സഹായിക്കുവാൻ സാധിക്കുന്നുവെങ്കിൽ അതിനും തയ്യാറാകണം. അതുവഴി നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ മറ്റു മേഖലകളിലേക്ക് വ്യാപിപ്പിക്കണം. അങ്ങനെ ഒത്തൊരുമയോടുകൂടിയുള്ള പ്രവർത്തനങ്ങൾ നമുക്ക് കൂടുതൽ ശക്തിയും, പ്രചോദനവും തരും. അതുപോലെതന്നെ പ്രധാനപ്പെട്ട പരിപാടികളിൽ എല്ലാം ''വിൻസെൻഷ്യൻ ആന്തം'' താളമേള കൊഴുപ്പോടുകൂടിതന്നെ ആലപിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

നാമിന്നു നേരിടുന്ന എല്ലാ പ്രശ്നങ്ങളും സൗമ്യതയോടെ കാണണമെന്നും, നമ്മുടെ പ്രവർത്തനങ്ങൾ അസാധ്യമായി യാതൊന്നുമില്ലെന്നും, കുട്ടികൾ മുതൽ മുതിർന്നവർവരെയും, ദുരിതമനുഭവിക്കുന്നവർ മുതൽ മറ്റു ഭാഗങ്ങളിൽ

താമസിക്കുന്നവർ വരെയും, അഭയാർത്ഥികൾ മുതൽ, മറ്റു ഭാഷ സംസാരിക്കുന്നവർ വരെയും മതം, രാഷ്ട്രീയം, വർണ്ണം, വർഗ്ഗം ഇവയിൽപ്പെടുന്നവരെയും. മദ്യം, മയക്കുമരുന്നുകൾ എന്നിവയിൽ അടിമപ്പെട്ടവരെയും, ഒരു മയിൽ കണ്ട്, അവർക്കുവേണ്ടി നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം.

പ്രാർത്ഥനയിലൂടെയും ''ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ, അവസാനത്തവനും, എല്ലാവരുടെയും ശുശ്രൂഷകനുമാകണം'' എന്ന വി. മർക്കോസിന്റെ സുവിശേഷവാക്യത്തിലൂടെ അദ്ദേഹം തന്റെ ദീർഘമായ കത്ത് ഉപസംഹരിച്ചു.

### ഓസാനം ഫെസ്റ്റ്

ഈ വർഷത്തെ ഓസാനം ഫെസ്റ്റ് മത്സരങ്ങൾ ഡിസംബർ 29 ശനിയാഴ്ച രാവിലെ 9:30 മണിക്ക് സി. സി. ഓഫീസിൽ ആരംഭിക്കുന്നതാണ്. മത്സരാർത്ഥികൾ എ. സി. പ്രസിഡന്റുമാർ മുഖാന്തരം സി. സി. യെ അറിയിക്കണം.

### ഇനങ്ങൾ

ജൂനിയർ (2001 ജനുവരി 1 നും 2006 ഡിസംബർ 31 നും ഇടയിൽ ജനിച്ചവർ)

### ഇനങ്ങൾ

1. ക്വിസ് 2. ഭക്തിഗാനം 3. പ്രസംഗം

### യൂത്ത് മെമ്പർ

(1988 ജനുവരി 1 നും 2000 ഡിസംബർ 31 നും ഇടയിൽ ജനിച്ചവർ)

### ഇനങ്ങൾ

1. ക്വിസ് 2. ഭക്തിഗാനം 3. പ്രസംഗം 4. ഉപന്യാസം 5. വാട്ടർകളർ

### നോൺ യൂത്ത് മെമ്പർ

(ഇനങ്ങളുടെ പ്രായപരിധിയും യൂത്തുമെമ്പർമാരുടേതു തന്നെ)

### സീനിയർ

(1987 നും ഡിസംബർ 31 നും മുമ്പ് ജനിച്ചവർ)

### ഇനങ്ങൾ

1. ക്വിസ് 2. പ്രസംഗം 3. ഉപന്യാസം

### നിബന്ധനകൾ

ഒരാൾക്ക് ഒരിനത്തിൽ മാത്രമേ പങ്കെടുക്കാവൂ.

### ക്വിസ് മത്സരവിഷയം

1. നിയമാവലി 2006
2. വി. വിൻസെന്റ് ഡി പോൾ
3. വാ. ഫ്രഡറിക് ഓസാനം
4. വാ. കൊണ്ടോർ ഡോ. ഫെറീനി
5. വാ. ജിയോർജിയാ ഫ്രസാ എന്നിവരുടെ ജീവചരിത്രം (നിയമാവലി 2006)
6. വി. മത്തായിയുടെ സുവിശേഷം 10 മുതൽ 18 വരെ
7. തിരുസഭയെക്കുറിച്ചുള്ള പൊതുചോദ്യങ്ങൾ

### ഭക്തിഗാനം

ക്രിസ്തീയ ഭക്തിഗാനങ്ങൾ 5 മിനിറ്റ് സമയം

### പ്രസംഗം

1. വിൻസെൻഷ്യൻ വിളിയും ദൗത്യവും
2. വചനാധിഷ്ഠിത ജീവിതം, വിൻസെൻഷ്യൻ പ്രാധാന്യം
3. വി. കുർബാനയിൽനിന്ന ഊർജ്ജം ഉൾക്കൊള്ളേണ്ട ഉപവി.

### ഉപന്യാസം

(1 മണിക്കൂർ 5 മുതൽ 7 വരെ പേജുകൾ)

### വിഷയം

1. ആദ്ധ്യാത്മിക വളർച്ചയും വിൻസെൻഷ്യൻ പ്രവർത്തനവും
2. വിൻസെന്റ് ഡി പോൾ ഉപവിയുടെ ഉദാത്ത മാതൃക
3. സൊസൈറ്റി അംഗത്വവും തിരശ്ചീന - ലംബ - പാരമ്പര്യമാനങ്ങളും

ഓരോ മത്സരങ്ങൾക്കും ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർ (ജനുവരി 12)

2019 ജനുവരി 12ന് എറണാകുളത്തു നടക്കുന്ന ഓൾ കേരള മത്സരത്തിൽ പങ്കെടുക്കണം.

### സി. സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റിംഗ് ഡിസംബർ മാസം 8 ശനിയാഴ്ച സി.സി. ഓഫീസിൽ രാവിലെ 9:45 ന്. ഏവർക്കും ക്രിസ്തുമസ് നവവത്സരാശംസകൾ നേരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കരുണ നാമെല്ലാവരിലും ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്



# ആദരാഞ്ജലികൾ



**സിസ്റ്റർ ജാനറ്റ് സി.എം.സി.**
വെള്ളപ്ലാമുറിയിൽ
വള്ളംചിറ, മണിമല
മരണം: 07.11.2018



# ആദരാഞ്ജലികൾ



**സിസ്റ്റർ സ്കൊളാസ്റ്റിക്ക സി.എം.സി.**
നങ്ങച്ചിവീട്ടിൽചിറയിൽ
കൈനകരി
മരണം: 16.10.2018

# പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക

# പ്രസംഗമത്സരം–2019

പൂന്തോപ്പ് സെന്റ് ഫ്രാൻസീസ് അസ്സീസി സൺഡേ
സ്കൂളിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും
നടത്തപ്പെടുന്ന


## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക

## ഇന്റർ സൺഡേ സ്കൂൾ
## പ്രസംഗ മത്സരം

**2019 ജനുവരി 20–ാം തീയതി ഞായറാഴ്ച**
**ഉച്ചകഴിഞ്ഞ് 2.30 ന്**
**പൂന്തോപ്പ് പാരിഷ്ഹാളിൽവച്ച് നടത്തുന്നു.**

വിഷയം :

**"വിനയത്തിന്റെയും ലാളിത്യത്തിന്റെയും മാതൃകയായ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവിത വീക്ഷണം"**



**ഒന്നാം സമ്മാനം – 2000 രൂപ + ട്രോഫി**
**രണ്ടാം സമ്മാനം – 1500 രൂപ + ട്രോഫി**
**മൂന്നാം സമ്മാനം – 1000 രൂപ + ട്രോഫി**

കൂടാതെ 500 രൂപയുടെ
3 പ്രോത്സാഹനസമ്മാനം

**രജിസ്ട്രേഷൻ ഫീസ് 50 രൂപ**

**Contact: 8281315243, 9447741488**

# സെന്റ് മേരീസ് ചർച്ച്, പാറേൽ

# 11-ാമത് ആരാധനാവത്സരം മെഗാക്വിസ്

## 2019 ജനുവരി 27 ഞായർ 2:30 p.m. ന്
## പാറേൽ സെന്റ് മേരീസ് പള്ളിയിൽ

**സിലബസ്**

1. ചങ്ങനാശ്ശേരിഅതിരൂപതയിൽനിന്നുംപ്രസിദ്ധീകരിച്ചിരിക്കുന്ന2017-2018-ാമാണ്ട് ആരാധനാവത്സര വോൾകലണ്ടറിൽ കൊടുത്തിരിക്കുന്ന മംഗളവാർത്തക്കാലത്തിലെയും ദനഹാകാലത്തിലെയും ഞായറാഴ്ച വായനകൾ (4 വായനകൾ). കലണ്ടറിൽ ഒരു ദിവസത്തേക്ക് രണ്ടു വായനകൾ നൽകിയിട്ടുണ്ടെങ്കിൽ ഒന്നാമത്തെ വായന മാത്രം പഠിച്ചാൽ മതിയാകും (POC) (30%).
2. ദനഹാക്കാലത്തിലെ റംശാപ്രാർത്ഥന-ദിവസത്തിന്റെ സങ്കീർത്തനം ഉൾപ്പെടെ. (25%)
3. 2017-2018 ആരാധനവത്സര കലണ്ടറിലെ പൊതുചോദ്യങ്ങൾ - ഐക്കൺസ് ഉൾപ്പെടെ. (10%)
4. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം-സുഖപ്പെടുത്തലിന്റെ കൂദാശകളിൽ അനുരഞ്ജന ത്തിന്റെ കൂദാശ (POC പ്രസിദ്ധീകരണം, First Published on 3rd December 2005, page 360-378) (25%).
5. സഭാപരമായ പൊതു ചോദ്യങ്ങൾ (10%).

**സമ്മാനങ്ങൾ**

| | | |
|---|---|---|
| 1 -ാം സമ്മാനം | 7001 രൂപയും | എവർ റോളിങ് ട്രോഫിയും |
| 2 -ാം സമ്മാനം | 4001 രൂപയും | ,, |
| 3 -ാം സമ്മാനം | 2500 രൂപയും | ,, |
| 4 -ാം സമ്മാനം | 1500 രൂപയും | ,, |
| 5 -ാം സമ്മാനം | 1001 രൂപയും | ,, |

**നിർദ്ദേശങ്ങൾ**

1. ഒരു ടീമിൽ പരമാവധി 3 പേർക്ക് പങ്കെടുക്കാം. (മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവരിൽനിന്ന് ഓരോരുത്തർ വീതം)
3. ഒരിടവകയിൽ നിന്ന് എത്ര ടീമിനു വേണമെങ്കിലും പങ്കെടുക്കാവുന്നതാണ്.
4. +1, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും യുവതീയുവാക്കന്മാരുടെ ഗണത്തിൽ വരുന്നതാണ്.
5. രജിസ്ട്രേഷൻ 2019 ജനുവരി 15 നു മുൻപ് നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.
6. മത്സരത്തിൽ പങ്കെടുക്കാൻ വ്യക്തികളുടെ ഗണംതിരിച്ച് വികാരിയച്ചൻ നൽകുന്ന സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
7. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയായിരിക്കും ക്വിസ്മത്സരം നടത്തപ്പെടുക.

**ഫാ. ജേക്കബ് വാരിക്കാട്ട്** (വികാരി)
9744799717

**ഫാ. ഫീലിപ്പോസ് കാപ്പിത്തോട്ടം** (അസി. വികാരി)
9495278364

**ശ്രീ. ഇട്രാച്ചൻ പുന്നാടമ്പാക്കൽ** (HM)
9847112760

**പള്ളി ഓഫീസ്:** 0481 2420218

## 5-ാമത് അഖില കേരള "മുൾത്തോരും ഫിദേലിയും"
# ക്വിസ് മത്സരം 2019

സീറോമലബാർ സഭയുടെ അജപാലനപ്രവർത്തന സ്വാതന്ത്ര്യത്തിന്റെ നാഴികക്കല്ലായ 'മുൾത്തോരും ഫിദേലിയും' എന്ന തിരുവെഴുത്തിന്റെ സുവർണ്ണ ജൂബിലി സ്മരണ ശാശ്വതീകരിക്കാൻ **തിരുവനന്തപുരം ലൂർദ് ഫൊറോന സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 2019 ജനുവരി 20 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1:00** മണിക്ക് ലൂർദ് ഫൊറോന ചർച്ച് പാരീഷ് ഹാളിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തപ്പെടുന്ന മുൾത്തോരും ഫിദേലിയും ക്വിസ് മത്സരത്തിലേക്ക് സ്വാഗതം.

**പഠനഭാഗം**

1. നിയമാവർത്തനം 1-11, പ്രഭാഷകൻ 1-10 (20%)
2. മത്തായി 10-18, വെളിപാട് 10-6 (20%)
3. സീറോ മലബാർ കുർബ്ബാന പുസ്തകം (20%)
4. ഭാരതസഭാചരിത്രം റവ.ഡോ.സേവ്യർ കൂടപ്പുഴ, 4-ാമത് എഡിഷനിൽ നിന്നും

a) കൂനൻ കുരിശു സത്യവും സഭയിലെ പിളർപ്പും: അദ്ധ്യായം 11, പേജ് 498-532 (20%)

b) ഭാരതത്തിലെ പൗരസ്ത്യസഭകളുടെ നവോത്ഥാന കാലഘട്ടം: അദ്ധ്യായം 17, പേജ് 750-793 (20%)

**സമ്മാനങ്ങൾ**

1-ാം സമ്മാനം - 8000 രൂപാ + ട്രോഫി + സർട്ടിഫിക്കറ്റ്
2-ാം സമ്മാനം - 5000 രൂപാ + ട്രോഫി + സർട്ടിഫിക്കറ്റ്
3-ാം സമ്മാനം - 3000 രൂപാ + ട്രോഫി + സർട്ടിഫിക്കറ്റ്

1) ഒരു സൺഡേസ്കൂളിൽ നിന്നും 2 പേർ വീതമുള്ള രണ്ടു ടീമിനു വരെ പങ്കെടുക്കാം. 2) ആൺ-പെൺ വ്യത്യാസമില്ലാതെ ഹയർ കോഴ്സ് ഒഴികെയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. 3) മത്സരത്തിൽ പങ്കെടുക്കുന്ന ടീം സൺഡേസ്കൂൾ ഡയറക്ടറുടെയോ ഹെഡ്മാസ്റ്ററുടെയോ സാക്ഷ്യപത്രവും 100 രൂപ രജിസ്ട്രേഷൻ ഫീസും മത്സരദിവസം കൊണ്ടുവരേണ്ടതാണ്. 4) പങ്കെടുക്കാൻ താല്പര്യമുള്ളവർ ഡിസംബർ 31 നു മുൻപായി ഫോണിലൂടെയോ കത്ത് മുഖേനയോ, ഡയറക്ടറച്ചന്റെയോ, ഹെഡ്മാസ്റ്ററിന്റെയോ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 5) ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള മത്സരമാണ് നടത്തപ്പെടുന്നത്. 6) പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും ആകർഷകമായ സമ്മാനങ്ങൾ നല്കുന്നതാണ്.

| ജയിംസ് റ്റി.എബ്രഹാം | ഫാ.തോമസ് തുണ്ടത്തിൽ | വെ.റവ.ഫാ.ജോസ് വിരുപ്പേൽ |
|---|---|---|
| *(ഹെഡ്മാസ്റ്റർ)* | *(അസി.വികാരി)* | *(വികാരി )* |
| *9486213854* | *0471-2302778, 8281782071* | *0471-2304308 ,9447877088* |

*പന്ത്രണ്ടാം പീയൂസ് മാർപാപ്പ 1955 ഏപ്രിൽ 29-ാം തീയതി പുറപ്പെടുവിച്ച 'മുൾത്തോരും ഫിദേലിയും' എന്ന തിരുവെഴുത്തിലൂടെ ചങ്ങനാശ്ശേരി അതിരൂപതയുടെ അതിർത്തി കന്യാകുമാരി വരെ വികസിപ്പിച്ചു.*

**ഉടനെ പേര് രജിസ്റ്റർ ചെയ്യുക**

# ചങ്ങനാശേരി ഫൊറോന മതബോധന കേന്ദ്രവും
# തിരുവനന്തപുരം CMI സെന്റ് ജോസഫ്സ് പ്രോവിൻസും
# ചേർന്ന് നടത്തുന്ന

**റവ. ഡോ. പ്ലാസിഡ് ജെ. പൊടിപ്പാറ മെമ്മോറിയൽ**

**33 – ാമത് അഖിലകേരള**

# ആരാധനക്രമ – സഭാചരിത്ര
# ക്വിസ് മത്സരം

**2019 ജനുവരി 13 ഞായർ 02:00 pm**

**തിരുഹൃദയ ദൈവാലയം ചെത്തിപ്പുഴ**

**അദ്ധ്യാപകർക്ക്**

**1–ാം സമ്മാനം 8000 രൂപയും എവർറോളിംഗ് ട്രോഫിയും**
**2–ാം സമ്മാനം 5000 രൂപ • 3–ാം സമ്മാനം 3000 രൂപ**
**4–ാം സമ്മാനം 1000 രൂപ കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും**

**കുട്ടികൾക്ക്**

**1–ാം സമ്മാനം 5000 രൂപ • 2–ാം സമ്മാനം 3000 രൂപ**
**3–ാം സമ്മാനം 2000 രൂപ • 4–ാം സമ്മാനം 1000 രൂപ**
**കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും**

## മത്സരവിഷയങ്ങളും മാർക്കുവിഭജനവും

**അദ്ധ്യാപകർക്ക്**

1. **സേവനനിരതയായ സഭ** – ഡോ. തോമസ് പാടിയത്ത്, കുടുംബജ്യോതി പ്രസിദ്ധീകരണം (35%)
2. **ജീവിതം സഭയോടൊപ്പം** – ഡോ. തോമസ് പാടിയത്ത്, ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ (35%)
3. **പ്ലാസിഡച്ചൻ പ്രശാന്തനായ പ്രവാചകൻ** (20%) പ്ലാസിഡ് സീരിസ് – 1 (പേജ് 1– 66) പ്ലാസിഡ് ഫോറം, ചെത്തിപ്പുഴ
4. **സീറോമലബാർ കുർബാന റാസക്രമം** (10%)

**കുട്ടികൾക്ക്**

1. **സേവനനിരതയായ സഭ** – ഡോ. തോമസ് പാടിയത്ത്, കുടുംബജ്യോതി പ്രസിദ്ധീകരണം (40%)
2. **സഭ എന്റെ കുടുംബം** (CML പ്രസിദ്ധീകരണം (30%)
3. **പ്ലാസിഡച്ചൻ പ്രശാന്തനായ പ്രവാചകൻ** (20%) പ്ലാസിഡ് സീരിസ് – 1 (പേജ് 1– 66) പ്ലാസിഡ് ഫോറം, ചെത്തിപ്പുഴ
4. **സീറോമലബാർ കുർബാന റാസക്രമം** (10%)

**നിബന്ധനകൾ:**

1. വൈദിക വിദ്യാർത്ഥികളല്ലാത്ത എല്ലാ മതാദ്ധ്യാപകർക്കും പങ്കെടുക്കാം.
2. രണ്ട്പേരടങ്ങുന്ന ടീമുകളായിട്ടാണ് മത്സരിക്കേണ്ടത്. ഒരു സൺഡേസ്കൂളിൽ നിന്ന്അദ്ധ്യാപകരിൽ നിന്നും കുട്ടികളിൽനിന്നും 3 ടീമുകൾക്ക് വീതം പങ്കെടുക്കാം.
3. Reg. Fees ₹100. വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
4. മത്സരം സംബന്ധിച്ച് ക്വിസ്മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

മത്സരത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ **2019 ജനുവരി 1** നു മുമ്പ് താഴെകാണുന്ന വിലാസത്തിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

മത്സരവിഷയങ്ങളുടെ പുസ്തകങ്ങൾ ചങ്ങനാശേരി സെന്റ് ജോസഫ് ബുക്ക്സ്റ്റാളിലും സന്ദേശനിലയം കുടുംബകൂട്ടായ്മ, ഫാമിലി അപ്പസ്തലേറ്റ് ഓഫീസിലും ലഭ്യമാണ്.

വിലാസം:– **ഫാ. ആന്റണി ആനക്കല്ലുങ്കൽ**
സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ചർച്ച്, ചങ്ങനാശേരി – 686 101
**ഫോൺ : 8281746624, 9446562501, 9847109272, 9961433334, 9447749819**
**തോമസുകുട്ടി പി.കെ. പുത്തൻപുരയിൽ (കൺവീനർ) : 9447958527**

# സെന്റ് തോമസ് സൺഡേസ്കൂൾ പുഴവാത് ചങ്ങനാശ്ശേരി

**33-ാമത് സണ്ണി വൈശ്യന്റേടം മെമ്മോറിയൽ ഇന്റർ സൺഡേസ്കൂൾ ക്വിസ് കോമ്പറ്റീഷൻ 2018**

പ്രിയപ്പെട്ട ബഹു. അച്ചാ/സാർ,

പുഴവാത് സെന്റ് തോമസ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സണ്ണി **വൈശ്യന്റേടം** മെമ്മോറിയൽ ഇന്റർ സൺഡേസ്കൂൾ 33-ാമത് ക്വിസ് കോമ്പറ്റീഷൻ 2019 ജനുവരി 6-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:00 ന് പുഴവാത് സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തുന്നതാണ്. ചങ്ങനാശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒരു സൺഡേ സ്കൂളിൽനിന്നും മൂന്നു പേർ ഉൾപ്പെട്ട ഒരു ടീമിന് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

**നിബന്ധനകൾ**

- ഒരു സൺഡേ സ്കൂളിൽനിന്നും ഒരു ടീമിന് പങ്കെടുക്കാം
- ഒരു ടീമിൽ - ഒരു സൺഡേ സ്കൂൾ അദ്ധ്യാപകൻ/അദ്ധ്യാപിക ഒരു ഹയർ കോഴ്സ് വിദ്യാർത്ഥി/വിദ്യാർത്ഥിനി 1 മുതൽ 10 വരെ ക്ലാസുകളിൽനിന്ന് ഒരു വിദ്യാർത്ഥി/വിദ്യാർത്ഥിനി
- ഹയർ കോഴ്സ് വിഭാഗത്തിൽ നിന്ന് മത്സരാർത്ഥികൾ ഇല്ലെങ്കിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ നിന്ന് ഒരാളെക്കൂടി ഉൾപ്പെടുത്താവുന്നതാണ്.
- പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നവംബർ 15 മുമ്പായി ഹെഡ്മാസ്റ്ററുടെയോ കൺവീനറിന്റെയോ പക്കൽ പേര് രജിസ്റ്റർ ചെയ്യണം.
- മത്സരത്തിൽ പങ്കെടുക്കാനെത്തുമ്പോൾ (നവം.25) ബഹു. വികാരിയച്ചന്റെയോ/ സൺഡേ സ്കൂൾ ഡയറക്ടറിന്റെയോ സാക്ഷ്യപത്രം, രജിസ്ട്രേഷൻ ഫീ ആയി 50 രൂപ നൽകേണ്ടതാണ്.
- വൈദിക വിദ്യാർത്ഥികളോ സന്യാസിനികളോ മത്സരത്തിൽ പങ്കെടുക്കുവാൻ പാടില്ല.

**വിഷയങ്ങൾ**

- **പ്രഭാഷകന്റെ പുസ്തകം** (1 മുതൽ 10 വരെ അദ്ധ്യായങ്ങൾ) (25%)
- **വി. മത്തായിയുടെ സുവിശേഷം** (10 മുതൽ 18 വരെ അദ്ധ്യായങ്ങൾ) (25%)
- **വെളിപാട് പുസ്തകം** (10 മുതൽ 16 വരെ അദ്ധ്യായങ്ങൾ) (25%)
- **ആനന്ദിച്ച് ആഹ്ളാദിക്കുവിൻ** (അപ്പസ്തോലിക പ്രബോധനം) (25%)
  വിവർത്തനം: **ഫാ. ജയിംസ് ആലക്കുഴിയിൽ OCD** (പേജ് 85 മുതൽ 130 വരെ)

അങ്ങയുടെ എല്ലാ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ) ഫോൺ: 9446903631

**ബിജു തോപ്പിൽ**
(ഹെഡ്മാസ്റ്റർ) ഫോൺ: 9447573065

**ജോബിൻ സണ്ണി**
(കൺവീനർ) ഫോൺ: 7025175265

**1-ാം സമ്മാനം - 5000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**2-ാം സമ്മാനം - 4000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**3-ാം സമ്മാനം - 3000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**4-ാം സമ്മാനം - 2000 രൂപാ ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും**
**5-ാം സമ്മാനം - 1000 രൂപാ ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും**



വി. കുർബാനയുടെ ആരാധന സന്യാസിനി സമൂഹവും
ചെറുപുഷ്പ മിഷൻലീഗ് ചമ്പക്കുളം മേഖലയും
സംയുക്തമായി സംഘടിപ്പിക്കുന്ന

# 8-ാമത് അഖില കേരള ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ക്വിസ്

**2019 ജനുവരി 6 ഞായർ 1:45 p.m. ന്**

**(ബി.കെ. പബ്ലിക് സ്കൂൾ ചമ്പക്കുളം)**

ഈശോയിൽ പ്രിയരേ,

ചങ്ങനാശേരി രൂപതയുടെ പ്രഥമ മെത്രാനും വി. കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനും കരുണാർദ്ര സ്നേഹത്തിന്റെ പ്രേഷിതനുമായ **ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 146-ാം ജന്മ ദിന അനുസ്മരണാർത്ഥം നടത്തുന്ന 8-ാമത് അഖിലകേരള ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ക്വിസ്** മത്സരത്തിലേയ്ക്ക് എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**റവ. മദർ മേഴ്സി നെടുംപുറം SABS**
*(പ്രൊവിൻഷ്യൽ സുപ്പീരിയർ)*

**സി. മരിയ ചുളയില്ലാപ്ലാക്കൽ SABS**
*(സുപ്പീരിയർ - ചമ്പക്കുളംമഠം)*

**സി. മരീസാ കരിക്കംപള്ളി SABS**
*(മേഖല ജോയിന്റ് ഡയറക്ടർ)*

**വെരി റവ. ഫാ. അബ്രാഹം കാടാത്തുകളം**
*(സെന്റ് മേരീസ് ബസിലിക്ക, റെക്ടർ)*

**റവ. ഫാ. ജെറിൻ തോട്ടയ്ക്കാട്ടുകാലായിൽ**
*(മേഖല ഡയറക്ടർ)*

**ശ്രീ. ജോജോ തോമസ് ചേന്നാട്**
*(ജനറൽ കൺവീനർ)*

## സമ്മാനങ്ങൾ

1-ാം സമ്മാനം - 5000 രൂപാ + ട്രോഫി + സർട്ടിഫിക്കറ്റ്
2-ാം സമ്മാനം - 4000 രൂപാ + ട്രോഫി + സർട്ടിഫിക്കറ്റ്
3-ാം സമ്മാനം - 3000 രൂപാ + ട്രോഫി + സർട്ടിഫിക്കറ്റ്
4-ാം സമ്മാനം - 2000 രൂപാ + സർട്ടിഫിക്കറ്റ്
5-ാം സമ്മാനം - 1500 രൂപാ + സർട്ടിഫിക്കറ്റ്

*6 മുതൽ 10 വരെയുള്ള സ്ഥാനക്കാർക്ക് 500 രൂപാ വീതം ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.*

**പഠനഗ്രന്ഥം :**

**ദിവ്യകാരുണ്യപ്രേഷിതൻ**
(ധന്യൻ മാർ തോമസ് കുര്യാളശ്ശേരി)

**സഹനദാസിയുടെ ഓർമ്മക്കുറിപ്പുകൾ**
(ദൈവദാസി ഷന്താളമ്മയുടെ ആത്മകഥ)

**സഭ എന്റെ കുടുംബം**
(സി. എം. എൽ. പഠനഗ്രന്ഥം)

നിബന്ധനകൾ: (1) സൺഡേസ്കൂളിലോ/സ്കൂളുകളിലോ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 2 കുട്ടികൾ അടങ്ങുന്ന ടീം ആയിരിക്കണം. (2) പരമാവധി ടീമിനെ പങ്കെടുപ്പിക്കാം. (3) മത്സരം പൊതുവായിരിക്കും. (4) രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 75 രൂപ. (5) രജിസ്ട്രേഷൻ 2018 ഡിസംബർ 30 ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. (6) മത്സരത്തിൽ പങ്കെടുക്കുന്നവർ വികാരിയച്ചൻ/ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രവുമായി വരേണ്ടതാണ്. (7) ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും. (8) ഉച്ചഭക്ഷണം അവരവർ തന്നെ കരുതേണ്ടതാണ്. (9) ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 ടീമുകൾക്കായിരിക്കും അവസരം നൽകുക.

| | | |
|---|---|---|
| **ധന്യൻ മാർ തോമസ് കുര്യാളശേരി തീർത്ഥാടനം 2019 ജനുവരി 12 ശനി** | *ബന്ധപ്പെടേണ്ട നമ്പർ:* **ശ്രീ. ജോജോ തോമസ് ചേന്നാട്, 9446793321 സി. മരീസാ കരിക്കംപള്ളി SABS, 9526196219, 9645885409** | **പഠനഗ്രന്ഥം സന്ദേശനിലയത്തിലോ, ചമ്പക്കുളം ആരാധന മഠത്തിലോ ലഭ്യമാണ്.** |

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



136

# പുരോഹിതശുശ്രൂഷയും സഭാകൂട്ടായ്മയും

(തിരുവചനഭാഗം: ശ്ലീഹ. 11:1-30)

കൊർണേലിയൂസിന്റെ സഭാപ്രവേശനത്തെത്തുടർന്ന് കുറേ ദിവസങ്ങൾ പത്രോസ് കേസറിയായിൽ താമസിച്ചുകാണണം (10:48). അതിനുശേഷം അദ്ദേഹം ജറുസലേമിലേക്കു പോയി. പത്രോസ് അവിടെ തിരിച്ചെത്തുന്നതിനു മുമ്പേ, അദ്ദേഹം വിജാതീയരുടെ ഭവനത്തിൽ പോയതായും അവരോടൊന്നിച്ചു ഭക്ഷണം കഴിച്ചതായുമുള്ള വാർത്ത ആ പ്രദേശങ്ങളിൽ പരന്നുകഴിഞ്ഞിരിക്കണം. പത്രോസ് തിരിച്ചെത്തിയപ്പോൾ പരിച്ഛേദനം ഗൗരവമായി കരുതിയിരുന്ന സഭാംഗങ്ങൾ അദ്ദേഹത്തെ ചോദ്യം ചെയ്യുകയും പത്രോസ് തന്റെ പ്രവൃത്തിയെ ന്യായീകരിക്കുകയും ചെയ്യുന്നു. അതേത്തുടർന്ന് വിജാതീയരെ ഉൾക്കൊള്ളുന്ന സഭ അന്ത്യോക്യായിൽ രൂപംകൊള്ളുന്നതും അവിടെ ബാർണബാസും പൗലോസും നേതൃത്വശുശ്രൂഷ നിർവഹിക്കുന്നതുമാണ് ശ്ലീഹന്മാരുടെ പ്രവർത്തനം 11-ാം അദ്ധ്യായത്തിൽ വിവരിക്കുന്നത്. സഭാകൂട്ടായ്മയിൽ പുരോഹിതശുശ്രൂഷ എങ്ങനെ നിർവഹിക്കണമെന്നു ചിന്തിക്കുവാൻ ഈ തിരുവചനഭാഗം നമ്മെ സഹായിക്കും. ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാം.

1. ആദിമസഭയും വിജാതീയസ്വീകരണവും (11:1-3)
2. പത്രോസിന്റെ അനുഭവസാക്ഷ്യം (11:4-18)
3. അന്ത്യോക്യായിൽ സഭ രൂപം കൊള്ളുന്നു (11:19-21)
4. ബാർണബാസും പൗലോസും അന്ത്യോക്യായിൽ (11:22-26)
5. മാതൃസഭയ്ക്ക് സഹായവിതരണം (11:27-30)

## 1. സഭാശുശ്രൂഷയും സഭാകൂട്ടായ്മയും

*''വിജാതീയരും ദൈവവചനം സ്വീകരിച്ചുവെന്ന് യൂദയായിലുണ്ടായിരുന്ന ശ്ലീഹന്മാരും സഹോദരരും കേട്ടു. തന്മൂലം പത്രോസ് ജറുസലേമിൽ വന്നപ്പോൾ പരിച്ഛേദനവാദികൾ അവനെ എതിർത്തു. അവർ ചോദിച്ചു: അപരിച്ഛേദിതരുടെ അടുക്കൽ നീ പോകുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തതെന്തുകൊണ്ട്?'' (11:1-3).*

കൊർണേലിയൂസിന്റെ മാനസാന്തരത്തെത്തുടർന്ന് വിജാതീയ ക്രൈസ്തവസമൂഹം രൂപംകൊള്ളുകയുണ്ടായി. കേസറിയായിലുള്ള പത്രോസിന്റെ പ്രസംഗവും പ്രവർത്തനങ്ങളുമായിരിക്കണം അതിന് വഴിയൊരുക്കിയത്. ''വിജാതീയരും ദൈവവചനം സ്വീകരിച്ചു'' എന്നാണ് ഈ സംഭവത്തെ വിശേഷിപ്പിച്ചിരിക്കുന്നത് (11:1). വചനസ്വീകരണമാണല്ലോ സഭാരൂപീകരണത്തിനു നിർണ്ണായകമായിത്തീരുന്നത്. ജറുസലേമിൽ ആദിമക്രൈസ്തവസമൂഹം രൂപംകൊണ്ടതും വചനസ്വീകരണത്തിലൂടെയാണ്: ''അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു''

(2:41). വചനം സ്വീകരിച്ച് അതിന് അനുകൂലമായ പ്രതികരണം നല്കുന്നതാണ് വിശ്വാസം. അപ്രകാരം വിശ്വാസികളുടെ സമൂഹമായിട്ടാണ് സഭ ആരംഭംമുതലേ അറിയപ്പെടുന്നത് (4:32). വചനവും ജനങ്ങളുടെ മതപരവും സാംസ്കാരികവുമായ പശ്ചാത്തലങ്ങളും തമ്മിലുള്ള പാരസ്പര്യത്തിന്റെ ഫലമായിട്ടാണ് വിശ്വാസികളുടെ സമൂഹമായ സഭ രൂപംകൊള്ളുന്നത്. അതുകൊണ്ട് വിശ്വാസത്തിൽ ഐക്യവും വിശ്വാസപാരമ്പര്യങ്ങളിൽ വൈവിധ്യവുമുള്ള സഭാസമൂഹങ്ങളാണ് സഭാകൂട്ടായ്മയിലുള്ളത്. അതുകൊണ്ടാണ് സഭ 'സഭകളുടെ കൂട്ടായ്മ'യായി നിലകൊള്ളുന്നത്.

വിജാതീയ വിശ്വാസികളുടെ സമൂഹം രൂപംകൊണ്ട പശ്ചാത്തലത്തിൽ പരിച്ഛേദനവാദികളായ യഹൂദവിശ്വാസികളുടെ സമൂഹത്തിൽ എതിർപ്പുണ്ടായി (11:2). അതിനു കാരണക്കാരനായ പത്രോസിനെ ജറുസലേമിലെ യഹൂദക്രൈസ്തവസമൂഹം എതിർക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു (11:3). അതിനു മറുപടിയായി എതിർക്കുന്നവരെ നിശബ്ദരാക്കി ഐക്യം നിലനിർത്തുവാൻ സഹായകമായ, പത്രോസ് പറയുന്ന, വാക്കുകളാണ് ഇതേത്തുടർന്ന് രേഖപ്പെടുത്തിയിട്ടുള്ളത് (11:4-17). സഭയുടെ ചരിത്രത്തിൽ സഭാകൂട്ടായ്മയിലുള്ള വ്യക്തിസഭകൾ തമ്മിലുണ്ടായിട്ടുള്ളതും ഇപ്പോഴും ഉണ്ടാകുന്നതുമായ ബുദ്ധിമുട്ടുകളുടെ ഒരു മുൻസൂചനയായി ഈ സംഭവത്തെ കാണാം. അപ്രകാരമുള്ള പശ്ചാത്തലത്തിൽ വിശ്വാസത്തിൽ ഐക്യവും വിശ്വാസപാരമ്പര്യങ്ങളിൽ വ്യതിരിക്തതയും പുലർത്തുന്ന ഒരു കൂട്ടായ്മയായി സഭയെ മനസ്സിലാക്കുവാനും, കൂട്ടായ്മയുടെ ചൈതന്യത്തിൽ പ്രശ്നങ്ങൾ പരിഹരിച്ച് സഭൈക്യം നിലനിർത്തുവാനും പുരോഹിതശുശ്രൂഷ നിർവഹിക്കുന്ന സഭാനേതൃത്വത്തിനു കഴിയണം.

## 2. സഭാശുശ്രൂഷയും പ്രാർത്ഥനാപൂർവകമായ സ്നേഹസംഭാഷണവും

*"പത്രോസ് അവരോട് എല്ലാം ക്രമമായി വിശദീകരിക്കാൻ തുടങ്ങി. നാം ഈശോമിശിഹായിൽ വിശ്വസിച്ചപ്പോൾ ദൈവം നമുക്കു നല്കിയ അതേ ദാനം അവർക്കും അവിടുന്നു നല്കിയെങ്കിൽ ദൈവത്തെ തടസ്സപ്പെടുത്താൻ ഞാൻ ആരാണ്? ഈ വാക്കുകൾ കേട്ടപ്പോൾ അവർ നിശബ്ദരായി. ജീവനിലേക്കു നയിക്കുന്ന അനുതാപം വിജാതീയർക്കും ദൈവം പ്രദാനം ചെയ്തിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവർ ദൈവത്തെ മഹത്ത്വപ്പെടുത്തി" (11:4,17-18).*

ജറുസലേമിലെ വിശ്വാസികൾ പത്രോസിനെ ചോദ്യം ചെയ്തപ്പോൾ, നടന്ന സംഭവം അദ്ദേഹം അതേപടി വിവരിക്കുന്നു. പത്രോസും യഹൂദപാരമ്പര്യത്തിൽ വളർന്ന വ്യക്തിയാണ്. അതിനെ മറികടന്ന് വിജാതീയരുടെ അടുത്തുപോയി സുവിശേഷപ്രഘോഷണം നടത്തുവാൻ തന്നെ നിർബന്ധിച്ചത് തന്നെ സഭാതലവനാക്കിയ ദൈവംതന്നെയാണെന്ന് പത്രോസ് അവരെ പറഞ്ഞു മനസ്സിലാക്കുന്നു. തനിക്കുണ്ടായ സ്വർഗ്ഗീയ ദർശനവും അതേത്തുടർന്ന് കൊർണേലിയൂസ് അയച്ചവരോടൊപ്പം കേസറിയായിലേക്കു പോയതും, കൊർണേലിയൂസിനോടും അവിടെ കൂടിയിരുന്നവരോടും സുവിശേഷം പ്രസംഗിച്ചപ്പോൾ അവരുടെമേൽ പരിശുദ്ധാത്മാവു വന്നതും അതേത്തുടർന്ന് അവർക്കു സ്നാനം നല്കിയതുമെല്ലാം വളരെ കൃത്യമായി പത്രോസ് അവരെ പറഞ്ഞുകേൾപ്പിച്ചു. യഹൂദക്രൈസ്തവർക്ക് വിശ്വാസമെന്ന ദാനം നല്കിയ ദൈവംതന്നെയാണ് വിജാതീയ ക്രൈസ്തവർക്കും അതു നല്കിയതെന്നു കേട്ടപ്പോൾ മറ്റു ശ്ലീഹന്മാരും പത്രോസിനെ എതിർത്തവരും നിശബ്ദരാവുകയും വിജാതീയർക്ക് അനുതാപവും വിശ്വാസവും നല്കിയ ദൈവത്തെ മഹത്ത്വപ്പെടുത്തുകയും ചെയ്തു (11:18).

പ്രാർത്ഥനാനുഭവത്തിലൂടെ താൻ മനസ്സിലാക്കിയ ദൈവഹിതം അനുസരിച്ചാണ് ഇപ്രകാരം പ്രവർത്തിച്ചതെന്ന് പത്രോസ് സ്നേഹപൂർവം അവരെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു. അജപാലനശുശ്രൂഷാരംഗങ്ങ

ളിൽ തെറ്റിദ്ധാരണകളും എതിർപ്പുകളും ഉണ്ടാവുക സ്വാഭാവികമാണ്. കാരണം സഭാസമൂഹം ഒരേ സമയം ദൈവികവും മാനുഷികവുമാണ്. അവയെ എപ്രകാരം നേരിടണമെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്. പ്രാർത്ഥനയിലൂടെ ദൈവഹിതം അറിയുവാൻ ശ്രമിക്കുകയും സ്നേഹസംഭാഷണത്തിലൂടെ അത് ബന്ധപ്പെട്ടവരെ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്താൽ പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കുവാനും സഭാകൂട്ടായ്മയ്ക്കു കോട്ടംവരാതെ ശുശ്രൂഷ നിർവഹിക്കുവാനും പുരോഹിതനു കഴിയും.

## 3. സഭയുടെ വിശ്വാസവും വചനപ്രഘോഷണവും

*''അക്കൂട്ടത്തിൽ സൈപ്രസിൽനിന്നും കിറേനേയിൽനിന്നുമുള്ള ചിലരുണ്ടായിരുന്നു. അവർ അന്ത്യോക്യായിൽ വന്നപ്പോൾ ഗ്രീക്കുകാരോടും കർത്താവായ ഈശോയെക്കുറിച്ചു പ്രസംഗിച്ചു. കർത്താവിന്റെ കരം അവരോടുകൂടെ ഉണ്ടായിരുന്നു. വിശ്വസിച്ച വളരെപ്പേർ കർത്താവിലേക്കു തിരിഞ്ഞു. ഈ വാർത്ത ജറുസലേമിലെ സഭയിലെത്തി. അവർ ബാർണ്ണബാസിനെ അന്ത്യോക്യായിലേക്ക് അയച്ചു'' (11:20-22).*

അന്ത്യോക്യായിലെത്തിയ സുവിശേഷകന്മാർ യഹൂദരോടെന്നതിനെക്കാൾ കൂടുതൽ ശ്രദ്ധ പതിച്ചത് വിജാതീയരോട് സുവിശേഷം പ്രഘോഷിക്കുവാനാണ്. യഹൂദരോടുള്ള സുവിശേഷപ്രഘോഷണത്തിൽ ഈശോ, 'മിശിഹാ'യാണ് എന്നതിന് ഊന്നൽ നല്കിയിരുന്നു (2:36). എന്നാൽ വിജാതീയരോടുള്ള പ്രഘോഷണത്തിൽ ഈശോയെ 'കർത്താവും' 'രക്ഷകനു'മായിട്ടാണ് പ്രഘോഷകർ അവതരിപ്പിച്ചത് (11:20). വിജാതീയർക്ക് യഹൂദരെപ്പോലെ 'മിശിഹാ'യെ പ്രതീക്ഷിക്കുന്ന പാരമ്പര്യമില്ലാത്തതിനാലായിരിക്കാം അപ്രകാരം ചെയ്തത്. അന്ത്യോക്യായിൽ വിജാതീയരുടെയിടയിലുണ്ടായിരുന്ന ലൈംഗിക അരാജകത്വവും അതിനു പ്രേരകമായിരുന്നിരിക്കണം. രോഗത്തിൽനിന്നും പാപത്തിൽനിന്നും രക്ഷ നല്കുവാൻ കഴിവുള്ള കർത്താവായി ഈശോയെ സ്വീകരിക്കുവാൻ അത് പശ്ചാത്തലമൊരുക്കി. അങ്ങനെ വിശ്വസിച്ചവരെ ചരിത്രത്തിൽ ആദ്യമായി 'ക്രിസ്തുവിന്റെ ആളുകൾ' എന്നയർത്ഥത്തിൽ 'ക്രിസ്ത്യാനികൾ' എന്ന് അന്ത്യോക്യായിലെ ജനങ്ങൾ വിളിച്ചുതുടങ്ങി.

'ഈശോ കർത്താവാണ്' എന്നത് ആദിമസഭയുടെ വിശ്വാസപ്രമാണമായിട്ടാണ് കരുതപ്പെടുന്നത്. കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: ''നിങ്ങൾ വിജാതീയരായിരുന്നപ്പോൾ സംസാരശേഷിയില്ലാത്ത വിഗ്രഹങ്ങളുടെ അടുത്തേക്ക് അപഥസഞ്ചാരം ചെയ്തിരുന്നത് ഓർക്കുന്നുണ്ടല്ലോ. ദൈവാത്മാവുമുഖേന സംസാരിക്കുന്നവരാരും ഈശോ ശപിക്കപ്പെട്ടവനാണെന്ന് ഒരിക്കലും പറയുകയില്ലെന്നും, 'ഈശോ കർത്താവാണ്' എന്നു പറയാൻ പരിശുദ്ധാത്മാവുമുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ലെന്നും നിങ്ങൾ ഗ്രഹിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു'' (1 കൊറി. 12:2-3). വചനം സ്വീകരിച്ചു ജീവിക്കുന്ന സമൂഹമെന്ന നിലയിൽ സഭ വിശ്വാസികളുടെ സമൂഹമായതിനാൽ, സഭയുടെ വിശ്വാസപ്രഘോഷണത്തിലൂടെയാണ് സഭയിൽ വചനപ്രഘോഷണം നടത്തേണ്ടതെന്ന് ഇതു വ്യക്തമാക്കുന്നു. ഇന്നും വചനപ്രഘോഷണം അഥവാ സുവിശേഷപ്രഘോഷണം നടത്തേണ്ടത് സഭയുടെ വിശ്വാസപ്രഘോഷണത്തിലൂടെയാണ്. അതുകൊണ്ട് സഭയുടെ വിശ്വാസം അതിന്റെ തനിമയിൽ മനസ്സിലാക്കി, ജീവിച്ച്, വചനപ്രഘോഷകരായിത്തീരുവാൻ പുരോഹിതൻ സഭാംഗങ്ങളെ പരിശീലിപ്പിക്കണം.

## 4. പൗരോഹിത്യസാഹോദര്യവും സഭാകൂട്ടായ്മയും

*''സാവൂളിനെ അന്വേഷിച്ച് ബാർണ്ണബാസ് താർസൂസിലേക്കു പോയി. അവനെ കണ്ടുമുട്ടിയപ്പോൾ അന്ത്യോക്യായിലേക്കു കൂട്ടിക്കൊണ്ടു പോന്നു. ഒരു വർഷം മുഴുവൻ അവിടുത്തെ സഭാസമ്മേളനങ്ങളിൽ പങ്കെടുക്കുകയും വളരെപ്പേരെ*

*പഠിപ്പിക്കുകയും ചെയ്തു. അന്ത്യോക്യായിൽ വച്ചാണ് ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത്'' (11:25-26).*

സുവിശേഷപ്രഘോഷണത്തിനും സഭാരൂപീകരണത്തിനും ഒരു പുതിയ കാൽവയ്പായിരുന്നു അന്ത്യോക്യായിൽ നടന്നത്. ജറുസലേമിലെ മാതൃസഭ അതു മനസ്സിലാക്കി. പത്രോസിനെയും യോഹന്നാനെയും മുമ്പ് സമറിയായി ലേക്ക് അയച്ചതുപോലെ ഇപ്പോൾ ബാർണബാസിനെ അന്ത്യോക്യായിലേക്കു നിയോഗിച്ചു. 'പ്രബോധനപുത്രൻ' ആയ ബാർണബാസിനെക്കാൾ യോഗ്യ നായി ആ സേവനത്തിന് അന്നു മറ്റാരുമുണ്ടായിരുന്നില്ല. അയാൾ ''പരിശുദ്ധാ ത്മാവിനാലും വിശ്വാസത്താലും നിറഞ്ഞ ഒരു നല്ല മനുഷ്യനായിരുന്നു'' (11:24). ബാർണബാസ് പന്ത്രണ്ടു ശ്ലീഹന്മാരിലൊരാൾ ആയിരുന്നില്ല. അതേസമയം, പൗലോസിനോടൊപ്പം 'ശ്ലീഹാ' എന്ന പദവിയുണ്ടായിരുന്നയാളായിരുന്നു (14:14). അതുകൊണ്ട് അദ്ദേഹം സഭാനേതൃത്വത്തിലുള്ള, പുരോഹിതശുശ്രൂഷ നിർവ ഹിച്ചിരുന്ന, ആളായിരുന്നിരിക്കണം. ബാർണബാസ് അന്ത്യോക്യായിൽ ചെന്ന് ദൈവത്തിന്റെ കൃപാവരം ദർശിച്ചു സന്തോഷവാനായി. അവർക്കു ലഭിച്ച വിശ്വാ സത്തിൽ വിശ്വസ്തതയോടെ നിലനില്ക്കുവാൻ അവരെ ഉപദേശിക്കുകയും ചെയ്തു (11:23).

ഈ സാഹചര്യത്തിൽ അന്ത്യോക്യൻസഭയിൽ തന്നോടൊപ്പം പുരോഹിത ശുശ്രൂഷ ചെയ്യുവാൻ കൊള്ളാവുന്ന ഒരാളെക്കൂടി വേണമെന്ന് ബാർണബാ സിനു ബോദ്ധ്യമായി. അതിനായി അദ്ദേഹം കണ്ടുപിടിച്ചത് താർസോസുകാരൻ സാവൂളിനെത്തന്നെയാണ്. സാവൂൾ താർസോസിലേക്കു പോയതിനുശേഷമുള്ള വിവരങ്ങളൊന്നും ബാർണബാസിന് അറിഞ്ഞുകൂടായിരുന്നു. അതുകൊണ്ട് സാവൂളിനെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ടി വന്നു. സാവൂൾ ഈശോയെ സ്വീക രിച്ചതുമൂലം സ്വന്തം കുടുംബവും അവകാശങ്ങളും നഷ്ടപ്പെട്ട് പുറത്തുജീവി ക്കുകയായിരുന്നു എന്ന് പണ്ഡിതാഭിപ്രായമുണ്ട് (ഫിലി. 3:7-8). ബാർണബാസ് സാവൂളിനെ തേടിപ്പിടിച്ച്, കൂടെ കൊണ്ടുവന്ന്, സഭാശുശ്രൂഷയിൽ തന്റെ പങ്കാ ളിയാക്കി. ഇതിനുമുമ്പ് സാവൂളിനെ ഭയപ്പെട്ട ജറുസലേം സഭാനേതൃത്വത്തിന് സാവൂളിനെ പരിചയപ്പെടുത്തി ശുശ്രൂഷാകൂട്ടായ്മയിൽ ഉൾപ്പെടുത്തിയത് ബാർണബാസായിരുന്നു (9:26-28). ഫലപ്രദമായ പുരോഹിതശുശ്രൂഷയ്ക്ക് പൗരോഹിത്യസാഹോദര്യം എത്രമാത്രം ആവശ്യമാണെന്ന് ഇതു വ്യക്ത മാക്കുന്നുണ്ട്. പൗരോഹിത്യം ഒന്നേയുള്ളൂ. പുരോഹിതനും ഒന്നേയുള്ളൂ. അത് ഈശോമിശിഹാതന്നെയാണ്. അതുകൊണ്ട് സഭയിൽ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നവർ എല്ലാവരും പൗരോഹിത്യസഹോദര്യം ജീവിക്കുന്നവരായിരി ക്കണം. സഹോദരവൈദികരെക്കുറിച്ച് കരുതലും ശ്രദ്ധയുമുള്ളവരായിരിക്കണം. അവരുമായി സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷ ചെയ്യുവാൻ ശ്രദ്ധിക്കു കയും വേണം.

## 5. പുരോഹിതൻ സഭാകൂട്ടായ്മയെ ഊട്ടിയുറപ്പിക്കുന്നവൻ

*''ശിഷ്യരെല്ലാവരും തങ്ങളുടെ കഴിവനുസരിച്ച് യൂദയായിൽ താമസിച്ചി രുന്ന സഹോദരന്മാർക്ക് ദുരിതാശ്വാസം എത്തിച്ചുകൊടുക്കാൻ തീരുമാനിച്ചു. ബാർണ്ണബാസും സാവൂളുംവഴി സഹായം ശ്രേഷ്ഠന്മാർക്ക് എത്തിച്ചുകൊടുത്തു കൊണ്ട് അവർ അതു നിർവഹിക്കുകയും ചെയ്തു '' (11:29-30).*

അക്കാലത്തു ജറുസലേമിൽനിന്നുവന്ന പ്രവാചകരിലൊരുവനായ ഹാഗാബോസ് ലോകവ്യാപകമായ ഒരു വലിയ ക്ഷാമം പ്രവചിക്കുകയും, അത് ക്ലാവുദിയൂസിന്റെ ഭരണകാലത്ത് യൂദയായിൽ ഉണ്ടാവുകയും ചെയ്തു. അപ്പോൾ അന്ത്യോക്യായിലെ സഭാംഗങ്ങളെല്ലാവരും തങ്ങളുടെ കഴിവനുസരിച്ച് യൂദയാ യിൽ താമസിച്ചിരുന്ന സഹോദരർക്ക് ദുരിതാശ്വാസം എത്തിച്ചുകൊടുക്കാൻ

തീരുമാനിച്ചു (11:29). ഇതിനു നേതൃത്വം കൊടുത്തത് ബാർണബാസും സാവൂളുമാണ്. അവർ വിശ്വാസികളുടെ സംഭാവന യൂദയായിലെ സഭാശ്രേഷ്ഠന്മാർക്ക് എത്തിച്ചുകൊടുത്തു (11:30). ഇവിടെ സഭാശ്രേഷ്ഠന്മാർ എന്നു പറയുന്നത് 'മൂപ്പന്മാർ' അഥവാ ഗ്രീക്കിൽ 'പ്രസ്ബിത്തെരോയി' എന്നറിയപ്പെടുന്നവരാണ്. പന്ത്രണ്ടു ശ്ലീഹന്മാരുടെ പിൻഗാമികളായി സഭയിൽ കൈവയ്പുശുശ്രൂഷയിലൂടെ നിയമിതരായ 'മൂപ്പന്മാർ' ഇന്നത്തെ പുരോഹിതരുടെ മുൻഗാമികളാണ്. അവരാണ് ശ്ലീഹന്മാരോടൊപ്പവും അവരുടെ കാലശേഷവും സഭാശുശ്രൂഷകൾക്ക് നേതൃത്വം നല്കിയവർ.

ഇന്നും സഭയെ ഒരു കൂട്ടായ്മയായി കെട്ടിപ്പടുക്കുക എന്നതാണ് പുരോഹിതന്റെ അജപാലനധർമ്മം: ''വൈദികർക്ക്, ശിരസ്സും ഇടയനുമായ മിശിഹായുടെ ജോലി സ്വന്തം അധികാരത്തിൽപ്പെട്ടിടത്തോളം നിറവേറ്റിക്കൊണ്ട്, മെത്രാന്മാരുടെ പേരിൽ ദൈവത്തിന്റെ കുടുംബത്തെ ഒരേ ചൈതന്യമുള്ള കൂട്ടായ്മയായി ഒന്നിച്ചുകൂട്ടി ഈ ശുശ്രൂഷ നിർവഹിക്കുന്നതിനായി, മറ്റുള്ള വൈദികജോലികൾക്കെന്നതുപോലെ, പടുത്തുയർത്തുന്നതിനുവേണ്ടിയുള്ള ആത്മീയാധികാരം നല്കപ്പെടുന്നു'' (PO 6). 'കൂട്ടായ്മ' എന്നുവച്ചാൽ, സമൂഹത്തിലുള്ളവരെല്ലാവരും എല്ലാ അനുഭവങ്ങളും പരസ്പരം പങ്കിട്ടനുഭവിക്കുക എന്നതാണ്. അതുകൊണ്ട് വിശ്വാസത്തിലും കൂദാശകളിലും മാത്രമല്ല, എല്ലാ ജീവിതാനുഭവങ്ങളിലും പരസ്പരം പങ്കിട്ടനുഭവിക്കുന്ന ഒരു കൂട്ടായ്മയായി വർത്തിക്കുവാൻ പുരോഹിതർ സഭാസമൂഹങ്ങളെ പരിശീലിപ്പിക്കേണ്ടതുണ്ട്.

## ജീവിതസൂചിക

1. സഭയുടെ ഐക്യവും വ്യതിരിക്തതകളും അംഗീകരിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. പ്രാർത്ഥനാനുഭവത്തിലൂടെയും സ്നേഹസംഭാഷണത്തിലൂടെയും സഭാപ്രശ്നങ്ങൾ പരിഹരിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. സഭയുടെ വിശ്വാസം എന്റെ സുവിശേഷപ്രഘോഷണവിഷയമാകുന്നുണ്ടോ?
4. പൗരോഹിത്യസാഹോദര്യവും കൂട്ടായ്മയും പരിരക്ഷിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. സഭാസമൂഹത്തിൽ പങ്കുവയ്ക്കൽ മനോഭാവം വളർത്തുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

**BIBLE STUDY FORUM FOR PRIESTS**

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at **the Spirituality Centre, Manganam, on 18th December 2018**. The course will begin **at 9:30 a.m. and come to a close at 4:00 p.m.**

*Fr Mathew Vellanickal*

# 20 -ാം അഖില കേരള ബൈബിൾ സഭാചരിത്ര ക്വിസ് മത്സരം

**റവ. ഫാ. ജോൺ പൊറ്റേടം മെമ്മോറിയൽ**



**2019 ജനുവരി 20 ഞായറാഴ്ച രാവിലെ 11 –ന്**

**സ്ഥലം : സെന്റ് തോമസ് ചർച്ച് വെള്ളാപ്പള്ളി, പുന്നത്തുറ**

ബഹുമാന്യരേ,

പുന്നത്തുറ സെന്റ് തോമസ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ പുന്നത്തുറ വെള്ളാപ്പള്ളി പള്ളിയുടെ സ്ഥാപകനായ, പുണ്യചരിതനായ **റവ. ഫാ. ജോൺ പൊറ്റേടം മെമ്മോറിയിൽ അഖില കേരള ബൈബിൾ– സഭാചരിത്ര ക്വിസ്സ് മത്സരം 2019 ജനുവരി 20 ഞായറാഴ്ച രാവിലെ 11–ന് പുന്നത്തുറ വെള്ളാപ്പള്ളി പള്ളിയുടെ പാരീഷ് ഹാളിൽ** വച്ച് നടത്തപ്പെടുന്നു.

എന്ന്,

**റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ**

*(വികാരി)*

## മത്സര വിഷയങ്ങൾ

1. **വി. മത്തായിശ്ലീഹായുടെ സുവിശേഷം** (10 മുതൽ 18 വരെ അദ്ധ്യായങ്ങൾ)
2. **പ്രഭാഷകൻ** (1 മുതൽ 10 വരെ അദ്ധ്യായങ്ങൾ)
3. **നിയമാവർത്തനം** (1 മുതൽ 11 വരെ അദ്ധ്യായങ്ങൾ) (പി. ഒ.സി. ബൈബിൾ) } **35%**
4. **ഉദയംപേരൂർ സൂനഹദോസ് അദ്ധ്യായം 9** (വിപുലീകരിച്ച 5-ാം പതിപ്പ്) (പേജ് 426-489) (പ്രൊഫ. റവ. ഫാ. ഡോ. സേവ്യർ കൂടപ്പുഴ) **35%**
5. **ഫാ. ജോൺ പൊറ്റേടം ജീവചരിത്രം** (പ്രൊഫ. റ്റി. വി. തോമസ് തോപ്പിൽ) (പൊറ്റേടത്തിലച്ചന്റെ ജീവചരിത്രം ആവശ്യപ്പെട്ടാൽ എത്തിച്ചു തരുന്നതാണ്.) (പേജ് 22-142) **30%**

**ഒരു സൺഡേ സ്കൂളിൽ നിന്ന് ഒന്നിൽ കൂടുതൽ ടീമുകൾക്ക് പങ്കെടുക്കാം. 1 ടീമിൽ 2 അംഗങ്ങൾ**

*(ഹയർ കോഴ്സ് ഉൾപ്പെടെ രജി. ഫീസ് 100 രൂപ. 2018 ഡിസംബർ 31 -ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്)*

### രജിസ്ട്രേഷൻ

1. **ബിബിൻസ് ബേബി എട്ടുപറയിൽ**
   ഫോൺ: 9846479172
2. **ശ്രീ. റോബി വർഗീസ് മുളമറ്റത്തിൽ**
   ഫോൺ : 9446120842
3. **റവ. സി. ലിസ് എസ്. എച്ച്**
   ഫോൺ : 8281687854

### സമ്മാനങ്ങൾ

**7000** രൂപയും എവർറോളിംഗ് ട്രോഫിയും ഒന്നാം സമ്മാനം

**5000** രൂപയും എവർറോളിംഗ് ട്രോഫിയും രണ്ടാം സമ്മാനം

**3500** രൂപയും എവർറോളിംഗ് ട്രോഫിയും മൂന്നാം സമ്മാനം

**2500** രൂപ നാലാം സമ്മാനം

**1500** രൂപ അഞ്ചാം സമ്മാനം

**6 മുതൽ 10 വരെ സ്ഥാനക്കാർക്ക് ക്യാഷ് അവാർഡുകൾ**

*(മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്)*

സൺഡേസ്കൂൾ ഡയറക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

**രാവിലെ 9.30–ന് വിശുദ്ധ കുർബാന ഉണ്ടായിരിക്കും.**

**റൂട്ട്:** കോട്ടയം ➔ മണർകാട് പള്ളി ➔ അയർക്കുന്നം ➔ കിടങ്ങൂർ പാലാ റൂട്ടിൽ ➔ പുന്നത്തുറ കുരിശുപള്ളി ✝ കവലയിൽ ഇറങ്ങുക



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

ഒക്ടോബർ 25

ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചമ്പക്കുളം കൊണ്ടാക്കൽ പള്ളിയിൽ പുതിയതായി നിർമ്മിച്ച ഷോപ്പിങ് കോംപ്ലക്സ് വെഞ്ചരിച്ചു. തുടർന്ന് ചമ്പക്കുളം ഫൊറോനയിലെ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. അമേരിക്കയിൽ നിന്നും എത്തിയ വിശ്വാസികളെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

26 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് പാറേൽ തിരുഹൃദയ സന്യാസിനി സമൂഹാംഗമായ സിസ്റ്റർ മേരി ഗ്രേസിന്റെ സംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് കാർമികത്വം വഹിച്ചു. അതിരൂപതാ കേന്ദ്രത്തിലെ വൈദികരുടെ മാസധ്യാനത്തോടനു ബന്ധിച്ച് സന്ദേശം നൽകി.

27 രാവിലെ കത്തീഡ്രലിലെ കബറിടപ്പള്ളിയിൽ അഭിവന്ദ്യ ജയിംസ് കാളാശ്ശേരി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

FCC ദേവമാതാ പ്രോവിൻസിന്റെ നവീകരിച്ച പ്രൊവിൻഷ്യൽ ഹൗസി ന്റെ ചാപ്പലിന്റെയും വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. ഉച്ചയ്ക്ക് ചാസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശാരീരിക ന്യൂനതകൾ ഉള്ളവരുടെ സംഗമത്തിൽ സംസാരിച്ചു. ഉച്ചകഴിഞ്ഞ് മാമ്മൂട് ലൂർദ്ദ് മാതാ ദൈവാലയം കൂദാശ ചെയ്തു സമർപ്പിച്ചു; തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

28 ഇരവുചിറ സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

29 ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ ആശുപത്രിയിൽ Allied Health Science College ന്റെ ബിരുദാനചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

30 ഉച്ചയ്ക്ക് പീരുമേട് നവീകരിച്ച ചാൾസ് വില്ലയുടെ വെഞ്ചരിപ്പ് നിർവഹിച്ചു; ഉച്ചകഴിഞ്ഞ് കൂരിയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

31 റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ച് പീരുമേട് ചാൾസ് വില്ലയിൽ സന്ദേശം നൽകി. തുടർന്ന് വൈകുന്നേരം നല്ലതണ്ണി ആശ്രമം സന്ദർശിച്ചു.

**നവംബർ 2018**

1 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. 'കുട്ടന ാട് പുനർസമർപ്പണം'-അവലോകന യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. അതിരൂപതാ കേന്ദ്രത്തിലെ ബഹു. വൈദികർക്കായുള്ള മാസധ്യാനത്തോട നുബന്ധിച്ച് സന്ദേശം നൽകി.

2 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുട്ടനാടിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മോണിറ്ററിങ് യോഗത്തിൽ സംബന്ധിച്ചു.

3 രാവിലെ കുറച്ചി മൈനർ സെമിനാരിയിലെ വൈദികാർത്ഥികളുടെ മാതാപിതാക്കളുടെ സമ്മേളനത്തിൽ സംസാരിച്ചു. ചെത്തിപ്പുഴ ഇടവകയുടെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് ആലപ്പുഴ തത്തംപള്ളിപള്ളിയിൽ മേപ്രത്ത് ബഹു. മാത്യു അച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് കബറിടത്തിങ്കൽ പ്രാർത്ഥിച്ചു. തത്തംപള്ളി ഇടവകയിലെ മോണ്ടള നിർമ്മാണത്തിനായി ശില ആശീർവദിച്ച് നൽകി. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച എ.കെ.സി.സി. പ്രതിനിധി യോഗം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. വൈകുന്നേരം വാഴപ്പള്ളി എസ്.എ.ബി.എസ്. മഠത്തിന്റെ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് തൃക്കൊടിത്താനം ഫൊറോനപ്പള്ളിയിൽ പള്ളിക്കൂദാശക്കാലം ആരംഭത്തോടനുബന്ധിച്ച് റംശാ പ്രാർത്ഥനയ്ക്ക് കാർമികത്വം വഹിച്ചു. പള്ളിക്കുന്നം ഇടവകയിൽ വൈകുണ്ടത്തിൽ ഓമന തോമസിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

4 നസ്രത്ത് സെന്റ് ജറോം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

5 രാവിലെ എസ്.ബി. ഹൈസ്കൂളിൽ പുതിയതായി നിർമ്മിച്ച ബോർഡിങ് ബ്ലോക്കിന്റെ ആശീർവാദം നിർവഹിച്ചു. എസ്.എച്ച്. സ്കൂളിൽ ഇന്റർ സ്കൂൾ ടൂർണമെന്റ് സമാപനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. വൈകുന്നേരം കുറച്ചി മൈനർ സെമിനാരിയിൽ വൈദികാർത്ഥികൾക്ക് ക്ലാസെടുത്തു.

6 രാവിലെ എസ്.ബി. കോളേജിൽ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു; തുടർന്ന് നെടുങ്കുന്നം മദർ തെരേസ ഹോമിൽ കൂടത്തിൽ ബഹു. ജോസഫ് അച്ചന്റെയും മണ്ണാർകുളം ബഹു. ആൻറണി അച്ചന്റെയും പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

7 രാവിലെ പാറേൽ തിരുഹൃദയ സന്യാസിനി സമൂഹാംഗമായ സി. ലിസാ മരിയ എസ്.എച്ച്. ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പാലാ രൂപതയിൽ കോതനല്ലൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. പാലാ രൂപതയിൽ പ്രവിത്താനം സെന്റ് അഗസ്റ്റിൻ ഇടവകയിൽ കുഴിഞ്ഞാലിൽ മോൺ. ജോസഫ് അച്ചന്റെ പൗരോഹിത്യ സുവർണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം കത്തീഡ്രൽ പള്ളിയിൽ 40 ദിവസത്തെ അഖണ്ഡപ്രാർത്ഥനയിൽ പങ്കെടുക്കുന്നവർക്ക് സന്ദേശം നൽകി.

8 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് വെളിയനാട് കേസറിയ പള്ളിയിൽ നവീകരിച്ച ബേമ്മയുടെയും മോളത്തിന്റെയും വെഞ്ചരിപ്പ് നിർവഹിച്ചു.

9 ഉച്ചകഴിഞ്ഞ് ആലപ്പുഴ കുട്ടനാട് മേഖലയിലെ മാതൃവേദി-പിതൃവേദി സംഘടനകളുടെ ആഭിമുഖ്യത്തിൽ ധാർമ്മിക അപചയത്തിനു കാരണമാകാവുന്ന സമകാലിക കോടതിവിധികൾക്കെതിരെ നടത്തിയ പ്രതിഷേധറാലി ആലപ്പുഴ പഴവങ്ങാടി ഫൊറോന പള്ളിയിൽ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കാക്കനാട് മൗണ്ട് സെൻറ് തോമസിൽ നടന്ന സഭാസിനഡിന്റെ സ്ഥിരംസമിതി അംഗങ്ങളുടെ യോഗത്തിൽ പങ്കെടുത്തു.

10 കോട്ടയം മാങ്ങാനത്തുള്ള ലിറ്റിൽ സിസ്റ്റേഴ്സിന്റെ മഠത്തിൽ രണ്ട് സന്യാസിനികളുടെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. കത്തീഡ്രൽ പള്ളിയുടെ നവമശതാബ്ദിയോടനുബന്ധിച്ച് സംഘടിപ്പിച്ച മതസൗഹാർദ സമ്മേളനത്തിൽ (Interreligious-Eccumenical Meeting) പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പാലാ രൂപതയിൽ ചേർപ്പുങ്കൽ പള്ളിയിൽ മണ്ണുകോട്ടയിൽ ജോണച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

11 ഞായറാഴ്ച രാവിലെ പാസ്റ്ററൽ സെന്ററിലെ സമൂഹത്തിനായി വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. പ്രളയബാധിതരായവരെ സഹായിക്കുന്നതിനായി ശേഖരിച്ച തുക സ്വീകരിച്ചു. തുടർന്ന് തുരുത്തിമർത്ത്മറിയം ഫൊറോനാ ദൈവാലയത്തിൽ നവീകരിച്ച കുരിശടിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.കത്തീഡ്രൽ പള്ളിയുടെ നവമശതാബ്ദി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു.

12 രാവിലെ കോട്ടയം തിരുഹൃദയ സന്ന്യാസിനി സമൂഹത്തിന്റെ ജനറലേറ്റിൽ വിശുദ്ധ കുർബാനയർപ്പിച്ചു, സിനാക്സിസിന്റെ ഭാഗമായി അംഗങ്ങൾക്ക് സന്ദേശം നൽകി. എം.ഒ.സി.യിൽ മുടിയൂർക്കര കരുണാലയത്തിന്റെ ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് ഗുഡ്നെസ് ടിവി ചാനലിനും, മധ്യസ്ഥൻ ടിവിക്കും യഥാക്രമം ക്രിസ്മസ് , ആരാധനക്രമവത്സര സന്ദേശങ്ങൾ നൽകി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു സംസാരിച്ചു.

13 അതിരൂപതാ വിദ്യാഭ്യാസവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നൽകിയ അവാർഡ്ദാന സമ്മേളനത്തിൽ സന്ദേശം നൽകി; അവാർഡ് വിതരണം ചെയ്തു. ഹൃദയാഘാതം മൂലം മരണമടഞ്ഞ അതിരൂപതാ കേന്ദ്രത്തിലെ ജീവനക്കാരൻ ശങ്കറിന്റെ മൃതദേഹത്തിങ്കൽ അന്തിമോപചാരം അർപ്പിച്ചു. അമല തിയളോജിക്കൽ കോളേജിൽ പഠനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു സന്ദേശം നൽകി. തൃക്കൊടിത്താനം ഫൊറോന ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ 'ജാഗ്രതാ സായാഹ്നം' പരിപാടിയിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ കൂടിയ കൂരിയ സമ്മേളനത്തിന് ശേഷം ലോക പ്രമേഹദിനത്തോടനുബന്ധിച്ച് ചെത്തിപ്പുഴ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. അതിരൂപതാ കേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് കൊടിനാട്ടുംകുന്ന് ഇടവകയിൽ പുതുപ്പറമ്പിൽ ഗ്രേയ്സമ്മ ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. വൈകുന്നേരം കുറച്ചി മൈനർ സെമിനാരിയിൽ ബ്രദേഴ്സിന് ക്ലാസെടുത്തു.

15 രാവിലെ എടത്വ ഇടവകയിൽ പരുമൂട്ടിൽ ആന്റണി-ലീന; കടവിൽ റോയിമോൻ-മരിയ ദമ്പതികളുടെ ആറാമത്തെയും ഐസക്-റീത്ത ദമ്പതികളുടെ നാലാമത്തെയും കുഞ്ഞുങ്ങൾക്ക് പ്രാരംഭ കൂദാശകൾ നൽകി. തകഴി ഇടവകയിൽ വെട്ടത്തുശ്ശേരി ത്രേസ്യാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കോട്ടയം, കുടമാളൂർ അതിരമ്പുഴ ഫൊറോനകളിലെ പിതൃവേദി-മാതൃവേദി സംഘടനകളുടെ ആഭിമുഖ്യത്തിൽ ധാർമ്മിക

അപചയത്തിനു കാരണമാകാവുന്ന സമകാ ലിക കോടതിവിധികൾക്കെതിരെ ഏറ്റുമാനൂർ പോസ്റ്റോഫീസിനു മുമ്പിൽ നടത്തിയ പ്രതിഷേധ ധർണയ്ക്ക് ആമുഖ സന്ദേശം നൽകി.

16 വൈകുന്നേരം കൊല്ലം-ആയൂർ ഫൊറോനയിലെ ചെങ്കുളം ഇടവക സന്ദർശിച്ച് ഇടവകാംഗങ്ങളുമായി സംസാരിച്ചു. തുടർന്ന് കുറ്റിക്കോണം ഇടവകയിൽ തിരുനാൾ കൊടിയേറ്റി; വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഇടവകജനങ്ങളുമായി സംസാരിച്ചു. വെഞ്ചെമ്പ് ഇടവകാതിർത്തിയിലുള്ള ദൈവപരിപാലനഭവൻ സന്ദർശിച്ച് അന്തേവാസികളുമായി സംസാരിച്ചു.

17 രാവിലെ എസ്.എം.സി.സി. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി പാസ്റ്ററൽ സെന്ററിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മാടപ്പള്ളി ചെറുപുഷ്പ ദൈവാലയത്തിൽ പാറത്താനം ബ. ജോസഫച്ചന് തിരുപ്പട്ടം നൽകി. വൈകുന്നേരം പാറേൽ ഇടവക ദിനത്തോടനുബന്ധിച്ച് ആഘോഷമായ റംശാ പ്രാർത്ഥനയ്ക്ക് കാർമികത്വം വഹിച്ചു.

18 കുമാരനല്ലൂർ സെന്റ് തോമസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

19 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം, നെടുങ്കുന്നം, മണിമല ഫൊറോനകളിലെ പിതൃവേദി-മാതൃവേദി സംഘടനകളുടെ ആഭിമുഖ്യത്തിൽ ധാർമികത അപചയത്തിന് കാരണമാകാവുന്ന സമകാലിക കോടതിവിധികൾക്കെതിരെ ചങ്ങനാശേരി പോസ്റ്റ് ഓഫീസ് ജംഗ്ഷനിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം കത്തീഡ്രൽ പള്ളിയിൽ റംശാ പ്രാർത്ഥനയിൽ പങ്കെടുത്തു.

20 അതിരൂപതാ കേന്ദ്രത്തിൽ കൂടിയ വൈദിക സമ്മേളനത്തിൽ ആദ്യന്തം സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് വെരൂർ ഇടവകപ്പള്ളിയിൽ കണ്ണമ്പള്ളി ബഹു. തോമസച്ചന്റെ ചരമദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം എഫ്.സി.സി. ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിന്റെ ഭാഗമായി ആഘോഷമായി റംശാ പ്രാർത്ഥന നടത്തി സന്ദേശം നൽകി.

21 രാവിലെ കൂരിയ സമ്മേളനത്തിനുശേഷം കറുകച്ചാൽ മലങ്കര പള്ളിയിൽ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച തിരുവല്ല അതിരൂപതാംഗമായ പനക്കേഴം ബ. ജോർജ്ജച്ചന് ആശംസകൾ നേർന്നു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

21. വൈകുന്നേരം ചെത്തിപ്പുഴ ആശുപത്രി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു

22 രാവിലെ കായൽപുറം സെന്റ് ജോസഫ് ഇടവകയിൽ നാലുചിറ ബ.പീറ്റർ അച്ചന് പൗരോഹിത്യ പട്ടം നൽകി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ സഞ്ജീവനി ട്രസ്റ്റിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

23 വൈകുന്നേരം തലശ്ശേരി ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിലെത്തി വൈദികരും ചങ്ങനാശേരി അതിരൂപതാംഗങ്ങളായ വൈദികവിദ്യാർഥികളുമായി സംസാരിച്ചു.

24 രാവിലെ കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വിശുദ്ധ കുർബാനയർപ്പിച്ചു. ജോസ് ഗിരി ഇടവകയിൽ വിവാഹം ആശിർവദിച്ചു. തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു.

25 അതിരമ്പുഴ ഫൊറോനയിലെ നാൽപ്പാത്തിമല സെന്റ് തോമസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം കത്തീഡ്രൽ ഇടവകയിൽ 40 ദിവസമായി നടന്നുവന്ന അഖണ്ഡപ്രാർത്ഥനയുടെ സമാപന സന്ദേശം നൽകി

## മാർ തോമസ് തറയിൽ

**2018 ഒക്ടോബർ**

31 വെഞ്ഞാറമ്മൂട് പാസ്റ്ററൽ സെന്ററിൽ സിസ്റ്റേഴ്സിനായി നടത്തിയ ദൈവ കാരുണ്യാനുഭവ ധ്യാനത്തിൽ ധ്യാന ചിന്തകൾ പങ്കുവെച്ചു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ പള്ളിയിൽ തെക്കൻമേഖലയിലെ വൈദികസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**2018 നവംബർ**

1 കിടങ്ങറ സ്നേഹതീരം മാനസികാരോഗ്യകേന്ദ്രത്തിൽ വി. കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ ആലോചനാസമിതി യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദർശകരെ സ്വീകരിച്ചു.

2 രാജമറ്റം പള്ളിയിൽ സി. ലിനറ്റ് DSJ യുടെ ഓർമ്മ കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് S.B.H.S.-ൽ പ്രളയബാധിത സ്കൂളുകൾക്കുള്ള ധനസഹായം വിതരണ ഉദ്ഘാടനം നടത്തി. നെടുംകുന്നം പടിഞ്ഞാറെവീട്ടിൽ ശ്രീ. ജോർജ്ജിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

3 തത്തംപള്ളിയിൽ ബഹു. മാത്യു മേപ്രത്തച്ചന്റെ ഓർമ്മ കുർബാനയർപ്പിച്ചു. ആലപ്പുഴ പഴവങ്ങാടി കലവറ ശ്രീമതി അന്നമ്മ വർഗ്ഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. വാഴപ്പള്ളി സെന്റ് തെരേസാസ് മഠത്തിന്റെ ജൂബിലി ആഘോഷത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പാറേൽ പുളിയ്ക്കൽ ശ്രീമതി കാതറിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു.

4-9 ഗോരക്പൂർ രൂപതയിലെ വൈദികർക്ക് ധ്യാനം നയിച്ചു.

10 മുടിയൂർക്കര S.H. മഠത്തിൽ പരി.കുർബാനയർപ്പിച്ചു. ചങ്ങനാശേരി മെത്രാപ്പോലിത്തൻ പള്ളിയിൽ നവമശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ നേതൃസംഗമത്തിൽ ക്ലാസ്സ് നയിച്ചു. ചമ്പക്കുളം കല്ലൂർക്കാട് ബസിലിക്കയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. വൈകുന്നേരം പാസ്റ്ററൽ സെന്ററിൽ ചങ്ങനാശേരി അതിരൂപത S.M.Y.M. വനിതാ ക്യാമ്പിൽ ക്ലാസ്സെടുത്തു. പുന്നപ്ര സെയിന്റ് മരിയ വിയാനി പള്ളിത്തിരുനാളിൽ ക്രിസ്തുജ്യോതി ദീപം തെളിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു.

11 മാമ്മൂട് ലൂർദ് മാതാ ഇടവകയിൽ കുരിശടി വെഞ്ചരിക്കുകയും പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകുകയും ചെയ്തു. ചങ്ങനാശേരി മെത്രാപ്പോലിത്തൻ പള്ളിയിൽ നവമശതാബ്തി ആഘോഷങ്ങളുടെ സമാപനസമ്മേളനത്തിൽ ആശംസാ പ്രസംഗം നടത്തി.

12 പാലാ ശാന്തിപുരം ഇടവക ഓണംകുളം ശ്രീ. ചെറിയാൻ ഫ്രാൻസിസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. മാന്നാനം അഭിഷേകാഗ്നി കൺവൻഷനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

13 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചങ്ങനാശേരി മെത്രാപ്പോലിത്തൻ ഇടവക മണക്കളം ഏലിക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു.

14 ചങ്ങനാശേരി കൊടിനാട്ടുകുന്ന് ഇടവക പുതുപ്പറമ്പിൽ സി. ലിൻസി റോസ് S.D. യുടെ മാതാവ് ശ്രീമതി. ഗ്രേയ്സമ്മ ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു.

15 രാവിലെ ചെത്തിപ്പുഴ പ്ലാസിഡ് സ്കൂളിലെ Patrons Day യോടനുബന്ധി ച്ചുള്ള പൊതുയോഗം ഉദ്ഘാടനം ചെയ്തു; സന്ദേശം നൽകി. കോട്ടാങ്ങൽ ഇടവക കടപ്രാക്കുന്നേൽ ശ്രീ. K.C സ്കറിയയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. തൃക്കൊടിത്താനം സെയിന്റ് സേവ്യേഴ്സ് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. നിരണം മാർതോമ്മാ ശ്ലീഹാ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

16 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നെടുംകുന്നം മദർതെരേസാ ഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. സന്ദേശനിലയത്തിൽ നടന്ന പ്രതിഭാസംഗമത്തിൽ കുട്ടികൾക്ക് സന്ദേശം നൽകി.

17 ഡീ. ജോസഫ് പാറത്താനത്തിന്റെ പൗരോഹിത്യ ശുശ്രൂഷയിൽ പങ്കെടുത്തു. വെഞ്ഞാറമ്മൂട് പാസ്റ്ററൽ സെന്ററിൽ ചങ്ങനാശേരി അതിരൂപതാ S.M.Y.M. അമ്പൂരി ഫൊറോന ക്യാമ്പിൽ ക്ലാസെടുത്തു

18 പാലോട് സെയിന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം തിരുവനന്തപുരം ലൂർദ് ഇടവകദിനത്തിൽ അദ്ധ്യക്ഷ പ്രസംഗവും സമ്മാനദാനവും നടത്തി.

20 ഇത്തിത്താനം സെയിന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചങ്ങനാശേരി അതിരൂപതാ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം പുളിങ്കുന്ന് സെയിന്റ് ജോസഫ് ബാലികാഭവൻ സന്ദർശിച്ച് വാർഷികസമ്മേളനത്തിൽ പങ്കെടുത്തു.

21 കുടമാളൂർ അഭയഭവനിൽ വി. കുർബാനയർപ്പിച്ചു. അതിരൂപതാ കേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. വൈകുന്നേരം ചെത്തിപ്പുഴ ആശുപത്രി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

22 ചങ്ങനാശേരി പയസ്സ് X ഹോസ്റ്റലിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പുന്നപ്ര ദനഹാലയയിൽ ക്ലാസ്സെടുത്തു.

23 ചങ്ങനാശേരി വിജയ ഹോസ്റ്റലിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പാലാ അരമനയിൽ പൗരോഹിത്യത്തിന്റെ വജ്രജൂബിലി ആഘോഷിക്കുന്ന പള്ളിക്കാപ്പറമ്പിൽ പിതാവിന് ആശംസകൾ നേർന്നു. അമല തിയളോജിക്കൽ കോളേജിൽ ക്ലാസ്സെടുത്തു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. പാറേൽ S.V.D. സെമിനാരിയിൽ ഫാ. ജോസ് പുളിയ്ക്കൽ S.V.D. യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

24 പഴയിടം ദൈവാലയത്തിൽ ബ. ഒ.ജെ. വർഗീസ് ഒണയാത്തുംകുഴിയുടെ ഓർമ്മക്കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി S.D. പ്രോവിൻഷ്യൽ ഹൗസിൽ യുവജന സെമിനാറിൽ പങ്കെടുത്തു. അതിരൂപതാ കേന്ദ്രത്തിൽ കുടുംബക്കൂട്ടായ്മ നേതൃസംഘങ്ങളിൽ സന്ദേശം നല്കി. പുളിങ്കുന്ന് ഫൊറോനാപ്പള്ളിയിൽ ഗായകസംഘാംഗങ്ങളുടെ സമ്മേളനത്തിൽ സന്ദേശം നല്കി. കത്തീഡ്രൽ കബറടക്ക ദൈവാലയത്തിൽ അഖണ്ഡ പ്രാർത്ഥനയിൽ പങ്കെടുത്തു.

25-26 വിതുര ഓൾസെയിന്റ്സ് ഇടവകയിൽ ഇടയനടുത്ത സന്ദർശനവും ഭവന സന്ദർശനവും നടത്തി.

26 തിരുവന്തപുരം ലൂർദ്ദ് ഫൊറോനാപ്പള്ളിയിൽ സന്ദർശകരെ സ്വീകരച്ചു. വൈകുന്നേരം തിരുവന്തപുരം S.H. കോൺവെന്റിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

## മാർ ജോസഫ് പവ്വത്തിൽ

### 2018 ഒക്ടോബർ

28 അതിരൂപതാകേന്ദ്രത്തിൽ നിന്നും പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിലേക്ക് ലീജിയൻ ഓഫ് മേരി ഭക്തസംഘടന നടത്തിയ ജപമാല പ്രദക്ഷിണത്തിൽ സന്ദേശം നല്കി.

### 2018 നവംബർ

04 മാമ്മൂട് ലൂർദ്ദ് മാതാ ദൈവാലയത്തിൽ പുതിയ കൽക്കുരിശിന്റെ ആശീർവാദ കർമ്മം നടത്തി; തുടർന്ന് സന്ദേശം നല്കി.

11 അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപതയിലെ യുവദീപ്തി SMYM -ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച (ദ്യുതി 2018) വനിതാക്യാമ്പിൽ സന്ദേശം നല്കി.

18 പാറേൽ സെയിന്റ് മേരീസ് ദൈവാലയത്തിന്റെ ഇടവകദിനാഘോഷത്തിൽ പങ്കെടുത്തു സന്ദേശം നല്കി തുടർന്ന് ജൂബിലേറിയൻസിനെ സമ്മാനം നല്കി ആദരിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദേശനിലയം സംഘടിപ്പിച്ച പ്രതിഭാ സംഗമത്തിൽ സന്ദേശം നല്കി.

20 അതിരൂപതാകേന്ദ്രത്തിൽനടന്ന വൈദിക സമ്മേളനത്തിൽ സന്ദേശം നല്കി.

23 അതിരൂപതാകേന്ദ്രത്തിൽ അമല തിയളോജിക്കൽ ഇൻസ്റ്റിട്ട്യൂട്ടിലെ പുതിയ ബാച്ചിലെ സന്യാസ്യാർത്ഥിനികൾക്ക് സന്ദേശം നല്കി.



# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2018 DECEMBER

| | | |
|---|---|---|
| 1. | **06:30 a.m.** | Altar Boys Camp; *Qurbana* @ Kunnamthanam |
| | **11:00 a.m.** | Central PTA General Body Meeting @ SBHSS |
| | **03:00 p.m.** | Choir Members' Gathering of Champakulam & Edathua Foranes @ Edathua |
| | **06:00 p.m.** | Class @ Kurichy Minor Seminary |
| 2. | | Pastoral Visit @ Kumarakom St John Nepumseanos |
| 3. | **11:00 a.m.** | DFC Forane Directors meet @ Archbishop's House |
| | **12:00 p.m.** | Care Homes Gathering @ Archbishop's House |
| 4 – 7 | | KCBC @ POC, Ernakulam |
| 7. | **03:00 p.m.** | DCMS State Meet @ Kottayam |
| 8. | **07:30 a.m.** | *Qurbana* @ Parel |
| | **10:00 a.m.** | Blessing MCBS Retreat House @ Mallappally |
| | **11:45 a.m.** | *Jagratha Sayanam* @ Pulincunnoo Forane |
| | **03:30 p.m.** | House Blessing , LSDP @ Kunnamthanam |
| 9. | | Pastoral Visit @ Kainady Our Lady of Dolours |
| 10. | **06:30 a.m.** | *Qurbana* @ CMC Holy Queens Provincial House |
| | **11:00 a.m. – 12.15 p.m.** | Visitors'Time |
| | **06:00 p.m.** | Class @ Kurichy Minor Seminary |
| 11. | **06:30 a.m.** | *Qurbana* @ SABS Provincial House, Koothrappally |
| | **10:00 a.m.** | Finance Council |
| 12. | **06:30 a.m.** | *Qurbana*, Class @ Kunnamthanam, Junior Priests Gathering |
| 13. | **11:00 a.m.** | Monthly Recollection – Regency Brothers |
| | **02:30 p.m. - 04:00 p.m.** | Visitors' Time |
| 14. | **11:00 a.m.** | Mathematics Research Centre Inauguration @ S B College |
| | **06:00 p.m.** | 24 Hours Bible Reading Inauguration @ Cathedral |
| 15. | **06:45 a.m.** | *Qurbana* @ Punnathura |
| | **11:00 a.m.** | *Mathru -Pithru Vedi* Anniversary @ Kavukattu Hall |
| | **01:45 p.m.** | Graduation Ceremony of Nursing Students @ Chethipuzha Hospital |
| | **03:00 p.m.** | Annual General Body , Jeevakarunya Trust @ Archbishop's House |
| 16. | | Pastoral Visit @ Eravinallor |
| 17. | **08:30 a.m.** | Visit @ Chethipuzha Hospital |
| | **06:00 p.m.** | Inter Departmental Meeting @ Archbishops House |
| 18. | **06:30 a.m.** | *Qurbana* @ SH Provincial House, Changanacherry |

| | | |
|---|---|---|
| | **10:00 a.m.** | Conference of Rev. Fr Vicars @ Archbishops House |
| | **02:30 p.m. – 03.45 p.m.** | Visitors'Time |
| | **06.00 p.m.** | *Madbaha* Blessing @ Kodinattukunnu |
| 19. | **03.00 p.m.** | Boys Hostel Blessing @ MG College, Punnapra |
| | 0**6.30 p.m.** | Christmas Gathering @ Kurichy Seminary |
| 20. | **10.30 a.m.** | Greeting Golden Jubiliarians (Marriage) of the Archeparchy @ Cathedral |
| | **02.30 p.m.** | Parents Meeting of Deacons @ Archbishop's House. |
| 20-22 | | Gathering with Deacons @ Charles Villa, Peerumede |
| 22 | **03.00 p.m.** | Christmas Celebration @ Archbishop's House |
| 23 | **06.30 a.m.** | Pastoral Visit @ Karumady St Joseph's |
| | **04.30 p.m.** | *Qurbana* & Hall Blessing @ Yudapuram |
| | **06.30 p.m.** | Major Seminarians' Gathering @ Archbishop's House |
| 24. | **06:30 a.m.** | Diaconate to Rev Brothers of Ujjain and Satna Seminaries @ Kurichy Seminary |
| | **10.00 a.m. - 12.15 p.m.** | Visitors' Time |
| | **02.45 p.m. – 04.00 p.m.** | Visitors' Time |
| 25 | | Christmas Day |
| | **07.00 p.m.** | Christmas Home Gathering @ Archbishops House |
| 26 | **09.30 a.m.** | Ordination Dn Varghese Moonnuparayil & Dn Varghese Vettukuzhiyil @ Edathua |
| | **12.45 p.m.** | Vocation Seminar @ Sandesanilayam |
| | **02.45 p.m.** | Sacraments of Initiation @ Pulincunnoo |
| | **05.30 p.m.** | Sandesanilayam Camp @ SH School |
| | **06.30 p.m.** | Exhibition Inauguration @ Media Village |
| 27 | **09.30 a.m.** | Ordination, DnJoseph Plathanam & Dn Mathew Marattukalam @ Thuruthy |
| | **12.00 p.m.** | Charismatic Convention Inauguration @ S B College |
| | **02.15p.m.** | Ordination, Dn Thomas Moolayail MCBS @ Kainakary |
| | **07.00 p.m.** | Christmas Gathering @ Archbishop's House |
| 28 | **09.30 a.m.** | Ordination, Dn Gregory Meppuram @ Vaisyambhagom |
| | **02.30p.m.** | Ordination, Dn Thomas Thuruthumalil @ Purakkadu |
| 29 | **10.00 a.m.** | Golden Jubilee of Br Leo Cheruvil @ Punnathura |
| | **02.30 p.m.** | Ordination, Dn George Vattitharayil(Ashramam) @ Ayarkunnam |
| 30 | **11.30 a.m.** | Book Releasing @ Yudapuram |
| | **03.30 p.m.** | Lourde Bhavan Anniversary @ Aruvikuzhy |
| | **05.30 p.m.** | Parish Day @ Muttar St. George |
| 31 | **09:15 a.m.** | Ordination, Dn George Thottappallil MST @ Vakakkadu, Pala Eparchy |
| | **03.30 p.m.** | Engaged @ Archbishops' House |



# ENGAGEMENTS

## Mar Thomas Tharayil
Auxiliary Bishop of Changanacherry

## 2018 DECEMBER

| | | |
|---|---|---|
| 01 | **09:00 a.m.** | Altar Boys Camp @ Kunnamthanam |
| | **02:00 p.m.** | Family Meet: Differently-abled Students @ Charity World |
| | **04:00 p.m.** | Kanjirapally Convention *Qurbana* & Message @ Cathedral |
| 02 | **04:00 p.m.** | *Kodimaram* Blessing & *Qurbana* @ Thekkupara |
| 03 | **10:00 a.m.** | DFC Forane Directors Meeting @ Archbishop's House |
| | **11:30 a.m.** | World Autism Day Meeting @ Archbishop's House |
| | **05:00 p.m.** | Presbytery Blessing & *Qurbana* @ Aryankavu |
| 04-06 | | KCBC @ POC, Ernakulam |
| 07 | **10:30 a.m.** | Talk @ Jerusalem Retreat Centre, Thalore |
| 08 | **05:30 a.m.** | *Qurbana* @ Parel |
| | **09:00 a.m.** | *Jagradasadas* Inauguration @ Pulincunnoo |
| | **10:30 a.m.** | Chemistry Department *Alumni* Fest @ S.B. College. |
| | **04:00 p.m.** | SABS Synaxis @ Kanjirapally |
| 09 | **08:30 a.m.** | Jubilee *Qurbana* @ CMI *Ashramam*, Muhamma |
| | **11:00 a.m.** | Youth alive: Youth Convention @ S.B. College |
| | **02:00 p.m.** | Talk @ CMC Provincial Synaxis |
| | **03:00 p.m.** | *Pattini Rahitha Changanacherry Taluk* @ Thuruthy |
| 10 | **06:30 a.m.** | *Qurbana* @ SJSM Parel |
| | | Engaged |
| 11 | **06:15 a.m.** | *Qurbana* @ F.C. Convent, Koonamthanam |
| | | On-Going Formation for Priests @ Kunnamthanam |
| 12 | **06:00 a.m.** | *Qurbana* @ SABS Provincial House Koothrapally |
| | | On-Going Formation for Priests @ Kunnamthanam |
| | **07:00 p.m.** | Class @ Niranam Seminary |
| 13 | **06:30 a.m.** | *Qurbana* & Visit @ Priest Home |
| | **02:30 p.m.** | Visitors' Time |
| | **07:00 p.m.** | Class @ Minor Seminary |
| 14 | **06:30 a.m.** | *Qurbana* @ Niranam Seminary |
| | **08:45 a.m.** | Curia |
| | **04:30 p.m.** | Annual Day @ Meenkulam |
| 15 | **06:00 a.m.** | *Qurbana* @ Minor Seminary |

| | | |
|---|---|---|
| | **11:00 a.m.** | Family Apostolate Annivesary @ Cathedral |
| 16 | **10:00 a.m.** | Grotto Blessing & *Qurbana* @ Rajagiri |
| | **02:30 p.m.** | Visitors' Time @ Amboori |
| 17 | | Engaged |
| 18 | **06:30 a.m.** | *Qurbana* @ Bet-Toma Dayara Palamattom |
| | **10:00 a.m.** | Conference of Rev. Fr Vicars @ Archbishops House |
| | **02:00 p.m.** | Engaged |
| 19 | **08:45 a.m.** | Curia |
| | **04.30 p.m.** | *Qurbana* @ Punnathura |
| 20 | **06:30 a.m.** | *Qurbana* @ Adoration Monastery, Nedumkunnam |
| 20-22 | | Personal Retreat |
| 22 | **06:30 p.m.** | Christmas Celebration @ MCBSS *Sampreethi,* Kudamaloor |
| 23 | **10:00 a.m.** | *Qurbana* @ Puthussery |
| | **06:30 p.m.** | Major Seminarians' Gathering |
| | **07:15 p.m.** | Ecumenical Meeting @ Kurichy |
| 24 | | Visitors' Time @ Lourdes Trivandrum |
| 25 | | Christmas @ Lourdes Trivandrum |
| 26 | **10:00 a.m.** | Vestition SdP Sisiters @ Ernakulam |
| 27 | **09:00 a.m.** | Ordination of Dn Chackochan Vadakkethalackal MCBS @ Kodupunna |
| | **07:00 p.m.** | Christmas Gathering @ Archbishop's House |
| 28 | **11:30 a.m.** | Marriage @ Vadakkekkara |
| | **03:00 p.m.** | *Denara*: Sunday School Camp @ SH Fathimapuram |
| | **04:00 p.m.** | Charismatic Zone Convention @ SB College |
| 29 | **09:00 a.m.** | Ordination of Dn Antony Chooravady @ Pullangady |
| | **02:15 p.m.** | Ordination of Dn John Erupathanchil SVD @ Kavalam |
| | **04:30 p.m.** | Golden Jubilee: Benedictory Message @ Madapally |
| 30 | **09:30 a.m.** | *Qurbana* @ Holy Family, Kariyil |
| 31 | **09:00 a.m.** | Ordination of Dn Joseph Elamthuruthy @ Amboori Forane |
| | **02:00 p.m.** | Ordination of Dn Isaac Kooliparambil @ Mayam |



# E N G A G E M E N T S

**Mar Joseph Powathil**
Archbishop Emeritus

## 2018 DECEMBER

| | | |
|---|---|---|
| **07** | **10:00 p.m.** | Talk @ Carmel Mount |
| **08** | **09:30 a.m.** | Homily @ Parel |
| **15** | **03:00 a.m.** | *Jeevakarunya Nidhi* Trust Meeting |
| **23** | **06:30 p.m.** | Major Seminarians’ Gathering |